Reg. No. 101, M. 2293

ഒറ്റപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 24 | 1126 കന്നി 4 — ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1950 സെപ്റ്റംബർ 20 | ലക്കം 6

## ഇരുപതാം വാർഷികം

(ജെ. കച്ചിറമററം, ബി. എ. എൽ. ടി.)

സമയം അർദ്ധരാത്രികഴിഞ്ഞു. ഒരു കാർ കൊല്ലംപട്ടണത്തെ ലാക്കാക്കി അതിശീഘ്രത്തിൽ ഓടിക്കൊണ്ടിരിക്കയാണ്. വിശ്വസ്തനായ ഡ്രൈവർ ഉൾപ്പെടെ ആറ് ആളുകൾ ആ ചെറിയ വാഹനത്തിലുണ്ട്. അന്ധകാരത്തെ പിന്നിലിട്ടുകൊണ്ട് ആ കാർ കനകതിരകളിൽക്കൂടെ മുന്നോട്ടു കുതിക്കുന്നതുപോലെ അവരുടെ മനസ്സും തേജോമയങ്ങളായ നിശ്ചയങ്ങളാൽ കുതിച്ചുകൊണ്ടിരിക്കുന്നു. ഒരുവൻ ധീമാനും പ്രശാന്തമതിയുമായ ഒരു മെത്രാപ്പോലീത്താ; വേറൊരാൾ ശാന്തനും സ്നേഹസമ്പന്നനുമായ ഒരു മെത്രാൻ; അപരൻ പ്രശസ്തനായ ഒരു വൈദികൻ; നാലാമൻ ഒരു ശെമ്മാശ്ശൻ; ഇതരൻ സേവനതല്പരനായ ഒരു അല്മായക്കാരൻ. ഈ അസമയത്ത് ഇവർ എങ്ങോട്ട്? വളരെനാളത്തെ ചിന്തയുടെയും, പരസ്പരാശയവിനിമയത്തിന്റെയും പരിപാകഫലമായി ഇവർ ഒരു തീരുമാനത്തിൽ എത്തിച്ചേർന്നിരിക്കയാണ്.



മാർ ഇവാനിയോസു തിരുമേനിയും മാർ തിയോഫിലോസു തിരുമേനിയും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടശേഷം എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയെ സന്ദർശിച്ച അവസരത്തിൽ എടുത്ത ഫോട്ടോ. തിരുമേനിമാർ പുനരൈക്യപ്പെട്ടിട്ട് 20 വർഷം തികയുന്നതു് ഇന്നാണ്.

വർഷങ്ങൾ ഇരുപതുകഴിഞ്ഞു. നാടകീയരംഗങ്ങൾ അടിക്കടി മാറിക്കൊണ്ടിരുന്നു. ചരിത്രപ്രസിദ്ധമായ അന്നത്തെ സംഭവത്തിന്റെ ഇരുപതാംവാർഷികദിനം 1950 സെപ്റ്റംബർ ഇരുപതാം തീയതിയാണ്. ഈ ശുഭമുഹൂർത്തത്തിൽ കഴിഞ്ഞകാലത്തേക്കുള്ള ഒരു തിരിഞ്ഞുനോട്ടം സന്ദർഭോചിതമായിരിക്കുമെന്നു കരുതുന്നു. പൂർവ്വകാലസ്മരണകൾ പുതിയ പുതിയ യുഗങ്ങൾക്കു നാന്ദിയായി ഭവിക്കാറുണ്ടല്ലോ. ആ കാർ കൊല്ലം പട്ടണത്തിന്റെ പശ്ചിമഭാഗത്തു സ്ഥിതിചെയ്യുന്ന ഓലിക്കര 'അരമനാങ്കണത്തിൽ പ്രവേശിച്ചു. ആഗതരെ അരമനവാസികൾ സാമോദം സ്വീകരിച്ചു സല്ക്കരിക്കുകയും ചെയ്തു.

1930 സെപ്റ്റംബർ ഇരുപതാം തീയതി സുപ്രഭാതം. അരമനകപ്പേളയിൽ ഒരു മെത്രാൻ ദിവ്യബലി അർപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആ മഹായജ്ഞത്തിനു സാക്ഷികളായി ആഗതർ അഞ്ചുപേരെയും അവിടെ കാണ്മാനുണ്ട്. വി. കുർബാന കഴിഞ്ഞു. ആ മഹാപുരോഹിതൻ ആഗതരെ അഭിമുഖീകരിച്ചുനിന്നു. പ്രകൃതിസമൃദ്ധവും മനോമോഹനവും ശാന്തശീതളവുമായ സ്വിറ്റ്സർലണ്ടു രാജ്യത്തിലുള്ള ബൻസിഗർ പ്രഭുകുടുംബത്തിൽ ജനിച്ച ആ യതിവര്യൻ ആത്മാക്കളെ തേടിവന്നതാണ്. ഈ കേരളത്തിൽ ആയിരമായിരങ്ങളെ ക്രിസ്തുവിനുവേണ്ടി തേടിക്കഴിഞ്ഞു. ഇനിയും വലിയ വാഞ്ഛയോടെ വേലയെടുക്കുകയാണ്. തീർച്ചയായും ഇന്നത്തെ വിളവെടുപ്പ് അദ്ദേഹത്തിന്റെ ഏതടത്തെ ഉല്ലാസപുളകം കൊള്ളിക്കുന്നതായിരിക്കണം.

ആഗതർ വിനയപുരസ്സരം മുട്ടുകുത്തിനില്ക്കുന്നു. അവർ സത്യവിശ്വാസപ്രഖ്യാപനം നടത്തുകയാണ്. 1653-ൽ ആരംഭിച്ച പിളർപ്പിനെ നികത്തുവാൻ പിതാക്കന്മാർ ഇടമുറിയാതെ ചെയ്തുകൊണ്ടിരുന്ന യത്നങ്ങൾ ഇന്നു സഫലീകൃതമായി. ബഥനിമെത്രാപ്പോലീത്താ മാർ ഇവാനിയോസ്, മെത്രാൻ മാർ തിയോഫിലോസ് എന്നീ തിരുമേനിമാരും മററു മൂന്നുപേരും വിശ്വാസപ്രഖ്യാപനം ചെയ്തുകൊണ്ടു ശീശ്മ ഉപേക്ഷിച്ചു. ഈ വീരപ്രവൃത്തി 1926 നവംബർ 17-ാം തീയതി യാക്കോബായസഭയിലെ മെത്രാൻ കക്ഷിയിൽപ്പെട്ട മെത്രാന്മാർ ഐകകണ്ഠ്യേന ചെയ്ത തീരുമാനത്തെ ആസ്പദമാക്കിയാണു ചെയ്തിട്ടുള്ളത്. സഭയിലെ അന്തഛിദ്രങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള ഏകമാർഗ്ഗം മാതൃസഭയോടു പുനരൈക്യപ്പെടുകയാണെന്നു് അന്നത്തെ സുന്നഹദോസിൽ നിശ്ചയിക്കുകയും, തൽസംബന്ധമായ എഴുത്തുകുത്തുകൾ നടത്തുവാൻ മാർ ഇവാനിയോസ് മെത്രാപ്പോലീത്തായെ ഭരമേല്പിക്കുകയും ചെയ്തിരുന്നതാണ്. പുനരൈക്യപ്പെടുന്ന മെത്രാന്മാരുടെ സ്ഥാനത്തെ അംഗീകരിച്ചും, അന്ത്യോക്യൻ സുറിയാനിറീത്തു അനുവദിച്ചും അനുകൂലമായ മറുപടി പരിശുദ്ധ സിംഹാസനത്തിൽനിന്നും 1930 ആഗസ്റ്റുമാസത്തിൽ ലഭിച്ചുവെങ്കിലും, പൂർവ്വനിശ്ചയമനുസരിച്ചു മുമ്പോട്ടു കാലടിവയ്ക്കുവാൻ മാർ ഇവാനിയോസ് തിരുമേനിയും അനുചരന്മാരുമേ ഉണ്ടായിരുന്നുള്ളൂ.

പുനരൈക്യവിജയകാഹളം ക്രൈസ്തവലോകം മുഴുവൻ മുഴങ്ങിത്തുടങ്ങി. അതിന്റെ മാറ്റൊലി ദിഗന്തങ്ങൾവരെ പ്രതിധ്വനിച്ചു. അനേകമഹാത്മാക്കൾ അതിനെ സ്വാഗതംചെയ്യുകയും ബഹുവിധ പ്രോത്സാഹനം നല്കുകയും ചെയ്തു. പുനരൈക്യപ്രസ്ഥാനജനയിതാവായ മാർ ഇവാനിയോസ് തിരുമേനിയെ സംബന്ധിച്ച് ആംഗ്ലേയസാഹിത്യസമ്രാട്ടായ ജി. കെ. ചെസ്റ്റർട്ടൻ നല്കിയിരിക്കുന്ന തൂലികാചിത്രം ഈ വസ്തുതയ്ക്ക് ഒരുദാഹരണമാണ്. "തലപ്പാവും കുരിശുംധരിച്ച ആ മനുഷ്യനെ കണ്ടതിൽ എന്റെ മാംസത്തിൽ ഏതോ നുരയ്ക്കുന്നതുപോലെ എനിക്കു തോന്നി! അദ്ദേഹം ഐന്ദ്രജാലികഭൂമിയായ ഇൻഡ്യയിൽ നിന്നും വന്ന ഒരു ദേഹമായിരുന്നുവെന്നും, ഒരു (ഭാരതീയ) രാജാവിനെപ്പോലെ ഇരുന്നിരുന്നു എന്നും, എങ്കിലും ഒരു ക്രിസ്തീയപുരോഹിതന്റെ അഭിഷേകം അദ്ദേഹത്തിലുണ്ടെന്നും ഉള്ള ഓർമ്മയുണ്ടായതുകൊണ്ട് ഇതിന്റെയെല്ലാം ശേഷം ഇദ്ദേഹം പ്രസ്റ്റർജോൺ അല്ലേ എന്നും ഞാൻ ശങ്കിച്ചു.........അദ്ദേഹം യാക്കോബായക്കാരെ മനസ്സുതിരിച്ചതു് അത്യന്താധിബൗദ്ധികവും എങ്കിലും ആധുനികവുമായ ഒരുമാർഗ്ഗത്തിലൂടെയാണെന്നു ഞാൻ ക്ഷണേന കണ്ടുപിടിച്ചു. അദ്ദേഹം വർത്തമാനപത്രങ്ങളും, എന്നുമാത്രമല്ല, വർത്തമാനപത്രങ്ങളിലുള്ള എന്റെ ലേഖനങ്ങൾപോലും വായിക്കുന്ന ആളായിരുന്നിട്ടും നല്ല പഠനമുള്ളവനായിരുന്നു."

പൗരസ്ത്യദേശങ്ങളിലുള്ള ശീശ്മസഭാശാഖകളുടെ പ്രത്യാഗമനത്തെ ലാക്കാക്കിക്കൊണ്ടു മലങ്കരസുറിയാനിറീത്തു അനുവദിക്കുകയും, പുനരൈക്യപ്രസ്ഥാനത്തിനു വലിയ സ്വാഗതം — Big welcome — പരിശുദ്ധപിതാവു് പതിനൊന്നാം പീയൂസ് തിരുമനസ്സുകൊണ്ടു കല്പിച്ചാശംസിക്കുകയുമുണ്ടായി.

നല്ല വളക്കൂറുള്ള മണ്ണിലാണു പുനരൈക്യതരു വേരൂന്നിയതു്. തോമ്മാസ് അപ്പസ്തോലന്റെ പരിയത്നങ്ങൾമൂലം സ്ഥാപിതമായതും, ഫ്രാൻസിസ് സേവിയറിന്റെ മിഷൻവേലയാൽ പരിപോഷിപ്പിക്കപ്പെട്ടതുമായ കേരളസഭ

[illegible] ഉയർന്നിയ വേലകൾ പടന്നുപിടിക്കുകയും, അഭൂതപൂർവ്വമായ വളർച്ച ചുരുങ്ങിയകാലംകൊണ്ടു് അതിനു സംസിദ്ധമാവുകയും ചെയ്തു.

പുനരൈക്യത്തിനു പ്രാരംഭമായി പെരുനാട്ടിലെ മുണ്ടൻമലയിൽ വിളഞ്ഞ സമൃദ്ധമായ വിഭവങ്ങൾ ഉപേക്ഷിക്കയും പ്രിയപ്പെട്ട മിത്രങ്ങളോടു ഗദ്ഗദസ്വരത്തിൽ യാത്രപറയുകയും ചെയ്യേണ്ടതായി വന്നു. ശുഷ്കമായി ലഭിച്ചുകൊണ്ടിരുന്ന പിടിയരിവരവും നിന്നുപോയി. പട്ടിണിയുടെ വക്കുവരെ എത്തി. എങ്കിലും ഔദാര്യശീലരായ സജ്ജനസത്തമന്മാരെ ജനമദ്ധ്യത്തിൽനിന്നും നല്ലവനായ ദൈവം ഉയർത്തി. സാധനങ്ങൾ പാകംചെയ്തും ചെയ്യാതെയും വെണ്ണിക്കുളത്തും, തിരുമൂലപുരത്തും ഉണ്ടായിരുന്ന താമസസങ്കേതങ്ങളിൽ എത്തിക്കൊണ്ടിരുന്നു. "പുറത്തുപോയി വേല ചെയ്യേണ്ടവരായ ആശ്രമാംഗങ്ങളെ പട്ടിണിയിടുവാൻ പാടില്ല; ഞങ്ങൾ പട്ടിണികിടന്നാലും അവർക്കു മുട്ടുവരരുതെ"ന്നു കന്യകാമഠത്തിലെ അംഗങ്ങൾ; "അല്ല, ഞങ്ങൾക്കു പുറത്തുപോയി വല്ലതും അന്വേഷിക്കാം, നിങ്ങൾക്കു സ്വൈരമായി പുറത്തിറങ്ങുവാൻ പാടില്ലല്ലോ; നിങ്ങളുടെ ആവശ്യമാണു് പ്രഥമമായുള്ളതു്" എന്നു് ആശ്രമാംഗങ്ങളും പരസ്പരം ധൈര്യപ്പെടുത്തിയിരുന്നു. ഈശ്വരചൈതന്യവും ദൈവാനുഗ്രഹവും കർത്താവിന്റെ മഹത്വത്തിനായുള്ള ക്ലേശങ്ങളിൽ നാം എക്കാലത്തും ദർശിക്കാവുന്നതാണല്ലോ.

മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമൂലപുരത്തു് ഒരു ഓലമേഞ്ഞ, ചെറിയ ഭവനം തന്റെ അരമനയാക്കിയും, തിരുവല്ലാ ടൗണിന്റെ മദ്ധ്യത്തിൽ ഒരു വാടകക്കെട്ടിടത്തിൽ മാർ തിയോഫിലോസ് തിരുമേനിയും താമസമാക്കി... അഞ്ചു്, അഞ്ഞൂറ്, ആയിരം, അമ്പതിനായിരം ഇങ്ങനെ പുനരൈക്യപ്പെട്ടവരുടെ സംഖ്യ ക്രമേണ പെരുകി വർദ്ധിച്ചുകൊണ്ടിരുന്നു. വെണ്ണിക്കുളത്തു വസിച്ചുകൊണ്ടിരുന്ന ആശ്രമവാസികളും, തിരുമൂലപുരം കന്യകാലയവാസികളും വിശ്വാസപ്രഖ്യാപനം ചെയ്തുകൊണ്ടു മഠത്തിന്നകത്തു പുണ്യവിരാമമിട്ടു. ഇവരോരോരുത്തരും ഓരോ പ്രേഷിതരായി രൂപാന്തരപ്പെടുകയും, അവരുടെ സ്വാധീനംകൊണ്ടു പലരേയും സത്യത്തിന്റെ ഛായയിലേക്കാനയിക്കുകയും ചെയ്തു. ഒളിച്ചു വസിച്ചിരുന്ന സഭ വെളിപ്പെട്ടതായി. ശത്രുക്കൾ രംഗത്തുനിന്നു് ഓരോരുത്തരായി പിന്മാറി. "റീത്തുകാർ" പരിഹസിച്ചുകൊണ്ടിരുന്നു. ബഥനിപ്രസ്ഥാനംമൂലം മിഷൻവേല നടന്നിരുന്ന കേന്ദ്രങ്ങളിൽ നവീനപ്രസ്ഥാനത്തിനു കൂടുതൽ വിജയം എളുപ്പത്തിൽ ലഭിച്ചുവെന്നതു പ്രത്യേകം പ്രസ്താവാർഹമായ കാര്യമാണു്. തിരുവല്ലാ, കവിയൂർ, വെണ്ണിക്കുളം മുതലായ സ്ഥലങ്ങളിൽ വി. കുർബാന ചൊല്ലിത്തുടങ്ങി, വൈദികരും, അവൈദികരുമായി പലരും ചേർന്നുകൊണ്ടിരുന്നു. ചെറിയ അജക്കൂട്ടമേ! ആഹ്ലാദിക്കുക. സത്യത്തിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവർ വിജയം കൈവരിക്കാതിരിക്കുകയില്ല. യഥാർത്ഥസത്യമാകുന്ന ക്രിസ്തുവിനെ ക്രൂശിച്ചിട്ടും സത്യം ഉത്തരോത്തരം വികസിച്ചു പുഷ്പിക്കുകയാണല്ലോ ഉണ്ടായതു്. ക്രിസ്തുവിന്റെ സഭാഗാത്രത്തിനും ഇതേ അനുഭവമാണു് കാലമാററങ്ങളിൽ സംഭവിച്ചുകൊണ്ടിരുന്നിട്ടുള്ളതു്.

1932 ജൂൺ 11-ാം തീയതി പരിശുദ്ധ പിതാവു് പതിനൊന്നാംപീയൂസ് പാപ്പാ പ്രത്യേക ബുള്ളാമൂലം മലങ്കരഹൈരാർക്കി സ്ഥാപിക്കുകയും, തിരുവനന്തപുരം അതിരൂപതയേയും, തിരുവല്ലാരൂപതയേയും സൃഷ്ടിക്കുകയും ചെയ്തു. ചുരുങ്ങിയ കാലയളവായ ഇരുപതു കൊല്ലംകൊണ്ടു പുനരൈക്യപ്രസ്ഥാനം കൈവരിച്ചിരിക്കുന്ന അഭൂതപൂർവ്വമായ നേട്ടം അകൃത്രിമമായ ദൈവികശക്തികൊണ്ടല്ലാതെ, കൃത്രിമവും, ശക്തിഹീനവുമായ മാനുഷികബലംകൊണ്ടു സാധ്യമല്ലെന്നു സാമാന്യബുദ്ധിക്കു ഗ്രഹിക്കുവാൻ സാധിച്ചിട്ടുണ്ടു്. ലോകമെങ്ങുമുള്ള ദൈവചൈതന്യനിർഭരരായ മഹാത്മാക്കൾവഴി ഈ പ്രസ്ഥാനത്തിനു ദൈവം അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പുനരൈക്യപ്രസ്ഥാനം ബീജാവാപം ചെയ്തുള്ള യാക്കോബായ സഭയിൽ മുളച്ചു വികസിച്ച ബഥനി പ്രസ്ഥാനത്തിലാണല്ലോ. അവർ അതിനെ വാത്സല്യിച്ചു പരിപോഷിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ ബഥനിപ്രസ്ഥാനം പുനരൈക്യപ്രസ്ഥാനമായി രൂപാന്തരപ്പെട്ടപ്പോൾ, മിത്രങ്ങൾ ശത്രുക്കളായി ഭവിച്ചു. സംഘടിതമായ പ്രത്യാക്രമണം നടന്നുവെങ്കിലും, ദൈവകരത്താൽ മെനഞ്ഞുണ്ടാക്കിയ നവീന സെഫിദയാൻ വിജയം നേടുകയും, ബഥനിപ്രസ്ഥാനശാഖ, കത്തോലിക്കാസഭാതായ്ത്തണ്ടിൽ ഒട്ടിച്ചുചേർക്കുകയും ചെയ്തു. ക്രിസ്തുവിന്റെ നിഗൂഢശരീരത്തിൽനിന്നു് അതിനു ലഭിച്ച പോഷകാംശംമൂലം അതിശയകരമായ വളർച്ച സംസിദ്ധമായി. നാലാം വാർഷികം ചെറുപുഷ്പഗിരി അങ്കണത്തിൽവച്ചു് ആഘോഷിച്ചവേളയിൽ ദിവ്യശ്രീ പുലിക്കോട്ടു യൗസേപ്പു് റമ്പാൻ അവർകൾ ഉദ്ധരിച്ച കണക്കു് നവീനപ്രസ്ഥാനത്തിന്റെ അത്ഭുതകരമായ വളർച്ചയ്ക്കു സാക്ഷ്യം വഹിക്കുന്നതാണു്.

വിവിധഘട്ടങ്ങളിൽ പുനരൈക്യപ്രസ്ഥാനത്തിനുണ്ടായിട്ടുള്ള വളർച്ചയെ കാണിക്കുന്ന കണക്കു് താഴെ ചേർക്കുന്നു: തിരുവനന്തപുരം അതിരൂപതയിൽ 1934-ൽ 92 മിഷൻ കേന്ദ്രങ്ങളും 30 പള്ളികളും കപ്പേളകളും 33 വൈദികരും 6 കന്യാസ്ത്രീകളും 22 സ്കൂളുകളും 14376 വിശ്വാസികളുമാണുണ്ടായിരുന്നതു്. 1940 ൽ ഇവയുടെ എണ്ണം യഥാക്രമം 125, 50, 60, 14, 34, 35000 ആയി വർദ്ധിച്ചു. തിരുവല്ലാരൂപതയിലാകട്ടെ 1934-ൽ 30 മിഷൻ കേന്ദ്രങ്ങളും 12 പള്ളികളും കപ്പേളകളും 22 വൈദികരും 3 കന്യാസ്ത്രീകളും 2 സ്കൂളുകളും 4000 ജനങ്ങളും ഉണ്ടായിരുന്നതു് 1940-ൽ യഥാക്രമം 47, 27, 47. 9, .12, 9411 ആയും 1947-ൽ 87, 54, 65, 24, 35, 13370 ആയും വർദ്ധിച്ചു.

ഇതിനകം അത്ഭുതകരമായ മനസാന്തരങ്ങൾ നടന്നുകൊണ്ടിരുന്നു. വിദേശങ്ങളിലും സ്വദേശത്തും നടന്നുകൊണ്ടിരുന്ന പ്രാർത്ഥനയുടെയും ത്യാഗത്തിന്റെയും ഫലമായി നിരണം ഇടവകയുടെ മെത്രാപ്പോലീത്താ 1937 നവംബർ മാസം 28-ാം തീയതി രാത്രിയിൽ തന്റെ ആസ്ഥാനമായ പരുമല സെമിനാരിയോടു യാത്രപറയുവാൻ തിടുക്കംകൂട്ടുകയായിരുന്നു. പിറേറന്നു പ്രഭാതത്തിൽ കാർത്തികപ്പള്ളിക്കു പുറപ്പെട്ടു. എങ്കിലും കാർ തിരുവനന്തപുരത്തുള്ള പട്ടം അരമനയിൽ എത്തിച്ചേരുകയാണുണ്ടായതു്. ശാവുളിന്റെ അരൂപിയോടെ യാക്കോബായ സഭയുടെ ഉദ്ധാരണത്തിനായി അത്യദ്ധ്വാനം ചെയ്തുകൊണ്ടിരുന്ന ആ തിരുമേനി ദൈവാനുഗ്രഹക്കതിരാൽ മാർഗ്ഗമദ്ധ്യേ വീഴ്ത്തപ്പെടുകയും, പൗലോസിന്റെ ഓജസ്സാർന്ന അപ്പോസ്തോലികാരൂപിയോടെ സത്യസഭാപൂവാടിയിൽ ആനന്ദവിശ്രമം കണ്ടെത്തുകയും ചെയ്തു. ആ വന്ദ്യതിരുമേനി ഇന്നു തിരുവല്ലാരൂപതാനൗകയെ ഓളങ്ങളിൽക്കൂടി വിജയകരമായി നയിച്ചുകൊണ്ടിരിക്കുന്നു.

ഇതേ അനുഭവംതന്നെയാണു് ക്നാനായ സമുദായത്തിലെ ഏക മെത്രാപ്പോലീത്തായായി ചിങ്ങവനം അരമനയിൽ വസിച്ചിരുന്ന മാർ ദിയസ്ക്കോറോസ് തിരുമനസ്സിലേക്കും ഉണ്ടായതു്. 1939 നവംബർ 11-ാം തീയതി അരമനവിട്ടു പട്ടം അരമനയിൽ അഭയം തേടി പുനരൈക്യം സാധിച്ചു. അഭ്യസ്തവിദ്യരായ ജഡ്ജിമാരും, വക്കീലന്മാരും, അദ്ധ്യാപകപ്രവീണരും, വൈദികോത്തംസങ്ങളും മിന്നിപ്പുവസന്നിപ്പിച്ചുകൊണ്ടു മാതൃസഭയുടെ വിരിമാറിൽ പരിപൂർണ്ണവിശ്രമം കണ്ടെത്തി.

അതിവന്ദ്യ തിരുമേനി മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് 1932-ൽ റോമയിൽ എത്തി മാഗ്യസ്മരണാർഹനായ പതിനൊന്നാംപീയൂസ് പാപ്പായെ സന്ദർശിക്കുകയും അവിടുത്തെ തൃക്കരങ്ങളിൽനിന്നു മെത്രാപ്പോലീത്തൻ സ്ഥാനോചിതമായ പാലിയം അംശവസ്ത്രം സ്വീകരിക്കുകയും ചെയ്തു. അന്നു യൂറോപ്യൻ രാജ്യങ്ങളിൽ സഞ്ചരിച്ചു്, ഡബ്ലിൻ ദിവ്യകാരുണ്യമഹാമഹത്തിലെ ഒരു പ്രമുഖാതിഥിയായി സ്വീകരിക്കപ്പെടുകയും ചെയ്തു മൂന്നു കൊല്ലങ്ങൾക്കുമുമ്പു വന്ദ്യതിരുമേനി നടത്തിയ ആഗോളപര്യടനവും ലോകത്തിന്റെ ശ്രദ്ധയെ ആകർഷിക്കത്തക്ക ഒന്നായിരുന്നു. വിശുദ്ധികൊണ്ടും പ്രശാന്തതയാലും, സാധാരണജനങ്ങളുടെ ആരാദ്ധ്യപുരുഷനായിരുന്ന മാർ തിയോഫിലോസ് തിരുമേനി 1933-ൽ യൂറോപ്പു യാത്ര കഴിക്കുകയും, ക്രിസ്തീയ യൂറോപ്പ് അദ്ദേഹത്തിൽ തിളങ്ങി പ്രകാശിച്ചിരുന്ന സുകൃതസമ്പത്തിനെ വിലമതിച്ചു പ്രകീർത്തിക്കുകയും ചെയ്തു. ഇന്നു തിരുവല്ലാരൂപതയുടെ ഭരണസാരഥ്യം വഹിച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യമെത്രാൻ നി. വ. ദി. ശ്രീ ജോസഫ് മാർ സെവേറിയോസ് തിരുമനസ്സുകൊണ്ടു് നാലുമാസക്കാലങ്ങളായിട്ടു ക്രിസ്തീയ യൂറോപ്പിലെ പ്രസിദ്ധങ്ങളായ തീർത്ഥസങ്കേതങ്ങളും, കേന്ദ്രങ്ങളും സന്ദർശിച്ചുകൊണ്ടിരിക്കുകയാണു്. മിഷനെ സ്നേഹിക്കുന്ന നല്ലയാത്മാക്കൾ അദ്ദേഹത്തിനു നൽകിവരുന്ന ഹൃദ്യമായ സ്വീകരണങ്ങളും, ആശംസകളും പുനരൈക്യപ്രസ്ഥാനത്തിന്റെ പുരോഗതിയെ കുറിക്കുന്ന ഒരു സുപ്രധാനഘട്ടമായി കരുതാവുന്നതാണു്.

---

# മാതാവിന്റെ സ്വർഗ്ഗാരോപണവും

## അകത്തോലിക്കരായ പൗരസ്ത്യക്രിസ്ത്യാനികളും

(ഫാദർ പ്ലാസിഡ്. റ്റി. ഒ സി. ഡി)

പാശ്ചാത്യരെന്നോ പൗരസ്ത്യരെന്നോ ഉള്ള വ്യത്യാസം കൂടാതെ കത്തോലിക്കരെല്ലാവരും ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിൽ വിശ്വസിക്കുന്നു. മാർപ്പാപ്പാ തിരുമേനി അതു സാഘോഷം പ്രഖ്യാപനം ചെയ്യുന്നതുകൊണ്ടു കത്തോലിക്കരുടെ നിലയ്ക്കു യാതൊരു വ്യത്യാസവും വരുന്നതല്ല എന്നിരുന്നാലും, കത്തോലിക്കാസഭ നവമായി ഒരോന്നു കണ്ടുപിടിച്ചു് തങ്ങളുടെമേൽ കെട്ടിവയ്ക്കുന്നു എന്നൊരാക്ഷേപം അകത്തോലിക്കാ സഹോദരങ്ങൾ പുറപ്പെടുവിക്കുവാൻ ഇടയുണ്ടു്. അകത്തോലിക്കരിൽ താരതമ്യേന കൂടുതൽ പുരാതനത്വമുള്ള പൗരസ്ത്യറീത്തുകാർ ഈ ആക്ഷേപത്തിനു തൃപ്തികരമായ സമാധാനം നൽകുന്നതാണു്.

അകത്തോലിക്കരായ പൗരസ്ത്യറീത്തുകാരെ ഗ്രീക്കർ, ഇഗുപ്തർ, എത്തിയോപ്യർ, അർമ്മനിയർ, സുറിയാനിക്കാർ എന്നിങ്ങനെ അഞ്ചായി തിരിക്കാം. ഗ്രീക്കരിലുള്ള ഉപവിഭാഗങ്ങൾ നിരവധിയാണെങ്കിലും, വിശ്വാസത്തിൽ അവരെല്ലാവരും യോജിപ്പുള്ളവരാണു്. ഇഗുപ്തർ, എത്തിയോപ്യർ, അർമ്മേനിയർ എന്നിവർക്കു് ഉപവിഭാഗങ്ങളില്ല. സുറിയാനിക്കാരിലാവട്ടെ യാക്കോബ്യർ, നെസ്തോറിയർ എന്നിങ്ങനെ ഭിന്നവിശ്വാസമുള്ളവരുണ്ടു്. കൂടാതെയും കേരളത്തിലെ അഞ്ചൂർ മാർത്തോമ്മാ വിഭാഗങ്ങളും, തൃശ്ശൂരുള്ള സുറായികളും അഥവാ നെസ്തോറിയരും സുറിയാനിക്കാരിൽ ഉൾപ്പെടുന്നു.

ഗ്രീക്കർ 10-ാം ശതാബ്ദത്തിനുശേഷവും. ഇഗുപ്തരും എത്തിയോപ്യരും അർമ്മനിയരും യാക്കോബരും 451-നുശേഷവും, നെസ്തോറിയർ 431-നുശേഷവും ആണു് കത്തോലിക്കാസഭയിൽനിന്നു പിരിഞ്ഞുപോയതു്.

എന്നാൽ, യാക്കോബ്യർ കേരളത്തിൽ മൂന്നൂറു കൊല്ലമെങ്കിലും പഴക്കമില്ല 18-ാം ശതാബ്ദത്തിലും 19-ാം ശതാബ്ദത്തിലും കേരളയാക്കോബ്യരിൽനിന്നു വേർപിരിഞ്ഞവരാണു് അഞ്ചൂർകാരും മാർത്തോമ്മാക്കാരും. ഇരുപതാം ശതാബ്ദത്തിൽ മാത്രം രൂപമെടുത്തതാണു് തൃശ്ശൂരുള്ള നെസ്തോറിയൻ വിഭാഗം.

സ്വർഗ്ഗാരോപണം സംബന്ധിച്ചു് ഈ ഓരോ വിഭാഗത്തിന്റേയും വിശ്വാസാചാരങ്ങൾ എപ്രകാരമുള്ളതാണെന്നു ചുരുക്കത്തിൽ പ്രതിപാദിക്കാം.

### 1. ഗ്രീക്കർ

അകത്തോലിക്കരായ ഗ്രീക്കർ ഡമസ്കസിലെ വി. യോഹന്നാന്റെ (St. John Damascene: 676-757?) കൃതികൾ തങ്ങളുടെ സ്വന്തമായി കരുതിവരുന്നു. സ്വർഗ്ഗാരോപണത്തിൽ ദൃഢമായി വിശ്വസിച്ചിരുന്ന ഒരാളാണു് വി. യോഹന്നാൻ. അതിനു് ആധാരമായി ഓർശ്ലേമിലെ യുവനേലിന്റെ (451) സാക്ഷ്യം അദ്ദേഹം സ്വകൃതികളിൽ ഉദ്ധരിക്കുന്നുമുണ്ടു്. ഓഗസ്റ്റ് 15-ലെ സ്വർഗ്ഗാരോപണത്തിരുനാൾ "വളരെ മുമ്പേതന്നെ നമുക്കു ലഭിച്ചിരിക്കുന്നതാണു്" എന്നു് വി. യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു

സ്വർഗ്ഗാരോപണത്തിന്റെ ഓർമ്മ ഓഗസ്റ്റ് മാസം മുഴുവനും കൊണ്ടാടണമെന്നു 1297-ൽ രണ്ടാം അൻഡ്രോനിക്കൂസു ചക്രവർത്തി തീരുമാനിച്ചതനുസരിച്ചു ഗ്രീക്കർ ഓഗസ്റ്റ് മാസം മാതാവിനു പ്രതിഷ്ഠിച്ചിരിക്കുന്നു.

പ്രസ്തുത വി. യോഹന്നാൻ സ്വർഗ്ഗാരോപണത്തെക്കുറിച്ചു നടത്തിയ രണ്ടാമത്തെ പ്രസംഗമാണു് സ്വർഗ്ഗാരോപണത്തിരുനാളിനുള്ള ഗ്രീക്കുകാരുടെ കാനോൻജപത്തിലെ പ്രധാനഭാഗം. മാതാവിന്റെ മൃതശരീരം ക്ഷയിക്കുവാൻ പാടില്ലായിരുന്നു എന്നു ഈ കാനോൻജപം സമർത്ഥിക്കുന്ന ഭാഗം താഴെ ചേർക്കുന്നു:-

"കന്യാത്വത്തിൽ ഗർഭം ധരിച്ചുകൊണ്ടാണല്ലോ നീ മാതാവായി തീർന്നതു്. ക്ഷയമില്ലാത്ത അവസ്ഥയിലുമായിരുന്നു നീ (മരണ)നിദ്രപ്രാപിച്ചതു്: നിന്റെ കന്യാത്വമുദ്രയ്ക്കു ഭംഗം വരുത്താതെ ജീവൻ നിന്നിൽനിന്നു ഉദിച്ചു: ആകയാൽ നിന്മയും ജീവൻ നൽകുന്നതുമായ നിന്റെ ശരീരം മരണാനന്തരമുള്ള പരിക്ഷണങ്ങൾക്കു വിധേയമാകുന്നതെങ്ങനെ?"

ഓഗസ്റ്റ് 15-ലെ സ്വർഗ്ഗാരോപണത്തിരുനാൾ ചില സ്ഥലങ്ങളിൽ ആഗസ്റ്റ് 23 വരെയും, മറ്റു ചില സ്ഥലങ്ങളിൽ 29-ാംനു വരെയും ഗ്രീക്കർ ആഘോഷിക്കുന്നു.

### 2. ഇഗുപ്തർ

അഞ്ചാം ശതാബ്ദത്തിൽ രചിച്ചതും ദേവാലയശുശ്രൂഷകളിൽ ഇഗുപ്തർ ഉപയോഗിക്കുന്നതും ആയ ഒരു പദ്യസഞ്ചയമാണു് "തെയോത്തോക്കിയോൻ." അതിൽ ഇപ്രകാരം കാണുന്നു: "കന്യകയല്ലാതെ, ഈശോമിശിഹായെ വഹിച്ച ആ ശരീരമല്ലാതെ, സ്വർഗ്ഗത്തിൽ വേറെ ആരുണ്ടു്?" കൂടാതെയും, "വേദപുസ്തകം സ്വർഗ്ഗാരോപണത്തെപ്പററി യാതൊന്നും പഠിപ്പിക്കുന്നില്ലെങ്കിലും, പിതാക്കന്മാർ ശ്ലീഹന്മാരിൽനിന്നു അതു സ്വീകരിച്ചിരിക്കകൊണ്ടു് അതേപ്പററി സംശയം പുറപ്പെടുവിക്കുവാൻ ആരും മുതിരുകയില്ല" എന്നിങ്ങനെ 1913-ൽ കായിറോയിൽ പ്രസിദ്ധീകരിച്ച ഒരു പ്രമാണഗ്രന്ഥം പ്രസ്താവിക്കുന്നു. ഓഗസ്റ്റ് 9-ൽ ആണു് ഇഗുപ്തർക്കു സ്വർഗ്ഗാരോപണത്തിരുനാൾ. അതിനു മുമ്പു 13 ദിവസം അവർ ഉപവസിക്കുന്നുമുണ്ടു്.

### 3. എത്തിയോപ്യർ

മുകളിൽ പറഞ്ഞ "തെയോത്തോക്കിയോൻ" എന്ന പദ്യസഞ്ചയം എത്തിയോപ്യരും പുണ്യമായി കരുതിവരുന്നു. ഓഗസ്റ്റ് 22-ാംനു ആണു് അവരുടെ സ്വർഗ്ഗാരോപണത്തിരുനാൾ. അതിനുമുമ്പു അവർ 15 ദിവസം ഉപവസിക്കാറുണ്ടു്. തിരുനാൾദിവസം കുർബാനയിൽ എത്തിയോപ്യർ ചൊല്ലുന്ന ഒന്നുരണ്ടു പ്രാർത്ഥനകൾ താഴെ ചേർക്കുന്നു:-

"...നിന്റെ ശരീരം സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെട്ടതിനെ ഞാൻ വന്ദിക്കുന്നു...ഓ മറിയമേ, നിന്റെ മാംസം പവിഴത്തിനു തുല്യമാകുന്നു .. വാനമേഘങ്ങളിൽക്കൂടി പ്രകാശത്തോടെ സ്വർഗ്ഗത്തിലേക്കു നീ കയറിയതു കണ്ടപ്പോൾ മരണം ലജ്ജിച്ചുപോയി."

"നിന്റെ ശരീരം സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെട്ടതിനെ ഞാൻ വന്ദിക്കുന്നു ...ഓ കന്യകേ, നീയും...നിന്റെ ...പുത്രനും അല്ലാതെ മരണത്തിന്റെ കെട്ടുകളെ അഴിച്ചതായി വേറെ ആരുമില്ല.... നിന്റെ മാംസം പുനർജീവിച്ചതിനെ ഞാൻ വന്ദിക്കുന്നു."

### 4. അർമ്മനിയർ

7-ാം ശതാബ്ദം മുതൽ അർമ്മേനിയർ സ്വർഗ്ഗാരോപണത്തിരുനാൾ ആഘോഷിച്ചുവരുന്നതായി രേഖയുണ്ടു്. 951-ൽ രചിച്ച അവരുടെ ഒരു പ്രാമാണി

(ശേഷം 11-ാം പേജിൽ)

# *സമാധാനമാർഗ്ഗം

മലങ്കര യാക്കോബായ സഭാംഗങ്ങളുടെ

സത്വരശ്രദ്ധയ്ക്കും അവഗാഢവിചിന്തനത്തിനുമായി സമർപ്പിക്കുന്ന

## ചില യാഥാർത്ഥ്യങ്ങൾ

### ക്രിസ്തുസ്ഥാപിച്ച ഏകസഭ ഏത്?

ഒരു സഭയെമാത്രമേ ക്രിസ്തു ലോകത്തിൽ സ്ഥാപിച്ചിട്ടുള്ളുവെങ്കിൽ—ആ ഏകസഭ നശിക്കാതെയും ദുഷിക്കാതെയും ഒററിൽ ഉൾപ്പെടാതെയും ലോകത്തിൽ ഇന്നും സ്ഥിതിചെയ്യുന്നെങ്കിൽ—ഇന്നു ലോകത്തിൽ നാം കാണുന്ന കത്തോലിക്കാ, നെസ്തോറിയൻ, യാക്കോബായ, യവനായ (ഗ്രീക്ക), പ്രോട്ടസ്റ്റൻറ് ആദിയായ സഭകളിൽ ഏതെങ്കിലും ഒന്നുമാത്രമായിരിക്കണം ക്രിസ്തു സ്ഥാപിച്ച സാക്ഷാൽസഭ. പതിനാറാംനൂററാണ്ടിൽ ജീവിച്ചിരുന്ന ലൂഥർ, സ്വിംഗ്ലി, കാൽവിൻ മുതലായവർ ചില കർബാനയിലെ യഥാർത്ഥസാന്നിദ്ധ്യം, ദിവ്യബലി, കുമ്പസാരത്തിൻെറ ആവശ്യകത, വിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന, മരിച്ചവർക്കുവേണ്ടിയുള്ള അപേക്ഷ ആദിയായ അനേകവിശ്വാസവിഷയങ്ങളെ — അപ്പോസ്തോലന്മാരുടെ കാലം തുടങ്ങി സഭയിലുണ്ടായിരുന്ന വിശ്വാസവിഷയങ്ങളെ —നിഷേധിച്ച് പ്രോട്ടസ്റ്റൻറ് എന്ന പേരിൽ അറിയപ്പെടുന്ന സഭ സ്ഥാപിച്ചു. പിന്നീട് പ്രോട്ടസ്റ്റൻറു സഭയുടെ പല ഉപദേശങ്ങളെ സ്വീകരിച്ചും അവയിൽ ചിലതിനു ഭേദഗതികൾ വരുത്തിയും ഓരോരോ കാലത്ത് ഓരോരോ നേതാക്കന്മാർ സ്ഥാപിച്ചിട്ടുള്ള സഭകളാണ് മെത്തോഡിസ്റ്റ്, ബ്രദർ, പെന്തിക്കോസ്തു്, രക്ഷാസൈന്യം, ശാബത്തുമിഷ്യൻ, അഞ്ചാംവേദം, റസ്സൽ, പ്രത്യക്ഷരക്ഷാസഭ മുതലായ സഭകൾ. ആദ്യകാലത്തു "നവീകരണസഭ" എന്നും, ഇപ്പോൾ മാർത്തോമ്മാസഭയെന്നും മലങ്കരയിൽ അറിയപ്പെട്ടുവരുന്ന സഭയും യാക്കോബായസഭയിലെ പല വിശ്വാസാചാരങ്ങളെ പ്രോട്ടസ്റ്റൻറുസഭയുടെ വിശ്വാസാചാരങ്ങൾ അനുസരിച്ചു പരിഷ്കരിച്ചതിൻെറ ഫലമായി ഉത്ഭവിച്ചിട്ടുള്ള ഒരു സഭയാണ്.

അപ്പോസ്തോലികകാലത്ത് ഉത്ഭവിക്കാതെ, പതിനാറാം ശതാബ്ദത്തിൽ ഉത്ഭവിച്ച പ്രോട്ടസ്റ്റൻറു സഭയും, അതിൽനിന്ന് പലപല ഉപദേശങ്ങൾ സ്വീകരിച്ച് പരിഷ്കരിക്കപ്പെട്ടിട്ടുള്ള ഇതരസഭകളും ക്രിസ്തു സ്ഥാപിച്ച സത്യസഭയല്ലെന്നു കത്തോലിക്കരും യാക്കോബായക്കാരും യവനായക്കാരും (ഗ്രീക്കുകാരും) വിശ്വസിച്ചുവരുന്നതു് അബദ്ധമാണെന്നു പറയാവുന്നതല്ലല്ലോ.

നെസ്തോറിയൻ സഭ എപ്പേസൂസു സൂനഹദോസിൽവച്ചു ക്രിസ്ത്വബ്ദം 431-ൽ ശപിക്കപ്പെട്ട നെസ്തോറിയസിൽ നിന്നാണ് ഉത്ഭവിച്ചുവരുന്നതും, തന്മൂലം അതു ക്രിസ്തു സ്ഥാപിച്ച സത്യസഭയാകുവാൻ നിവൃത്തിയില്ലെന്നും കത്തോലിക്കരും യാക്കോബായക്കാരും യവനായക്കാരും വിശ്വസിച്ചുവരുന്നതും അബദ്ധമല്ല. ചില യാക്കോബായ പണ്ഡിതന്മാർ ഇക്കാലത്തു ഗ്രീക്കുസഭയെ ഒരു സഹോദരിസഭയായി പരിഗണിക്കുന്നുണ്ടെങ്കിലും നിക്യാ, കുസ്തന്തിനോപ്പോലീസു്, എപ്പേസോസു് എന്നീ മൂന്നു സൂനഹദോസുകൾക്കു പുറമേ യാക്കോബായക്കാർ അസാധുവായി പരിഗണിക്കുന്ന കൽക്കദോനിയാ, കുസ്തന്തിനോപ്പോലീസിലെ രണ്ടാമത്തേയും മൂന്നാമത്തേയും സൂനഹദോസുകൾ, നിക്യായിലെ രണ്ടാമത്തെ സൂനഹദോസു് എന്നീ നാലു സൂനഹദോസുകളെക്കൂടി ഗ്രീക്കുസഭ പൊതുസൂനഹദോസുകളായി സ്വീകരിക്കുന്നുണ്ടെന്നുള്ള കാര്യം അവർ വിസ്മരിക്കുന്നതായി തോന്നിപ്പോകുന്നു. മാത്രമല്ല, യാക്കോബായസഭ പാഷണ്ഡികളായി പരിഗണിക്കുന്ന ലെയോൻ മാർപ്പാപ്പാ മുതലായവരെ ഗ്രീക്കുസഭക്കാർ വലിയ വിശുദ്ധന്മാരായി പരിഗണിച്ചുവരുന്നു. ഇക്കാരണങ്ങളാൽ വാസ്തവത്തിൽ യാക്കോബായക്കാർക്കു ഗ്രീക്കുസഭയെ ഒരു സഹോദരിസഭയായോ, ക്രിസ്തു സ്ഥാപിച്ച സത്യസഭയായോ പരിഗണിക്കുവാൻ നിവൃത്തിയില്ല. അബദ്ധോപദേശങ്ങൾ പഠിപ്പിച്ചില്ലെങ്കിലും കത്തോലിക്കാസഭയുടെ ഐക്യത്തിൽനിന്നും ക്രിസ്ത്വബ്ദം 1054-ൽ മൈക്കിൾ ചെരുളാരിയസ് എന്ന പാത്രിയർക്കീസിൻെറ കാലത്തു് നിശ്ശേഷം വേർപിരിഞ്ഞ ഒരു ശിശ്മസഭയാണ് ഗ്രീക്കുസഭ. ചുരുക്കിപ്പറഞ്ഞാൽ കത്തോലിക്കർക്കും യാക്കോബായക്കാർക്കും ഇന്നു ലോകത്തിലുള്ള ഇതരക്രൈസ്തവസഭകളിൽ ഒന്നിനെയും ക്രിസ്തു സ്ഥാപിച്ച സത്യസഭയായി സ്വീകരിക്കാൻ നിവൃത്തിയില്ല. കത്തോലിക്കരുടെയും യാക്കോബായക്കാരുടെയും ദൃഷ്ടിയിൽ ഗ്രീക്കുസഭ സാർവ്വത്രികസഭയുടെ ഐക്യത്തിൽനിന്നു വേർപെട്ട ഒരു സഭ അഥവാ ശിശ്മസഭയും, നെസ്തോറിയൻ, പ്രോട്ടസ്റ്റൻറു ആദിയായ ഇതരക്രൈസ്തവസഭകളെല്ലാം ശിശ്മയ്ക്കുപുറമേ അബദ്ധോപദേശങ്ങൾ പഠിപ്പിക്കുന്ന സഭകൾ അഥവാ പാഷണ്ഡസഭകളുമാകുന്നു. ശിശ്മയും പാഷണ്ഡതയും വിഗ്രഹാരാധന, കൊലപാതകം, വ്യഭിചാരം മുതലായവയെപ്പോലെ കഠിനപാപങ്ങളാകയാൽ ശിശ്മസഭകളിലും പാഷണ്ഡസഭകളിലും മനഃപൂർവ്വം നിൽക്കുന്നവർക്കു നിത്യരക്ഷ ലഭിക്കയില്ലെന്നാണ് കത്തോലിക്കരുടെയും യാക്കോബായക്കാരുടെയും വിശ്വാസം. ആകയാൽ നെസ്തോറിയരും, ഗ്രീക്കുസഭക്കാരും, പ്രോട്ടസ്റ്റൻറുകാരും, പ്രോട്ടസ്റ്റൻറു സഭയുടെ ഓരോരോ ഉപദേശങ്ങൾ സ്വീകരിച്ചു സ്ഥാപിതമായിട്ടുള്ള ഇതരക്രൈസ്തവസഭകളിൽ ഉൾപ്പെട്ടവരും ക്രിസ്തു സ്ഥാപിച്ച രക്ഷാകരമായ ഏക സത്യസഭയ്ക്കു പുറത്തു നിൽക്കുന്നവരാകുന്നു എന്നത്രേ യാക്കോബായക്കാരും കത്തോലിക്കരും വിശ്വസിച്ചുവരുന്നതു്.

### കത്തോലിക്കാസഭയും യാക്കോബായസഭയും സത്യസഭകളോ?

കത്തോലിക്കാസഭയുടെയും യാക്കോബായസഭയുടെയും വിശ്വാസവിഷയങ്ങളും സാന്മാർഗ്ഗികനിയമങ്ങളും ആരാധനക്രമങ്ങളും തമ്മിൽ എത്രമാത്രം ഐക്യവും അനുരൂപ്യവും ഉണ്ടെന്നിരുന്നാലും ഈ സഭകൾ രണ്ടും ക്രിസ്തു സ്ഥാപിച്ചതായിരിപ്പാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ ക്രിസ്തു ഒരു സഭയെ മാത്രമേ സ്ഥാപിച്ചിട്ടുള്ളു എന്നു മുന്നൊരു ഖണ്ഡികയിൽ നാം തെളിയിച്ചിട്ടുണ്ടല്ലോ. ആകയാൽ ഈ രണ്ടു സഭകളിൽ ഒന്നുമാത്രമേ ശരിയായിരിപ്പാൻ നിവൃത്തിയുള്ളു. നല്ല രൂപായും കള്ളരൂപായും തമ്മിൽ അച്ചിലും പുള്ളിയിലും മററെല്ലാ ലക്ഷണങ്ങളിലും ഒരുപോലെ ഇരുന്നാലും, കള്ളരൂപാ എപ്പോഴും അനധികൃതവും അതുണ്ടാക്കുന്നവർ ശിക്ഷാർഹരുമാണ്. ഇതുപോലെ ക്രിസ്തുസ്ഥാപിച്ച സഭയോടു മറെറാരു സഭ എത്രമാത്രം തുല്യമാണെന്നിരുന്നാലും ആ സഭ അനധികൃതവും അതിൻെറ സ്ഥാപകന്മാർ ശിക്ഷാർഹരുമാണ്. ആകയാൽ കത്തോലിക്കാസഭയാണ് ക്രിസ്തുസ്ഥാപിച്ച ഏക സത്യസഭയെങ്കിൽ യാക്കോബായസഭ മനുഷ്യരാൽ സ്ഥാപിക്കപ്പെട്ട അനധികൃതമായ ഒരു സഭയാണെന്നു സമ്മതിച്ചേ മതിയാവൂ. നേരെമറിച്ച് യാക്കോബായ സഭയാണ് ക്രിസ്തുസ്ഥാപിച്ച ഏക സത്യസഭയെങ്കിൽ കത്തോലിക്കാസഭ മനുഷ്യസ്ഥാപിതമായ —അനധികൃതമായ— ഒരു സഭയാണെന്നു തീർച്ചയാണ്. ഏതായിരുന്നാലും ഒരു സഭയെമാത്രമേ ക്രിസ്തു സ്ഥാപിച്ചിട്ടുള്ളു എന്നു കത്തോലിക്കരും യാക്കോബായക്കാരും വിശ്വസിക്കുന്നതിനാൽ ഈ രണ്ടു സഭകളിലൊന്നു് അവശ്യം ശരിയായ സഭ—ക്രിസ്തുസ്ഥാപിച്ച സാക്ഷാൽ സഭ—ആയിരിക്കും; അപ്പോൾ മററതു മനുഷ്യസ്ഥാപിതമായ— അനധികൃതമായ— സഭയാണെന്നു് അവശ്യം സമ്മതിക്കണം.

### ക്രിസ്തുവിൻെറ സാക്ഷാൽ സഭ ഏത്?

ഇന്നു ലോകത്തിൽ അനേക ക്രൈസ്തവസഭകളുണ്ടെങ്കിലും കത്തോലിക്കാ, യാക്കോബായ എന്നീ രണ്ടു സഭകളിൽ ഏതെങ്കിലും ഒന്നുമാത്രമാണ് ക്രിസ്തു സ്ഥാപിച്ച സഭയെന്നു് ഇതുവരെ പറഞ്ഞ സംഗതികളിൽനിന്നു വ്യക്തമായിട്ടുണ്ടല്ലോ. ഈ രണ്ടിൽ ഏതാണു് സത്യസഭയെന്നു ഇനി അറിയേണ്ടിയിരിക്കുന്നു. കത്തോലിക്കരും യാക്കോബായക്കാരും പൊതുവെ സ്വീകരിക്കുന്ന ചില മൗലികപ്രമാണങ്ങളെ അടിസ്ഥാനമാക്കി നമുക്കു് ഈ വിഷയത്തെപ്പററി പര്യാലോചിക്കാം.

### വി. പത്രോസിൻെറ പരമാധികാരവും യാക്കോബായസഭയും

കത്തോലിക്കരെപ്പോലെതന്നെ യാക്കോബായക്കാരും വി. പത്രോസിനു് സഭ മുഴുവനിലും പരമാധികാരം ലഭിച്ചിട്ടുണ്ടെന്നും, വി. പത്രോസിൻെറയും അദ്ദേഹത്തിൻെറ യഥാർത്ഥപിൻഗാമികളുടെയും ഐക്യത്തിൽ നിന്നുകൊണ്ടാണ് മററു ശ്ലീഹന്മാരും അവരുടെ പിൻഗാമികളായ എല്ലാ മെത്രാന്മാരും പുരാതനകാലത്തു തിരുസഭയിൽ സത്യവിശ്വാസം പഠിപ്പിച്ചു വന്നിരുന്നതെന്നും വിശ്വസിച്ചുവരുന്നു. വ്യാഴാഴ്ച രാത്രിയിലെ ശുഹിമ്മാ പ്രാർത്ഥനയിൽ യാക്കോബായവൈദികർ ഇപ്രകാരം ചൊല്ലുന്നു:- "സത്യവിശ്വാസം പ്രസംഗിച്ചു മെത്രാന്മാർ ശെമഓൻെറ ശബ്ദത്തിൽ തക്കംകൂടാതെ അതു പഠിപ്പിച്ചു." ഈ വിഷയംസംബന്ധിച്ച് കത്തോലിക്കരും യാക്കോബായക്കാരും തമ്മിൽ ഈ അടുത്തകാലംവരെ ഉണ്ടായിരുന്ന ഏക അഭിപ്രായവ്യത്യാസം വി. പത്രോസിൻെറ യഥാർത്ഥ പിൻഗാമി റോമ്മാസിംഹാസനത്തിൽ വാഴുന്ന മാർപ്പാപ്പായാണെന്നു കത്തോലിക്കരും, അന്ത്യോക്യാ സിംഹാസനത്തിൽ വാഴുന്ന പാത്രിയർക്കീസാണെന്നു് യാക്കോബായക്കാരും പറഞ്ഞുവന്നിരുന്നു എന്നുള്ളതു മാത്രമായിരുന്നു. എന്നാൽ മലങ്കര യാക്കോബായക്കാരിൽ ഒരു വിഭാഗക്കാർ 1912-ൽ അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിൻെറ അധികാരത്തെ നിഷേധിച്ച് കാതോലിക്കായെ വാഴിച്ച് "ഓർത്തഡോക്സ് സുറിയാനിസഭ" എന്ന പേരിൽ സ്വതന്ത്രകക്ഷിയായതിന്നുതൊട്ടു കൂടി വി. പത്രോസിനു് പരമാധികാരം ഉണ്ടായിരുന്നില്ലെന്നും, മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ മലങ്കരസഭ വിദേശീയമായ യാതൊരു അധികാരത്തിനും ഒരുകാലത്തും വിധേയമായിരിക്കേണ്ട ആവശ്യമില്ലെന്നും വാദിക്കുവാൻ തുടങ്ങി. ഈ വാദം സ്വീകരിക്കാൻ ഇടയായതു തങ്ങളുടെ സ്വതന്ത്രനിലയെ സാധൂകരിക്കുന്നതിനും പാത്രിയർക്കീസുകക്ഷിയുമായി നടത്തിവരുന്ന കേസിൻെറ പ്രതികൂലപരിതഃസ്ഥിതികളെ അതിജീവിക്കുന്നതിനുംവേണ്ടിയാണെന്നു് ഓർത്തഡോക്സ് കക്ഷിയിൽപ്പെട്ട അഭ്യസ്തവിദ്യർക്കു് അജ്ഞാതമല്ല. വി. പത്രോസിനു പരമാധികാരമുണ്ടെന്നും, വി. പത്രോസിൻെറ യഥാർത്ഥപിൻഗാമി വിദേശത്തു വാഴുന്നുണ്ടെന്നും ഓർത്തഡോക്സുകാർ സമ്മതിച്ചുപോയാൽ ആ അധികാരത്തെ സ്വീകരിക്കാതെ സ്വതന്ത്രകക്ഷിയായി നില്ക്കുന്നതു ശരിയാണോ എന്നു് ആരെങ്കിലും ചോദിച്ചേക്കും. അപ്പോൾ തക്കതായ മറുപടി പറയുവാൻ സാധിക്കയില്ലല്ലോ. തന്മൂലം ഓർത്തഡോക്സുകക്ഷിക്കാർ വി. പത്രോസിൻെറ പരമാധികാരത്തെ നിഷേധിച്ചിരിക്കുന്നു. എന്നിരുന്നാലും അന്ത്യോക്യാപാത്രിയർക്കീസിനെ യാക്കോബായസഭയുടെ ആകമാന ആദ്ധ്യാത്മിക മേലദ്ധ്യക്ഷനായി സ്വീകരിക്കുവാൻ തങ്ങൾ സന്നദ്ധരാണെന്നു് ഓർത്തഡോക്സ് കക്ഷിക്കാർ ഇപ്പോഴും പറയാറുണ്ടു്. ആകയാൽ യാക്കോബായ സഭയുടെ പൂർവ്വികവിശ്വാസം വി. പത്രോസിൻെറ പിൻഗാമി ആരോ ആ ആൾതന്നെയാണ് ക്രിസ്തു സ്ഥാപിച്ച ഏക സഭയുടെ ആകമാനമേലദ്ധ്യക്ഷനെന്നും, തിരുസഭയിലെ മെത്രാന്മാരെല്ലാം ഈ ആകമാന അദ്ധ്യക്ഷൻെറ ഐക്യത്തിലും അനുസരണത്തിലുമാണു നില്ക്കേണ്ടതെന്നും അത്രേ.

### വി. പത്രോസിൻെറ പിൻഗാമിയെ യാക്കോബായസഭയിൽ കാണ്മാനില്ല

വി. പത്രോസിൻെറ യഥാർത്ഥപിൻഗാമിക്കു് വി. പത്രോസിനു് ഉണ്ടായിരുന്നതുപോലെ സഭ മുഴുവനിലും അധികാരം സിദ്ധിച്ചിരിക്കണം. അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസ് വി. പത്രോസിൻെറ പിൻഗാമിയാണെന്നു് പറയുന്നുണ്ടെങ്കിലും സഭ മുഴുവനിലും തനിക്കധികാരം സിദ്ധിച്ചിട്ടുണ്ടെന്നു് ഒരുകാലത്തും അവകാശപ്പെട്ടിട്ടില്ല, ഇപ്പോഴും അവകാശപ്പെടുന്നുമില്ല. "അന്ത്യോക്യായുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസ്" എന്നാണ് യാക്കോബായ പാത്രിയർക്കീസ് അയക്കുന്ന കല്പനകളിലും മററും തന്നെപ്പററി ഇപ്പോഴും പറയുന്നതു്. ഇക്കഴിഞ്ഞ മാർച്ച 14-ാംനു- അന്ത്യോക്യായിലെ അപ്രേം പാത്രിയർക്കീസ് ചിങ്ങവനത്തു കൂടിയ വട്ടമേശസമ്മേളനത്തിലെ നിശ്ചയങ്ങൾക്കു മറുപടിയായി നൽകിയ സമാധാനവ്യവസ്ഥകളിൽ ഇങ്ങനെ പറയുന്നു:- "ശ്ലീഹന്മാരുടെ തലവനായ പരിശുദ്ധനായ മാർ പത്രോസിൻെറ സിംഹാസനത്തിന്മേൽ വാഴുന്ന അന്ത്യോക്യായുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസ് സത്യവിശ്വാസത്തിനടുത്ത ആകമാന സുറിയാനി സഭയുടെ മഹാപ്രധാനാചാര്യനും പിതാവും ആകുന്നു എന്നു് മലയാളത്തുള്ള സുറിയാനിക്കാർ വിശ്വസിക്കാൻ ന്യായമാകുന്നു" (പൗരധ്വനി 1950 മാർച്ച് 29) ക്രിസ്തു സ്ഥാപിച്ച സഭ അന്ത്യോക്യായിലും കിഴക്കും മാത്രമല്ല, എല്ലാദേശത്തും—കിഴക്കും, പടിഞ്ഞാറും, തെക്കും, വടക്കും—വ്യാപിച്ചിട്ടുള്ള ഒരു സഭയാണ്. ക്രിസ്തു സ്ഥാപിച്ച സഭയിൽ സുറിയാനിക്കാർ മാത്രമല്ല, വിവിധ ഭാഷകൾ സംസാരിക്കുന്നവരും അപ്പോസ്തോലികകാലംതുടങ്ങി ഗ്രീക്ക്, ലത്തീൻ ആദിയായ ഭാഷകളിൽ കുർബാനകൾ അനുഷ്ഠിക്കുന്നവരും ഉൾപ്പെടേണ്ടതാണ്. എന്നാൽ അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസ് കിഴക്കൻ പ്രദേശങ്ങളിലും സുറിയാനിക്രിസ്ത്യാനികളുടെ മേലും മാത്രം അധികാരം അവകാശപ്പെടുന്ന സ്ഥിതിക്ക് അദ്ദേഹം വി. പത്രോസിൻെറ യഥാർത്ഥപിൻഗാമിയല്ലെന്നു് —സഭമുഴുവനിലുംഅധികാരം സിദ്ധിച്ചിട്ടില്ലാത്തവരാണെന്നു്— സ്വയം സമ്മതിക്കയാണ് ചെയ്യുന്നതു്. ഉയിർത്തെഴുന്നേററ ക്രിസ്തുവിനെ അന്വേഷിച്ച് പ്രേതാലയത്തിൽ ചെന്ന ഭക്തസ്ത്രീകളോടു് ദൈവദൂതന്മാർ "ജീവനോടുകൂടിയിരിക്കുന്നവനെ മരിച്ചവരുടെ ഇടയിൽ നിങ്ങൾ അന്വേഷിക്കുന്നതു് എന്തു്? അവൻ ഇവിടെ ഇല്ല" (ലൂക്കാ. 24, 5; മക്കോ. 16, 6;) എന്നു പറയുകയുണ്ടായി. ഇതുപോലെ വി. പത്രോസിൻെറ യഥാർത്ഥപിൻഗാമിയെ—ലോകമാകെ വ്യാപിച്ചിട്ടുള്ള സഭ മുഴുവനിലും അധികാരം സിദ്ധിച്ചിട്ടുള്ള സഭാദ്ധ്യക്ഷനെ— യാക്കോബായസഭയിൽ അന്വേഷിക്കേണ്ട ആവശ്യമില്ലെന്നും, അദ്ദേഹം അവിടെ ഇല്ലെന്നും യാക്കോബായ പാത്രിയർക്കീസുതന്നെ നമ്മോടു പറയുന്നു.

### റോമ്മാപാത്രിയർക്കീസാണ് വിശുദ്ധ പത്രോസിൻെറ യഥാർത്ഥപിൻഗാമി

റോമ്മാപാത്രിയർക്കീസു് ഒഴിച്ചു് ലോകത്തിൽ മററാരും വി. പത്രോസിൻെറ യഥാർത്ഥ പിൻഗാമിയെന്ന നിലയിൽ

(ശേഷം 10-ാം പേജിൽ)

---

* പുതുപ്പള്ളി യാക്കോബായപ്പള്ളി ഇടവകാംഗങ്ങളായ താഴത്തുപറപ്പള്ളിൽ ഫീലിപ്പോസ് വക്കീൽ, ഫീലിപ്പോസ്, ടീച്ചർ, സെൻറ് തോമ്മാസ് ഇംഗ്ലീഷ് മീഡിൽസ്കൂൾ, പുതുപ്പള്ളി, ഒളശ്ശയിൽ വക്കീൽ കുര്യൻ, വി. ഒ. അബ്രഹാം, വല്യപറമ്പിൽ, കെ. വി. ജോസഫ് കോയിക്കൽ, കാട്ടിൽ ഇട്ടി വറുഗീസ്, താമരശ്ശേരിയിൽ കോരതു് കോരതു്, അരീച്ചിറയിൽ കുന്നേൽ വറുഗീസ് ജോസഫ്, കുടിലിൽ തൊമ്മൻ മാണി, കല്ലുവെട്ടാംകുഴിയിൽ കൊച്ചുലഹന്നാൻ, മുള്ളിയിൽ ചാക്കോ അബ്രഹാം, മുള്ളിയിൽ അബ്രഹാം ചാക്കോ, ഇല്ലിക്കൽ ജോൺ മർക്കോസ്, കൊട്ടൂർ ചാക്കോ വറുഗീസ് എന്നിവർ ചേർന്നു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രസ്താവനയുടെ തുടർച്ച.

ചെറുകഥ

# ആരുടെ കുററം?

(മണിമല)

ഒരു തടിവെട്ടുകാരനാണു മാത്തൻചേട്ടൻ. മഴുവും കയറുമായി അയാൾ അങ്ങനെ നടന്നുപോകുന്നതു കണ്ടാൽത്തന്നെ അംബരചുംബികളായ വൻവൃക്ഷങ്ങൾപോലും നടുങ്ങും. എന്തു തെങ്ങ്, കമുക്, മുളകൊക്കെ ഇടകലർന്നുനിന്നുകൊള്ളട്ടെ. അവയ്ക്കു യാതൊരു കേടും കൂടാതെ അയാൾ വൻമരങ്ങൾ വെട്ടിവീഴ്ത്തുന്നതു കണ്ടാൽ ആരും അത്ഭുതപ്പെട്ടുപോകും. ക്ഷേത്രഗണിതവിജ്ഞാനമൊന്നും കൂടാതെ ഏതു ഭാരവും എത്ര അകലത്തിൽ വീഴുമെന്ന് അയാൾക്കു സൂക്ഷ്മമായി അറിയാം. മാത്തൻചേട്ടൻ പറയുന്നിടത്തു തടി വീഴുമെന്ന് ആളുകൾ പറയാറുണ്ട്.

അയാൾ ഒരു സമ്പന്നനായിരുന്നില്ല. സ്വന്തമായി ഒരു കിടപ്പാടംപോലുമില്ലായിരുന്നു. എന്നിരുന്നാലും അയാൾക്കു മുടങ്ങാതെ ജോലി കിട്ടിയിരുന്നതു വലിയ ആശ്വാസം തന്നെ. എന്നും പ്രഭാതത്തിൽ അന്നാട്ടിലെ കുബേരന്മാർ പലരുടെയും പാർശ്വദൂതന്മാർ മാത്തൻചേട്ടന്റെ മുററത്തു പതിയാറുണ്ട്. ഓരോരുത്തരും തങ്ങൾക്ക് അയാൾ പണിക്കു ചെല്ലേണ്ടതിന്റെ അത്യാവശ്യത്തെപ്പററി ന്യായവാദം — അല്ല നിവേദനം തന്നെ — നടത്തും. എല്ലാവരെയും പ്രീതിപ്പെടുത്താൻ സാധ്യമല്ലല്ലോ. അതുകൊണ്ട് ആ തൊഴിൽക്കാരൻ ചിലരെയൊക്കെ മുഷിപ്പിൽ സമ്പാദിക്കേണ്ടിവരും. പക്ഷേ അതു കേവലം ഒരു ദിവസത്തേക്കുള്ള. പിറേറന്നു പ്രഭാതത്തിൽ മാത്തൻചേട്ടനെ വിളിച്ചുനടത്തുന്നതു ഈ "മുഷിഞ്ഞു പിരിഞ്ഞ" അന്യന്മാരായിരിക്കാം.


ആ നാട്ടുപുറത്തു തൊഴിലാളിസംഘടനകളൊന്നുമില്ല. "തടിവെട്ടു തൊഴിലാളിയൂണിയൻ" എന്നൊന്നുണ്ടാക്കിയാലെന്താണെന്നു മാത്തൻചേട്ടൻ വിചാരിക്കാറുണ്ട്. പക്ഷേ അതിൽ ചേരുവാൻ അധികം തൊഴിൽക്കാർ അവിടെയില്ല. ഏതാനും പേരുള്ളവർതന്നെ ഈ ജോലിയിൽ അയാളോളം സാങ്കേതികജ്ഞാനമുള്ളവരല്ല. പോരെങ്കിൽ മാത്തൻചേട്ടനു കൂലിക്കാര്യത്തിൽ അവശതകളൊന്നുമില്ലതാനും. സകല ചെലവും കഴിച്ച് മൂന്നുരൂപയാണ് അയാളുടെ ഒരുദിവസത്തെ കൂലിനിരക്ക്. അത്രയും കൊടുക്കുന്നതിന് ആർക്കും വൈമനസ്യം തോന്നാറില്ല. അതിനുള്ള ജോലി അയാൾ ചെയ്യും.

ജീവിതച്ചെലവു വർദ്ധിച്ചിരിക്കുന്ന ആധുനികകാലത്തു മറെറാരു തൊഴിൽക്കാരനോടു താരതമ്യപ്പെടുത്തിയാലും മാത്തൻചേട്ടൻ ഒട്ടും പിന്നിലല്ല. പക്ഷേ ഇങ്ങനെയൊക്കെയാണെങ്കിലും പട്ടിണി മിക്കപ്പോഴും അയാളുടെ കുടുംബത്തിൽ പാത്തുപതുങ്ങിക്കഴിഞ്ഞുകൂടാറുണ്ട്. കുടുംബാംഗങ്ങൾ കൂടുതലാണെന്നു പറയാൻ പാടില്ല. ഭാര്യയും മൂന്നു പെൺമക്കളുമുൾപ്പെടെ അഞ്ചുപേരുടെ ജീവിതച്ചെലവാണ് അയാളെ ആശ്രയിച്ചിരിക്കുന്നത്. ഇത്രയും കൂലി കിട്ടാത്ത പല സാധാരണ തൊഴിൽക്കാരും ഇതിൽ കൂടുതലംഗങ്ങളുള്ള കുടുംബങ്ങളെ പട്ടിണിക്കിടാതെ പുലർത്തിവരുന്നുണ്ട്. അതുകൊണ്ട് മാത്തൻചേട്ടന്റെ വീട്ടിലെ ദാരിദ്ര്യം അയൽവാസികൾക്കു പലപ്പോഴും സംസാരവിഷയമാകുക സാധാരണമാണ്.

നിത്യവും വേലകഴിഞ്ഞു കൂലിവാങ്ങിയാൽ വീട്ടിൽപ്പോകുന്നതിനുമുമ്പ് അയാൾ ആ "കുപ്പ"യുടെ പടം വരച്ചിട്ടുള്ള ബോർഡുള്ളിടത്തേക്ക് ഒന്നു പോകും. രാത്രി കുറെ ഇരുട്ടിയിട്ടായിരിക്കും അവിടെനിന്നും വീട്ടിലെത്തുക. അതൊരു പതിവായിത്തീർന്നുപോയി. അനുപേക്ഷണീയമായ ഒരാവശ്യവും. പകലന്തിയോളം മഴുപ്രയോഗം ചെയ്തു ക്ഷീണിച്ച ഞരമ്പുകൾക്ക് അല്പം ഉന്മേഷം പകർന്നുകൊടുക്കുന്നതിനെപ്പററി ആരും ഒന്നും പറയാറില്ല. അഥവാ ആരെങ്കിലും വല്ലതും സൂചിപ്പിച്ചുപോയാൽ മാത്തൻചേട്ടന്റെ നിറം മാറും. "എടാ മൂപ്പകളേ, ഞാൻ അങ്ങുങ്ങളെപ്പോലെ വേലയെടുത്തിട്ടാണു കുടിക്കുന്നത്. നിന്നെയൊക്കെപ്പോലെ കണ്ടവനെ കളിപ്പിച്ചു പിടിച്ചുപറിച്ചും നടക്കുകയല്ല... ... ..." അങ്ങനെ പിന്നെ പലതും പറയും; —ഷാപ്പിൽ പോയിട്ടുവരുന്ന മാത്തൻചേട്ടനോടു ഗുണവും ദോഷവും മിണ്ടാതിരിക്കുകയാണു നന്നെന്നുള്ളത് അന്നാട്ടിലെ സാധാരണജനങ്ങൾ പഠിച്ചുവച്ചിട്ടുള്ള ഒരു പാഠമാണ്.

വീട്ടിൽച്ചെല്ലുമ്പോൾ കുളിക്കാൻ ചൂടുവെള്ളവും അത്താഴവും തയ്യാറായിരിക്കണം. ഗാർഹികകാര്യങ്ങളെക്കുറിച്ചു ഭാര്യയോ മക്കളോ അന്നേരം യാതൊന്നും മിണ്ടാൻ പാടില്ല എന്നാണു നിയമം. ആ വകുപ്പുകൾ പിറേറന്നു രാവിലെയാണ് ആലോചനയ്ക്കെടുക്കുക. തലേദിവസം പറഞ്ഞയച്ച കാര്യങ്ങൾ പലതും അപ്പോൾ മറവിയുടെ മായയിലായിരിക്കും. അവ വീണ്ടും ഓർമ്മപ്പെടുത്തുന്നതിൽ അയാൾക്കു വിരോധമൊന്നുമില്ല. ചെലവുകഴിച്ചു മിച്ചമുള്ള തുക അപ്പോഴേ ഭാര്യയെ ഏല്പിക്കുകയും ചെയ്യും. അതു പലപ്പോഴും എട്ടണയിൽ കുറഞ്ഞ സംഖ്യയായിരിക്കും. ഒരു രൂപയിൽ ഒരിക്കലും അധികമാവുകയുമില്ല.

ഗൃഹനാഥൻ പിന്നെയും ജോലിക്കു പോകും. ആ കുടുംബിനി എത്ര മിതമായ ഒരു ബഡ്ജററുണ്ടാക്കിയാലും ജീവിതാവശ്യങ്ങൾ ഒന്നൊന്നായി അവരെ വെല്ലുവിളിച്ചുകൊണ്ടിരിക്കും. വസ്ത്രങ്ങൾ വലിഞ്ഞു മുറുക്കിയുടുത്തുകൊണ്ടു പലപ്പോഴും അവർ പട്ടിണിയെ ആശ്രയിച്ചുപോകുന്നതിൽ അത്ഭുതപ്പെടാനില്ലല്ലോ.




"കഴിയെയഴം അളിയാ കഴി. നിന്റെ ആവിച്ചംപോലെ കഴി. പക്ഷേ കൊടുക്കാനില്ലെന്നെക്കൊണ്ടു കൊള്ളാരുഴം" മാത്തൻ സന്തോഷപൂർവം പറഞ്ഞു.

II

അന്നാട്ടിലെ സാമാന്യം ധനസ്ഥിതിയുള്ള ഒരാളാണു പൂമംഗലത്തു പാപ്പച്ചൻ. ലീജിയൻ ഓഫ് മേരി, വിൻസെൻറ് ഡി പോൾ, തുടങ്ങി ഏതാനും ഭക്തസംഘങ്ങളിൽ അദ്ദേഹം ചേർന്നിട്ടുണ്ട്. സാമുദായികവും മതപരവുമായ കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധചെലുത്തുന്ന പാപ്പച്ചനെപ്പററി മിക്കാർക്കും നല്ല അഭിപ്രായമാണ്.

അന്നു മാത്തൻചേട്ടൻ, പാപ്പച്ചന്റെ പറമ്പിലുള്ള ഒരു വലിയ ആഞ്ഞിലിത്തടി വെട്ടുകയാണ്. അയാൾ കൈച്ചുരുക്കോടെ തടിയുടെ ഹൃദയത്തിലേക്കു മഴു എറിഞ്ഞുകയറുന്നു. ഓരോ വെട്ടിനും ആ വൃക്ഷം അങ്ങനെ നടുങ്ങി വിറയ്ക്കുകയാണ്.

ആ അദ്ധ്വാനശീലന്റെ ജീവിതരീതിയെയും ഗാർഹികകാര്യങ്ങളെയും പററി പാപ്പച്ചൻ നല്ലപോലെ ഗ്രഹിച്ചിട്ടുണ്ട്. അയാൾക്കു സൗമ്യമായി ചില ഉപദേശങ്ങൾ നല്കുവാൻ അദ്ദേഹം അവസരം പാർത്തിരിക്കുകയുമാണ്. മാത്തൻചേട്ടൻ ചെമ്പാറു ഷാപ്പിൽനിന്നു വരുമ്പോൾ ഇതു സംബന്ധിച്ചു വല്ലതും മിണ്ടിപ്പോയാൽ ഭാഷാപണ്ഡിതന്മാർക്കു പിടികിട്ടാത്ത നൂതനപദങ്ങൾ പലതും കേൾക്കേണ്ടിവരും. "പഴയ തമിഴ്പദ"ങ്ങളൊക്കെ അയാളുടെ അധരങ്ങളിൽനിന്ന് അങ്ങനെ തിരതല്ലിപ്പായുന്നതു പലർക്കും അനുഭവമാണ്. "മാത്തൻചേട്ടൻ പിണങ്ങി വല്ലതും പറഞ്ഞാൽ നില്ക്കുന്ന മരം തലചായിക്കുമെന്ന്" ആളുകൾ പറയാറുണ്ട്. അതുകൊണ്ട് അയാൾ "ക്ഷോഭപ്പെട്ടു" വരുമ്പോൾ ആരും സാധാരണ കുശലപ്രശ്നങ്ങൾക്കുപോലും മുതിരാറില്ല.

ഏതായാലും ഈ ഘട്ടത്തിൽ അങ്ങനെയുള്ള അപകടമൊന്നുമില്ലല്ലോ. "മാത്തൻചേട്ടാ! ഇങ്ങനെ നിറുത്താതെ വെട്ടിയാൽ കൈകുഴയുകയില്ലേ?" പാപ്പച്ചൻ ചോദിച്ചു.

"അല്ല വല്ലതും പണിഞ്ഞാലേ ചോറുള്ളൂ പാപ്പച്ചാ! പാവപ്പെട്ടവനെ പണിയാനും, വലിയവരെ പണക്കാരനുമായിട്ടല്ലേ ദൈവം സൃഷ്ടിച്ചിരിക്കുന്നത്." അയാൾ തട്ടിവിട്ടു.

"പണക്കാരൻ ഒന്നും ആരുടെയും കുത്തകയല്ല. മാത്തൻചേട്ടനു ദിവസേന രൂപാ മൂന്നു കിട്ടുന്നില്ലേ?"

"വെറുതെയല്ലല്ലോ, രക്തം വിയർപ്പാക്കി പണിചെയ്തിട്ടല്ലേ?"

"അതെ, എല്ലാവരും അങ്ങനെ ഓരോ ജോലിചെയ്താണു ജീവിക്കേണ്ടത്. വിയർപ്പുകൊണ്ടപ്പം ഭക്ഷിക്കണമെന്നല്ലേ ദൈവം അരുളിച്ചെയ്തിരിക്കുന്നത്."

"എനിക്കീ വേദാന്തമൊന്നും കേൾക്കേണ്ട, പാപ്പച്ചാ! യാതൊരു ജോലിയും ചെയ്യാതെ ഉണ്ടു വയറു തിരുമ്മി ഉറഞ്ഞ കട്ടിലേലിരുന്നു രസിക്കുന്ന പണക്കാരെത്രയെത്ര! എന്നെപ്പോലുള്ള കൂലിവേലക്കാർക്കു പട്ടിണി തന്നെ മിച്ചം." ആ വാക്കുകളിൽ അല്പമായ അമർഷം കലർന്നിരുന്നു.

"അനാവശ്യച്ചെലവുകൊണ്ടല്ലേ ചേട്ടൻ വീടു പട്ടിണിയാകുന്നത്. ചേട്ടനു ദിവസവും മൂന്നുരൂപാവീതം കിട്ടുന്നതെല്ലാം. മുടങ്ങാതെ പണിയുമില്ലേ? വീട്ടുകാര്യങ്ങൾ ഭംഗിയായിട്ടു നടത്താൻ ആ തുക വേണ്ടുവോളം മതിയാകുമല്ലോ." പാപ്പച്ചൻ ഉദ്ദിഷ്ടവിഷയത്തിന്റെ മുഖവുരയിലേക്കു കടന്നുചെന്നു.

തന്റെ ഗാർഹികകാര്യങ്ങളിലേക്കുള്ള ഈ അനാവശ്യമായ കൈകടത്തലിനെ മാത്തൻചേട്ടൻ വെറുത്തു. "ഇതൊന്നും പറഞ്ഞ് എന്നെ "[illegible]" നോക്കണ്ടാ. പാവങ്ങളുടെ പട്ടിണി നീങ്ങണമെങ്കിൽ ഇന്നത്തെ മുതലാളിമാരൊക്കെയില്ലാതാകണം." മാത്തൻചേട്ടൻ മഴു നിലത്തൂന്നിപ്പിടിച്ചുകൊണ്ടു പറഞ്ഞു.

സംഭാഷണം തുടരുന്നത് അയാൾക്കിഷ്ടമില്ലെന്നു പാപ്പച്ചനു മനസ്സിലായി. അയാൾ പിന്നെയൊന്നും പറഞ്ഞില്ല. "വധുക്കൾ പട്ടിണികിടക്കുന്നതിനുത്തരവാദികളാര്" എന്നുള്ള ചോദ്യം ആ ചിന്താശീലന്റെ ഹൃദയത്തിൽ ഉയർന്നുകൊണ്ടിരുന്നു.

III

പഞ്ഞക്കർക്കടകമാസം. ഇടമുറിയാത്ത മഴ തുടങ്ങിയിട്ടു ദിവസം ഏഴെട്ടായി. ആററിലും തോട്ടിലുമൊക്കെ ഭയങ്കരമായ വെള്ളപ്പൊക്കം. കൃഷിസ്ഥലങ്ങൾ പലതും വെള്ളത്തിനടിയിലായിക്കഴിഞ്ഞു. റേഷൻസാധനങ്ങൾ യഥാസമയം കൊണ്ടുവന്നു വിതരണംചെയ്യാൻ നിവൃത്തിയില്ലാതെ വ്യാപാരികൾ കുഴങ്ങുന്നു.


മാത്തൻചേട്ടന്റെ കുടുംബം സാധാരണഗതിയിൽത്തന്നെ പട്ടിണിയാണല്ലോ. ഇപ്പോഴത്തെ സ്ഥിതി പറയാനുമില്ല. രണ്ടാഴ്ചയായി അവർ റേഷൻ വാങ്ങിയിട്ട്. അയൽപക്കത്തുനിന്നൊക്കെ കടംവാങ്ങാവുന്നിടത്തോളം വാങ്ങിക്കഴിഞ്ഞു. കുന്നിന്മേൽ കുരുവന്നപോലെ ആ കുടുംബിനിക്കു രണ്ടു മക്കൾക്കും പനിയും പിടിച്ചു. ദാരിദ്ര്യത്തിന്റെയും രോഗത്തിന്റെയും ഇടനാഴിയിൽക്കൂടെ ആ പാവം ജീവിതം അങ്ങനെ വലഞ്ഞു വലഞ്ഞു നീങ്ങി.

മാത്തൻചേട്ടൻ വല്ലാതെ വിഷമിച്ചു. ആരും വേലയ്ക്കു വിളിക്കുന്നില്ല. അല്ലെങ്കിൽത്തന്നെ "[illegible]" പെയ്യുന്ന മഴയത്ത് എങ്ങനെ പണിയാനാണ്? എല്ലാം അയാൾ സഹിക്കും. പക്ഷേ ആ "ജീവന്റെ വെള്ളം" വിളമ്പുന്നിടത്ത് ഒന്നു പോകാൻ തരപ്പെടാതിരിക്കുന്നതാണ് എന്തെന്നില്ലാത്ത വിഷമം. മൂന്നുനാലുദിവസമായി അവിടെ കടംപറഞ്ഞു കാര്യം ശരിയാക്കാൻ തുടങ്ങിയിട്ട്. "മാത്തൻ നാനാരുമാത്രം കള്ളുകുടിച്ചാൽ രൊക്കം കാശുണ്ട്" എന്നുള്ള ശങ്കുവിന്റെ സർട്ടിഫിക്കററിന് അല്പം വിലയിടിഞ്ഞിരിക്കുകയാണ്.

ഏതത്യാവശ്യവും അയാൾ പൂമംഗലത്തുചെന്നു പറഞ്ഞാൽ സാധിക്കാതിരുന്നിട്ടില്ല. അതുകൊണ്ടു മാത്തൻചേട്ടൻ അങ്ങോട്ടുതന്നെ പോയി.

"എന്റെ പാപ്പച്ചാ! കുഴങ്ങിപ്പോയി. വീട്ടുകാരത്തിയും പിള്ളേരു രണ്ടും

(ശേഷം 9-ാം പേജിൽ)



"പാവങ്ങളുടെ പട്ടിണി തീരണമെങ്കിൽ ഇന്നത്തെ മുതലാളിമാരൊക്കെ ഇല്ലാതാകണം." മാത്തൻചേട്ടൻ മഴു നിലത്തൂന്നിപ്പിടിച്ചുകൊണ്ടു പറഞ്ഞു.

ഫാത്തിമാബാലസമിതി

# ജസിന്തയുടെ മരണം

പ്രിയ കുഞ്ഞുങ്ങളേ,

ജസീന്തയുടെ അവസാനദിവസങ്ങളെക്കുറിച്ച് ഇനി അല്പം പറയാം. ഒൻപതു വയസ്സുമാത്രമേ അവൾക്കു പ്രായമുണ്ടായിരുന്നുള്ളു. കുഞ്ഞുങ്ങളിൽ ഭൂരിഭാഗവും ജസീന്തയെക്കാൾ പ്രായംകൂടിയവരായിരിക്കുമല്ലോ. വയസ്സു ഒൻപതേ ഉണ്ടായിരുന്നുള്ളുവെങ്കിലും അവളുടെ പ്രായത്തെക്കവിഞ്ഞ സ്വഭാവവിശേഷതകൾ അവൾ സമ്പാദിച്ചിരുന്നു. തൊട്ടതിനെല്ലാം കരയുന്ന ഒരു തൊട്ടാവാടി സ്വഭാവമായിരുന്നു മാതാവിനെ ദർശിക്കുന്നതിനുമുമ്പ് അവൾക്കുണ്ടായിരുന്നത്. അതുപോലെതന്നെ പെൺകുട്ടികൾക്കനുയോജ്യമായ എല്ലാ കളികളിലും, പ്രത്യേകിച്ച് നൃത്തത്തിലും വലിയ ഭ്രമം അവൾക്കുണ്ടായിരുന്നു. എന്നാൽ വരപ്രസാദം വലിയ മാററങ്ങൾ അവളിൽ വരുത്തി. വരപ്രസാദത്തോടുള്ള സഹകരണത്തിന്റെ ഫലമായി നല്ല ക്ഷമയും ആത്മനിയന്ത്രണവും ഉള്ളവളായിത്തീർന്നു അവൾ. മാത്രമല്ല എല്ലാ വിഷമങ്ങളേയും ധൈര്യപൂർവ്വം എതിരിടുന്നതിനും ക്ലേശങ്ങൾ സഹിക്കുന്നതിനും ആവശ്യമായ മനക്കരുത്തും അവൾക്കു ലബ്ധമായി. മരണാസന്നനായി കിടന്നിരുന്ന സഹോദരനോട് അവൾ പറഞ്ഞതു ഈ പ്രകാരമാണ്: "ഫ്രാൻസിസേ, നീ സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ നമ്മുടെ കർത്താവിനോടും അങ്ങയുടെ പരിശുദ്ധ അമ്മയോടും ഞാൻ ഈ പ്രകാരം പറഞ്ഞയച്ചിരിക്കുന്നതായി പറയണം: പാപികളുടെ മാനസാന്തരത്തിനും മറിയത്തിന്റെ വിമലഹൃദയത്തോടു ചെയ്യപ്പെടുന്ന നിന്ദാവമാനങ്ങൾക്കു പരിഹാരമായും ഞാനെന്തെല്ലാം സഹിക്കണമെന്നു അവർ ആഗ്രഹിക്കുന്നുവോ അവയെല്ലാം സഹിക്കുന്നതിനു ഞാൻ സന്നദ്ധയായിരിക്കുന്നു."

"ദൈവം തിരുമനസ്സാകുന്നതെല്ലാം സഹിക്കുക," ഇതായിരുന്നു അവളുടെ ജീവിതത്തിലെ ആദർശം. ഈ ആദർശമനുസരിച്ച് എല്ലായ്പോഴും പ്രവർത്തിച്ച് സഹനത്തിൽ വീരബാലികയും, സ്നേഹത്തിന്റെ ബലിവസ്തുവും, ഒരു യഥാർത്ഥവേദസാക്ഷിണിയും അവൾ ആയിത്തീർന്നു. അവളെ ബാധിച്ചിരുന്ന ഭയങ്കരരോഗത്തിന്റെ കഠിനവേദനകളൊന്നും പുറമെ പ്രത്യക്ഷപ്പെടുത്താതെ ക്ഷമയോടുകൂടി അവൾ സഹിച്ചു. ഒരിക്കൽ ലൂസി അവളോടു ചോദിച്ചു: "ജസീന്തേ, വേദനയ്ക്കു കുറവുവല്ലതുമുണ്ടോ?" അവൾ പ്രതിവചിച്ചു: "യാതൊരു കുറവുമില്ല. എന്റെ നെഞ്ചിന്റെ ഒരുവശത്തുള്ള വേദന അതി ഭയങ്കരമാണ്. എന്നാൽ അതു ഞാൻ പാപികളുടെ മാനസാന്തരത്തിനുവേണ്ടി കാഴ്ചവയ്ക്കുകയാണ്." രോഗത്തിന്റെ ഫലമായുണ്ടായ വേദനയ്ക്കു പുറമെ അവളുടെ അരയിൽ കെട്ടിയിരുന്ന കയറുമൂലമുണ്ടായിക്കൊണ്ടിരുന്ന വേദനയും അവൾ സഹിക്കുകയായിരുന്നു. എന്നാൽ അതു തുടർന്നു സഹിക്കുവാൻ യാതൊരു നിവൃത്തിയുമില്ലാതെയായപ്പോൾ അവൾ ആ കയറ് അഴിച്ച് അവളുടെ അമ്മയെ കാണിക്കാതെ ലൂസിയെ ഏല്പിച്ചു. ആ കയറിന്റെ ഇടയ്ക്കു മൂന്നു കെട്ടുകൾ ഉണ്ടായിരുന്നു. കെട്ടുകൾ മൂലം തൊലിയിൽ ഉണ്ടായ മുറിവിൽനിന്നും പുറപ്പെട്ട രക്തംകൊണ്ടു നനഞ്ഞതായിരുന്നു ആ കയറ്. പ്രസ്തുത പീഡനോപകരണം ലൂസിയുടെ കൈയിൽ കൊടുത്തുകൊണ്ടു അവൾ പറഞ്ഞതിപ്രകാരമാണ്: "ഇതു അമ്മയെ കാണിക്കാതെ സൂക്ഷിച്ചുവച്ചേക്കണം. ഞാൻ സൗഖ്യംപ്രാപിച്ചാൽ ഇതെനിക്കു തിരികെ തരുകയും വേണം."

മകളുടെ രോഗത്തിന്റെ ഗൗരവാവസ്ഥയും അവൾ സഹിച്ചുകൊണ്ടിരുന്ന വേദനകളുടെ സ്വഭാവവും മനസ്സിലാക്കി ദുഃഖിച്ചു ചിന്താമഗ്നയായി നിന്നിരുന്ന അമ്മയോട് അവൾ പറഞ്ഞു: "അമ്മ എന്തിനാണ് ദുഃഖിക്കുന്നതു? എന്റെ വേദനകളൊന്നും സാരമില്ല. അമ്മ ദുഃഖിക്കാതിരിക്കുക. ഞാൻ സ്വർഗ്ഗത്തിലേക്കാണ് പോകുന്നതു. അവിടെ, അമ്മയ്ക്കുവേണ്ടി ഞാൻ വളരെയധികം പ്രാർത്ഥിക്കുന്നതാണ്."

രോഗശയ്യയിൽവച്ച് ഒരിക്കൽ ദൈവജനനി അവൾക്കു പ്രത്യക്ഷയായി. അവൾ രണ്ടു ആസ്പത്രികളിലേക്കു കൊണ്ടുപോകപ്പെടുമെന്നും, എന്നാൽ അവളെ ബാധിച്ചിരിക്കുന്ന രോഗത്തിൽനിന്നും അവൾ സുഖംപ്രാപിക്കുകയില്ലെന്നും പറഞ്ഞു. മാത്രമല്ല, മരണാവസരത്തിൽ പരിശുദ്ധ കുർബാനവഴിയായി ഈശോയെ സ്വീകരിക്കുവാൻ അവൾക്കു സാധിക്കുകയില്ലെന്നും അവൾ മരിക്കുന്ന സമയത്തു അവളോടുകൂടെ ആരും ഉണ്ടായിരിക്കുകയില്ല എന്നും മാതാവ് അറിയിച്ചു. മാതാവിൽനിന്നും അറിഞ്ഞ ഈ വിവരങ്ങൾ, പ്രത്യേകിച്ച് ഒടുവിൽ പറഞ്ഞ രണ്ടു സംഗതികൾ, അവൾക്കു വലിയ മനോവേദനയ്ക്കു കാരണമായി. എങ്കിലും ദൈവതിരുമനസ്സിനു സ്വയം വിധേയയാക്കിക്കൊണ്ടു പ്രസ്തുതക്ലേശങ്ങൾ ക്ഷമയോടുകൂടി സഹിച്ചു.

മാതാവ് അറിയിച്ചിരുന്നതുപോലെ ചികിത്സാർത്ഥം അവളെ ആദ്യം ഔറം എന്ന സ്ഥലത്തുള്ള ആസ്പത്രിയിലേക്കും അതു കഴിഞ്ഞു ലിസ്ബണിലുള്ള ആസ്പത്രിയിലേക്കും കൊണ്ടുപോയി. ലിസ്ബണിൽവച്ച് അവളുടെ രോഗനിവാരണത്തിനു ഒരു മാർഗ്ഗം മാത്രമേയുള്ളു എന്നും അതു ഓപ്പറേഷനാണെന്നും ഡോക്ടർമാർ അഭിപ്രായപ്പെട്ടു. എന്നാൽ ഈ രോഗത്തിനു ഒരു ശമനവുമുണ്ടാകുകയില്ലെന്നും, നിശ്ചയമായും മരിക്കുകയേയുള്ളു എന്നും അവൾക്കു അറിയാമായിരുന്നു. തന്മൂലം ഓപ്പറേഷന്റെ യാതൊരാവശ്യവും ഇല്ലെന്നു അവൾ പറഞ്ഞു. പക്ഷേ ഡോക്ടർമാർക്കു അതു അത്ര ബോദ്ധ്യമായില്ല. അവർ ഓപ്പറേഷൻ നടത്തി. അവളുടെ വാരിയെല്ലുകളിൽ രണ്ടെണ്ണം അവർ എടുത്തുകളഞ്ഞു. തന്നിമിത്തമുണ്ടായ വേദന സഹിക്കവയ്യാതെവന്ന പല അവസരങ്ങളിലും ആ കുഞ്ഞ് "എന്റെ അമ്മേ, എന്റെ അമ്മേ" എന്നു വിളിച്ചു വാവിട്ടു കരഞ്ഞുപോയി. എങ്കിലും അവളുടെ ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നും ഒരു സ്വരം എല്ലായ്പോഴും ഉയർന്നുകൊണ്ടിരുന്നു. "ഓ എന്റെ ഈശോ, ഇവയെല്ലാം നിന്നോടുള്ള സ്നേഹത്തെപ്രതിയും പാപികളുടെ മാനസാന്തരത്തിനായും ഞാൻ കാഴ്ചവയ്ക്കുന്നു." ഇതായിരുന്നു പ്രസ്തുത മധുരസ്വരം.

ഇങ്ങനെ ഏററവും കഠോരമായ വേദനകൾ സഹിച്ചുകൊണ്ടു ജസീന്ത അവളുടെ അവസാനനാളുകൾ കഴിച്ചു. ഒടുവിൽ വേദസാക്ഷികളുടെ ധൈര്യത്തെയും അതിശയിക്കുന്ന ധീരതയോടെ പീഡകൾ സഹിച്ചു, മുള്ളുകളുടെ ഇടയിൽ മൊട്ടിട്ടുവികസിച്ച, ആ മനോഹരകുസുമത്തിന്റെ നിർമ്മലാത്മാവിനെ, ദൈവംതന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കിവച്ചിരിക്കുന്ന സമ്മാനം വാങ്ങിക്കൊടുക്കുന്നതിനുവേണ്ടി, ഫാത്തിമാനാഥ സ്വർഗ്ഗത്തിലേക്കു കൂട്ടിക്കൊണ്ടുപോയി.

പ്രിയകുഞ്ഞുങ്ങളേ, ഫ്രാൻസിസും ജസീന്തയും ദീനശയ്യയിൽ പ്രദർശിപ്പിച്ച സഹനശീലം നിങ്ങൾക്കു മാതൃകയായിരിക്കട്ടെ. നിങ്ങൾക്കുണ്ടാകുന്ന വേദനകളും ക്ലേശങ്ങളും സമനസ്സോടെ സഹിച്ചു പാപികൾക്കുവേണ്ടി കാഴ്ചവയ്ക്കുവാൻ അവ നിങ്ങൾക്കു പ്രേരകമാകട്ടെ. എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

ഐക്യരാഷ്ട്രസംഘടനയുടെ കീഴിലുള്ള ട്രസ്റ്റീഷിപ്പ് കൗൺസിലിന്റെ സ്വഭാവം വിശദമാക്കുക.

(ഉത്തരം 8-ാം പേജിൽ)

# മരിയൻകോൺഗ്രസ്

മരിയൻ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന പ്രത്യേകയോഗങ്ങളിൽ ഒന്നായ കത്തോലിക്കായുവജനസംഘടനയെ അധികരിച്ചുള്ളതിൽ പ്രതിപാദിക്കേണ്ട വിഷയത്തിന്റെ ആസൂത്രണമാണ് താഴെ ചേർക്കുന്നതു.

## കത്തോലിക്കായുവജനസംഘടന

### അതിന്റെ പ്രാധാന്യം

ഒരിടവകയിൽ നന്മയോ തിന്മയോ വരുത്തിവയ്ക്കുന്ന ഒരു പ്രധാനഘടകം അവിടത്തെ യുവജനങ്ങളുടെ കൂട്ടമാണെന്നതു ഒരു യാഥാർത്ഥ്യമാകുന്നു. എന്തുകൊണ്ടെന്നാൽ, വിജയകരമായ ഏതു രംഗത്തിലുള്ള ഉദ്യമത്തിലും ഏർപ്പെടുന്നതിനുള്ള ശക്തിയും കഴിവുകളും അവരിലാണ് നിക്ഷേപിക്കപ്പെട്ടിരിക്കുന്നതു. അവരെ പ്രവർത്തനയോഗ്യരെന്നും അല്ലാത്തവരെന്നും രണ്ടായി തിരിക്കാം. രണ്ടാമത്തെ കൂട്ടർ നല്ലവരും, ഭക്തജീവിതം നയിക്കുന്നവരുമായിരിക്കുമെന്നുള്ളതു അഭിലഷണീയംതന്നെ. എന്നാൽ അവർ എപ്പോഴും ശാന്തതകൊണ്ടു തൃപ്തിപ്പെടുവാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്നതിനാൽ സജീവമായ ഏതെങ്കിലും പ്രവർത്തനത്തിലേർപ്പെട്ടു തങ്ങളുടെ ഇടവകയ്ക്കു എന്തെങ്കിലും അഭിവൃദ്ധി വരുത്തുവാൻ അവർക്കു സാധിക്കുകയില്ല. നല്ലവരായിരിക്കുകയും മഹത്കാര്യങ്ങളിൽ ഏർപ്പെട്ടു തങ്ങളുടെ ഇടവകയ്ക്കു എന്തെങ്കിലും അഭിവൃദ്ധി വരുത്തുവാൻ പ്രാപ്തരായിരിക്കുകയും ചെയ്യുന്നവരെ ലഭിക്കുന്നതു കൂടുതൽ അഭിലഷണീയമാണല്ലോ. ആത്മപരിത്യാഗം അനുഷ്ഠിക്കുന്നതിനും വീരോചിതപ്രവൃത്തികൾ ആരംഭിക്കുന്നതിനും സന്നദ്ധരായ ഏതാനും യുവജനങ്ങളുള്ള ഇടവക അനുഗൃഹീതമാണെന്നുകൂടി പറയേണ്ടതുണ്ട്. ഇത്തരത്തിൽപ്പെട്ട യുവജനങ്ങളെയാണ് ഒരിടവകയുടെ ആധുനികവും, ഭാവിയുമായ ഐശ്വര്യം ആശ്രയിച്ചിരിക്കുന്നതു. ആകയാൽ ഇവരുടെ സഹകരണം സമ്പാദിക്കുകയും ഇവർക്കു പ്രവർത്തനത്തിനുള്ള മാർഗ്ഗങ്ങൾ തുറന്നുകൊടുക്കുകയും ചെയ്യുന്നതായാൽ ബ: ഇടവകവികാരിമാർക്കു ഒരു വിജയം വരിക്കാം.

### സംഘടനയും പരിശീലനവും

സൽവൃത്തരായ യുവജനങ്ങളുടെ കൂട്ടം ഒരു വലിയ ശക്തിയാണെന്നു പ്രസ്താവിച്ചുകഴിഞ്ഞല്ലോ. എന്നാൽ അവരെ സംഘടിപ്പിക്കുകയും അവരുടെ കഴിവുകളെ വിനിയോഗിക്കുകയും ചെയ്തെങ്കിലേ അവരെക്കൊണ്ടു പ്രയോജനം വരികയുള്ളു. അവരുടെ സ്വഭാവത്തെ നന്നായി പഠിച്ചിട്ടുള്ള ബ: വൈദികരത്രേ ഈ പ്രസ്ഥാനത്തിൽ കൈവയ്ക്കേണ്ടതു. അങ്ങനെയുള്ളവർ ഉത്തമന്മാരെന്നു ബോദ്ധ്യപ്പെടുന്ന പത്തോ പന്ത്രണ്ടോ യുവാക്കന്മാരെ വിവേകപൂർവ്വം തെരഞ്ഞെടുക്കണം. നിരന്തരമായ ശ്രദ്ധയും നേരിട്ടുള്ള മേൽനോട്ടവും അനുസ്യൂതമായ സമ്പർക്കവും പാലിക്കേണ്ടതുകൊണ്ടാണ് ചുരുങ്ങിയ സംഖ്യമതിയെന്നു പറഞ്ഞതു. അവരുടെ തെരഞ്ഞെടുപ്പുകഴിഞ്ഞാൽ പിന്നീടു ചെയ്യേണ്ട കൃത്യം ഭക്തജീവിതം നയിക്കുന്നതിനും വീരകൃത്യങ്ങളിൽ ഉദ്യുക്തരാകത്തക്ക ആത്മപരിത്യാഗം, ഔദാര്യമാദിയായ വിശിഷ്ടഗുണങ്ങൾ പരിശീലിക്കുന്നതിനും ഉപകരിക്കുന്ന പോംവഴികൾ അവർക്കു സംവിധാനം നിർദ്ദേശിച്ചുകൊടുക്കുകയാകുന്നു. അവർക്കു സന്തുഷ്ടിയും സംതൃപ്തിയും പ്രദാനംചെയ്യേണ്ടകൃത്യവും വിസ്മരിച്ചുകളയരുതു.

### അദ്ധ്യയനമണ്ഡലം

ഈ നാമംകൊണ്ടു വിവക്ഷിക്കുന്നതു ഇംഗ്ലീഷിൽ സ്റ്റഡിസർക്കിൾ എന്നു പറയുന്ന പഠനക്കളരികളെയാണ്. യുവജനങ്ങളുടെ സഫലവും സമർത്ഥവുമായ പരിശീലനത്തിനുപകരിക്കുന്ന ഇത്തരത്തിലുള്ള അദ്ധ്യയനമണ്ഡലങ്ങൾ ഓരോ ഇടവകയിലും ഉണ്ടായിരിക്കേണ്ടതാണ്. ഇവ ഇടവകവികാരിയുടെയോ ഏതെങ്കിലും വിദഗ്ദ്ധനായ വൈദികന്റെയോ നേരിട്ടുള്ള നേതൃത്വത്തിൽ നടത്തേണ്ടിയിരിക്കുന്നു. ഈ സംഘക്കാർക്കു അനുകരണത്തിനായി ഉത്തമമായ ഒരു ആദർശത്തെ നിർദ്ദേശിച്ചുകൊടുക്കണം. സമ്മേളനത്തിൽ പ്രായോഗികവും ഉപയോഗപ്രദവുമായ ഒരു വിഷയം ചർച്ചയ്ക്കായി അവതരിപ്പിക്കുകയും അതിനെ ആസ്പദിച്ചു വാദപ്രതിവാദം നടത്തിക്കയും ചെയ്യുവാൻ ഉപേക്ഷ വിചാരിക്കരുതു. പ്രസ്തുത വാദപ്രതിവാദം സ്നേഹപൂർവ്വവും ജിജ്ഞാസയോടുകൂടിയതുമായിരിക്കണമെന്നു പറയേണ്ടതില്ലല്ലോ. യാതൊരു വാദപ്രതിവാദവും പ്രായോഗികമായ ഒരു നിഗമനത്തിൽ എത്തിക്കാതെ അവസാനിപ്പിക്കുവാൻ ഇടയാകുകയുമരുതു. സമ്മേളനത്തിലെ അംഗങ്ങളിൽ ഓരോരുത്തനും ഇതിൽ പങ്കെടുക്കേണ്ടതാണ്. സംഘക്കാരുടെ ഇടയിൽ സഹകരണബുദ്ധി ജനിപ്പിക്കുന്നതിനും സഹോദരബോധം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയാണ് ഇപ്രകാരം നിർദ്ദേശിച്ചതു. ഇത്തരത്തിലുള്ള സംഘയോഗങ്ങൾ സാമൂഹികവിധികളും സദാചാരനിയമങ്ങളും അഭ്യസിക്കുന്നതിനും സ്വഭാവരൂപവൽക്കരണം വരുത്തുന്നതിനുംകൂടി ഇടയാക്കുമെന്നു പറയേണ്ടതില്ലല്ലോ.

### യുവജനകൃത്യങ്ങൾ

തങ്ങളുടെ ഇടവകയിലെ വായന, വിനോദം, മതപഠനം എന്നീ മൂന്നിന്റെയും സ്ഥിതിഗതികൾ അന്വേഷിക്കുകയും അവ നന്നായിരിക്കുവാൻ കഴിയുന്നിടത്തോളം പ്രവർത്തിക്കുകയും ചെയ്യേണ്ടതു സ്വകൃത്യങ്ങളിൽപ്പെട്ടതാണെന്നുള്ള ഒരു ബോധം കത്തോലിക്കരായ യുവാക്കന്മാരിലെല്ലാവരിലും ഉണ്ടായിരിക്കണം. ആകയാൽ അവർ ആദ്യമായി ചെയ്യേണ്ടതു ഏതെല്ലാം പത്രങ്ങളും മാസികകളുമാണ് സ്ഥലത്തു വന്നുകൊണ്ടിരിക്കുന്നതു, സാധാരണക്കാർ വായിക്കുന്ന പുസ്തകങ്ങൾ ഏങ്ങനെയുള്ളവയാണ് എന്നറിയുകയാണ്. അവയിലേതെങ്കിലുമൊന്നു വിശ്വാസത്തിനോ സന്മാർഗ്ഗത്തിനോ ഹാനികരമാണെന്നു ബോദ്ധ്യപ്പെട്ടാൽ അതിനെ നിഷ്കാസനം ചെയ്യുന്നതിനു സർവ്വശക്തികളും ഉപയോഗിച്ചേ കഴിയൂ. തൽസ്ഥാനത്തു ഉത്തമഗ്രന്ഥങ്ങൾ എത്തിച്ചുകൊടുക്കുകയും വേണം. രണ്ടാമത്തെ കൃത്യം വിനോദകരമാണല്ലോ. ഉല്ലാസങ്ങളും കളികളും മനുഷ്യമനസ്സിനെ സംസ്കരിക്കുകയും, ദുഷിപ്പിക്കുകയും കൂടി ചെയ്യുവാൻ ഇടയാകുന്നതാണല്ലോ. ദുഷിച്ച സിനിമാകളും ചീത്ത നാടകങ്ങളും ഇക്കാലങ്ങളിൽ സുലഭമാണ്. അവയുടെ നിവാരണത്തിനുള്ള പ്രതിവിധികൾ കണ്ടുപിടിക്കേണ്ട ചുമതല യുവജനങ്ങളുടേതല്ലാതെ വേറെയാരുടേയുമല്ല. വിനോദകരങ്ങളും ഉപയോഗപ്രദങ്ങളുമായ പ്രദർശനങ്ങൾകൊണ്ടു അവയ്ക്കു പ്രതിവിധി നേടാം. യുവജനങ്ങൾക്കു ആരോഗ്യകരമായ വ്യായാമങ്ങളും കളികളും നടത്തുന്നതിനുള്ള ഉപായങ്ങളും ഇക്കൂട്ടത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. തിരുനാളുകൾ യഥാവിധി ആഘോഷപൂർവ്വം നടത്തുന്നതിനും പ്രദക്ഷിണങ്ങൾ ക്രമപ്പെടുത്തുന്നതിനും ഗായകസംഘങ്ങൾ സ്ഥാപിക്കുന്നതിനും മററും യുവാക്കന്മാർ മനസ്സുവച്ചെങ്കിലേ സാധിക്കയുള്ളല്ലോ. മൂന്നാമത്തെ കൃത്യം മതപഠനമാണ്. തങ്ങളുടെ ഇടവകയിലെ യുവജനങ്ങളുടേയും, കുട്ടികളുടേയും മതപഠനം കാര്യക്ഷമതയോടുകൂടി നടക്കണമെങ്കിൽ പ്രസ്തുത സംഘടനക്കാർ നിസ്തുല്യപരിശ്രമം ചെയ്യാതെ കഴിയുകയില്ല. ഇതിലാണ് ക്രൈസ്തവോചിതമായ അവരുടെ ചൈതന്യം വെളിപ്പെടേണ്ടതു.

### വിജ്ഞാപനം

ഈ ആസൂത്രണത്തിൽ സംഗ്രഹിച്ചിരിക്കുന്ന പ്രധാനകോടികളെ ക്രോഡീകരിച്ചു രചിക്കുന്ന പ്രബന്ധം വൈദികരുടെ ഭാഗത്തുനിന്നു ചെയ്യേണ്ട കൃത്യങ്ങളെക്കൂടി പരാമർശിക്കുന്നതും അദ്ധ്യയനമണ്ഡലങ്ങൾ സഫലമായി നടത്തപ്പെടുന്നതിനു നവീനതരമായ നിർദ്ദേശങ്ങൾ പ്രദാനംചെയ്യുന്നതുമായിരിക്കണം.

(പ്രസിദ്ധീകരണക്കമ്മിററി)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജോസഫ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ പി. ഡി., ബി. എ.

Vol. 24 || ERNAKULAM SEPTEMBER 20 1950 || No. 6


# ദൈവത്തിനു കീഴ്പ്പെട്ടെങ്കിലേ ലോകത്തിൽ സമാധാനമുണ്ടാകൂ

വ്യക്തികളുടേയും കുടുംബങ്ങളുടേയും സമുദായങ്ങളുടേയും രാഷ്ട്രങ്ങളുടേയും സ്വാതന്ത്ര്യത്തിനും സമാധാനത്തിനും ഐശ്വര്യത്തിനുംവേണ്ടിയാണ് സഖ്യകക്ഷികൾ ഹിററ്ലർക്കും കൂട്ടാളികൾക്കുമെതിരായി കഴിഞ്ഞ ലോകമഹായുദ്ധം നടത്തിയതു്. അതിൽ സഖ്യകക്ഷികൾ വിജയംവരിച്ചിട്ട് 5 വർഷം കഴിഞ്ഞിരിക്കുന്നു. എന്നിട്ടും യുദ്ധത്തിനു് അവരെ പ്രേരിപ്പിച്ച ലക്ഷ്യം കൈവന്നിട്ടില്ല. മാത്രമല്ല, കൂടുതൽ ഭയങ്കരമായ യുദ്ധമുണ്ടാകുമെന്ന ഭയത്താൽ സകലരാഷ്ട്രങ്ങളും അവയിലെ ജനങ്ങളും അസ്വസ്ഥതയിൽ ആണ്ടിരിക്കുകയുമാണ്. കഴിഞ്ഞ യുദ്ധത്തിൽ അമേരിക്കയുടേയും ബ്രിട്ടന്റേയും മററും കാര്യമായ സഹായങ്ങളാൽ തനിക്കുലഭിച്ച സ്വാധീനശക്തി യുദ്ധാനന്തരം സോവ്യററ് റഷ്യ ഉപയോഗിച്ചതു് തന്റെ ശക്തി ലോകത്തിൽ വിസ്തൃതമാക്കുവാനും ചെറുരാഷ്ട്രങ്ങളെ നിയന്ത്രണത്തിൽ വയ്ക്കുവാനുമാണ്. സോവ്യററ് റഷ്യയുടെ ആക്രമപരമായ ഈ സാമ്രാജ്യദുഷ്പ്രഭുത്വത്തെ സൈന്യബലത്താൽ മാത്രമേ പ്രതിരോധിക്കുവാൻ സാധിക്കുകയുള്ളൂ എന്ന ബോദ്ധ്യത്താൽ അമേരിക്കാ മുൻനിന്നും അതിന്റെ സഹായത്തോടുകൂടിയും പാശ്ചാത്യലോകത്തിലെ ഇതരരാഷ്ട്രങ്ങൾ അടിയന്തിരമായി സായുധീകരണം ചെയ്തുകൊണ്ടിരിക്കുന്നു. കൊറിയരാജ്യത്തിൽ സോവ്യററ് റഷ്യയുടെ അധീനത്തിലിരിക്കുന്ന വടക്കേഭാഗം അമേരിക്കയുടെ അധീനത്തിലിരിക്കുന്ന തെക്കേഭാഗത്തെ വേണ്ട മുൻകരുതലോടും ആയുധസജ്ജീകരണത്തോടുംകൂടി പെട്ടെന്നനവേ ആക്രമിച്ചു. സോവ്യററ്റഷ്യ യൂറോപ്പിലും ഏഷ്യയിലും അഴിച്ചുവിടാനുദ്ദേശിക്കുന്ന വ്യാപകമായ ആക്രമണങ്ങളുടെ ഒരു നാന്ദിയായിട്ടാണ് അമേരിക്കയും അതിനോടു ചേർന്നുള്ള രാഷ്ട്രങ്ങളും കൊറിയൻയുദ്ധത്തെ വീക്ഷിക്കുന്നതു്. തന്മൂലം പ്രസ്തുതരാഷ്ട്രങ്ങളെല്ലാം സ്വയരക്ഷയ്ക്കുവേണ്ടി സകല കഴിവുകളുമുപയോഗിച്ചു സായുധീകരണശ്രമങ്ങൾ ഊർജ്ജിതീകരിക്കുവാൻ തുടങ്ങിയിരിക്കുകയാണ്.

## ഐക്യരാഷ്ട്രസംഘടന

കഴിഞ്ഞ ലോകമഹായുദ്ധത്തിന്റെ അവസാനഘട്ടത്തിൽ, 1945 ജൂൺ 26-ാംനു- 50 രാഷ്ട്രങ്ങളുടെ പ്രതിനിധികൾ സാൻഫ്രാൻസിസ്കോയിൽ സമ്മേളിച്ച് ഒരു പ്രമാണപത്രിക (ചാർട്ടർ) എഴുതിയുണ്ടാക്കി. "സമാധാനത്തിനായുള്ള തങ്ങളുടെ പൊതുവായ ആശയിൽ ലോകരാഷ്ട്രങ്ങൾക്കു് ഒന്നിച്ചു പ്രവർത്തിക്കുവാൻ ഉപകരണമായ ഒരു സർവ്വരാജ്യസംഘടന" സ്ഥാപിക്കുകയായിരുന്നു ഈ ചാർട്ടറിന്റെ ഉദ്ദേശം. അന്നുമുതൽ പഴയ ലീഗ് ഓഫ് നേഷൻസിന്റെ സ്ഥാനത്തു് ഈ പുതിയ സംഘടന "ഐക്യരാഷ്ട്രസംഘടന" (യു. എൻ. ഒ.) എന്ന നാമത്തിൽ പ്രവർത്തിക്കുവാൻ തുടങ്ങി. ഇതിന്റെ ഉൽകൃഷ്ടലക്ഷ്യം ചാർട്ടറിലെ പ്രാരംഭവാക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നതിങ്ങനെയാണ്:—

"നമ്മുടെ ജീവിതകാലത്തു രണ്ടു പ്രാവശ്യം അവർണ്ണനീയദുരിതം മനുഷ്യവർഗ്ഗത്തിനു വരുത്തിവച്ച യുദ്ധവിപത്തിൽനിന്നു് അനന്തരപുരുഷാരങ്ങളെ രക്ഷിക്കുവാനും,

"മൗലികങ്ങളായ മനുഷ്യാവകാശങ്ങളിലും, പുരുഷാത്മകമായ മനുഷ്യവ്യക്തിയുടെ അന്തസ്സിലും വിലയിലും, വലുതും ചെറുതുമായ രാഷ്ട്രങ്ങളിലെ സ്ത്രീപുരുഷന്മാരുടെ തുല്യാവകാശങ്ങളിലുമുള്ള വിശ്വാസത്തെ വീണ്ടും ഉറപ്പിച്ചുപറയുവാനും,

"നീതിപാലിക്കുന്നതിനും, ഉടമ്പടികളിൽനിന്നും സർവ്വരാജ്യനിയമത്തിന്റെ മററുൽപ്പത്തികളിൽനിന്നും ആവിർഭവിക്കുന്ന കടമകളോടുള്ള ബഹുമാനം സംരക്ഷിക്കുന്നതിനും ആവശ്യകമായ ഉപാധികൾ ഏർപ്പെടുത്തുവാനും,

"സാമുദായികാഭിവൃദ്ധിയും, കൂടുതൽ സ്വാതന്ത്ര്യവും കൂടുതൽമെച്ചവുമായ ജീവിതത്തോളം പുരോഗമിപ്പിക്കുവാനും.....

"ഐക്യരാഷ്ട്രങ്ങളിലെ ജനങ്ങളായ ഞങ്ങൾ ഐക്യരാഷ്ട്രങ്ങളുടെ ഈ ചാർട്ടറിൽ സമ്മതിക്കുകയും, യുണൈററഡ് നേഷൻസ് എന്നു വിളിക്കപ്പെടേണ്ട സർവ്വരാജ്യസംഘടന ഇതിനാൽ ഏർപ്പെടുത്തുകയും ചെയ്യുന്നു."

യു. എൻ. ഒ. യുടെ അംശമായി, ചർച്ചകളും വാദപ്രതിവാദങ്ങളും നടത്തേണ്ട രംഗമായി, "ജനറൽ അസംബ്ലി" എന്ന നാമത്തിൽ ഒരു സമിതി ചാർട്ടറിലെ നിയമമനുസരിച്ചു സ്ഥാപിച്ചിട്ടുണ്ട്. ആക്രമണപരമായ നടപടികളെയും സമാധാനഭഞ്ജകമായ മററു പ്രവൃത്തികളേയും അമർച്ചചെയ്യുവാൻ സൈനികാധികാരത്തോടുകൂടിയ മറെറാരു സമിതി "സെക്യൂരിററി കൗൺസിൽ" എന്ന നാമത്തിൽ ജനറൽ അസംബ്ലിയുടെ കീഴിൽ സ്ഥാപിച്ചിട്ടുണ്ട്. സെക്യൂരിററികൗൺസിലിൽ അംഗത്വം സ്ഥിരമായി നൽകിയിരിക്കുന്നതു് 5 വൻകിടരാഷ്ട്രങ്ങൾക്കാണ്—ചൈന, ഫ്രാൻസ്, ബ്രിട്ടൻ, അമേരിക്ക (യു. എസ്.), സോവ്യററ് റഷ്യ. മററു രാജ്യങ്ങൾക്ക് അംഗത്വം തിരഞ്ഞെടുപ്പുവഴിയായി മാറിമാറി ലഭിക്കുന്നു. ചാർട്ടറിൽ വ്യവസ്ഥചെയ്തിട്ടുള്ള വോട്ടിംഗ് രീതിയനുസരിച്ച്, സെക്യൂരിററികൗൺസിൽ ചെയ്യുന്ന ഏതു തീരുമാനവും സാധുവാകണമെങ്കിൽ അതിലെ സ്ഥിരാംഗങ്ങളായ 5 രാഷ്ട്രങ്ങളും സമ്മതം നൽകണം. തന്മൂലം ഈ 5 രാഷ്ട്രങ്ങളിൽ ഒന്നു സമ്മതം നിഷേധിച്ചാൽ (വീറേറാ അധികാരം പ്രയോഗിച്ചാൽ) സെക്യൂരിററി കൗൺസിലിനു സാധുവായ ഒരു തീരുമാനവും ചെയ്യാൻ സാദ്ധ്യമല്ല. കൗൺസിലിന്റെ ചരിത്രത്തിൽ ഇന്നോളം സോവ്യററ്റഷ്യ ആകെ 45 പ്രാവശ്യം വീറേറാ അധികാരം പ്രയോഗിച്ചിട്ടുണ്ട്. അതിനും പുറമെ ഇക്കാലം അനേകം മാസങ്ങൾ തുടരെ സെക്യൂരിററി കൗൺസിലിലും, യു. എൻ. ഒ. യുടെ ആഭിമുഖ്യത്തിലുള്ള ഇതര സർവ്വരാജ്യസമിതികളിലും റഷ്യൻ പ്രതിനിധി സന്നിഹിതനായിരുന്നില്ല. അങ്ങനെ റഷ്യ യു. എൻ. ഒ. യുടെ പ്രവർത്തനങ്ങളിൽ നിസ്സഹകരിക്കുകയും അവയ്ക്കു വിഘ്നങ്ങളുണ്ടാക്കുകയും ചെയ്തുകൊണ്ടിരുന്നു.

## കൊറിയൻയുദ്ധംമുതൽ

കൊറിയാരാജ്യത്തിൽ കഴിഞ്ഞ യുദ്ധത്തിനുശേഷം ഒരതിർ നിർണ്ണയിച്ചു് അതിനു വടക്കുഭാഗം സോവ്യററ് റഷ്യയുടെ അധീനത്തിലും, തെക്കേഭാഗം അമേരിക്കയുടെ അധീനത്തിലും വച്ചിരിക്കുകയാണെന്നു പറഞ്ഞല്ലോ. തെക്കേകൊറിയായെ ഒരു റിപ്പബ്ലിക്കായി യു. എൻ. ഒ. അംഗീകരിച്ചിരിക്കുകയാണ്. തന്മൂലം വടക്കേകൊറിയാക്കാർ തെക്കേകൊറിയായെ ആക്രമിച്ചപ്പോൾ അതിനെപ്പററി സെക്യൂരിററി കൗൺസിലിൽ ആലോചന നടത്തുകയും ചില നിശ്ചയങ്ങൾ പാസാക്കുകയും ചെയ്തു. അതിലൊന്നു് വടക്കേകൊറിയായോടു് ആക്രമണത്തിൽനിന്നു വിരമിച്ചു് അതിർത്തിക്കപ്പുറം പൊയ്ക്കൊള്ളണമെന്നു നിർദ്ദേശിക്കുന്നതായിരുന്നു; മറെറാന്നു്, പ്രസ്തുതനിർദ്ദേശം വടക്കേകൊറിയ അനുസരിക്കാത്തപക്ഷം ആയുധപ്രയോഗത്താൽ അവരെ തെക്കേകൊറിയായിൽനിന്നു് ഓടിക്കുവാൻ യു. എസ്സിന്റെ നേതൃത്വത്തിൽ യു. എൻ. ഒ. യിലെ അംഗരാഷ്ട്രങ്ങളെ അധികാരപ്പെടുത്തുന്നതായിരുന്നു. ഈ നിശ്ചയങ്ങൾ ചെയ്ത സെക്യൂരിററി കൗൺസിൽ യോഗത്തിൽ റഷ്യൻപ്രതിനിധി, അവർ സ്വീകരിച്ചുപോന്ന നിസ്സഹകരണമനുസരിച്ച്, സന്നിഹിതനായിരുന്നില്ല. അങ്ങനെ റഷ്യക്കു വീറേറാ അധികാരം പ്രയോഗിക്കുവാൻ കഴിഞ്ഞുമില്ല. കൗൺസിലിന്റെ പ്രസ്തുത തീരുമാനങ്ങളനുസരിച്ചു് യു. എസ്സിന്റേയും അവരുടെ നേതൃത്വത്തിൽ മററു ചില അംഗരാഷ്ട്രങ്ങളുടേയും സൈന്യങ്ങൾ വടക്കൻ കൊറിയാക്കാരെ തെക്കേകൊറിയായിൽനിന്നോടിക്കുവാനുള്ള യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ജൂലൈ അവസാനത്തിലാണു് ഇതെല്ലാം നടന്നതു്. ആ മാസത്തിൽ സെക്യൂരിററി കൗൺസിലിന്റെ അദ്ധ്യക്ഷത വഹിച്ചതു് ഇന്ത്യൻപ്രതിനിധിയായിരുന്നു. സെക്യൂരിററി കൗൺസിലിന്റെ നടപടിക്രമമനുസരിച്ചു് ആഗസ്റ്റിൽ അതിന്റെ അദ്ധ്യക്ഷത വഹിക്കുവാൻ ഊഴപ്രകാരം റഷ്യൻപ്രതിനിധിക്കായിരുന്നു മുറ. അതു പ്രയോജനപ്പെടുത്തുവാൻ റഷ്യ തീരുമാനിച്ചു. തദനുസരണം അവരുടെ പ്രതിനിധി ആഗസ്റ്റിൽ കൗൺസിലിന്റെ അദ്ധ്യക്ഷസ്ഥാനം സ്വീകരിച്ചു. തന്റെ അസാന്നിദ്ധ്യത്തിൽ സെക്യൂരിററി കൗൺസിൽ കൊറിയൻ പ്രശ്നത്തെപ്പററി ചെയ്ത തീരുമാനങ്ങൾ അസാധുവാണെന്നായിരുന്നു തുടക്കംമുതൽ അദ്ദേഹത്തിന്റെ വാദം. അതിന്റെ ഫലമായി ആ മാസംമുഴുവനും സെക്യൂരിററികൗൺസിലിൽ വാദപ്രതിവാദങ്ങൾ ഏററവും വാശിയോടും കൈപ്പോടുംകൂടി നടന്നതല്ലാതെ കൊറിയൻപ്രശ്നത്തിന്റെ പരിഹാരത്തെ സഹായിക്കുന്ന യാതൊരു തീരുമാനവും ചെയ്യാൻ കഴിഞ്ഞില്ല. ആഗസ്റ്റ് കഴിഞ്ഞതോടുകൂടി റഷ്യൻപ്രതിനിധിയുടെ അദ്ധ്യക്ഷസ്ഥാനവും അവസാനിച്ചു. സെപ്ററംബർ മാസത്തിൽ മുറപ്രകാരം ബ്രിട്ടന്റെ പ്രതിനിധിയാണ് കൗൺസിലിൽ അദ്ധ്യക്ഷത സ്വീകരിച്ചിരിക്കുന്നതു്. ഇങ്ങനെയിരിക്കുന്നു സെക്യൂരിററി കൗൺസിലിന്റെ കാര്യം.

## ജനറൽ അസംബ്ലി

യു. എൻ. ഒ. യുടെ പ്രധാനസമിതിയായ ജനറൽ അസംബ്ലി കൂടുവാനുള്ളതു് സെപ്ററംബറിലാണ്. ലോകരെയെല്ലാം ഭയവിഹ്വലരാക്കിയിരിക്കുന്ന "ശീതയുദ്ധ"ത്തിന്റേയും അതിന്റെ ഫലമായി കൊറിയായിൽ നടമാടുന്ന "ചൂടുയുദ്ധ"ത്തിന്റേയും സാഹചര്യങ്ങളിൽ നടക്കുന്ന ജനറൽ അസംബ്ലിയുടെ സമ്മേളനം ലോകത്തിന്റെ ഭാവിയെ നിർണ്ണയിക്കാനുള്ള ഏററവും പ്രധാനമായ ഒന്നാമെന്നു് സ്പഷ്ടമാണല്ലോ. സമ്മേളനത്തിൽ സംബന്ധിക്കുന്നതിനായി ഇംഗ്ലണ്ടിൽനിന്നും പുറപ്പെട്ടയവസരത്തിൽ ബ്രിട്ടീഷ് വിദേശകാര്യമന്ത്രി മിസ്റ്റർ ബെവിൻ ഇപ്രകാരം പ്രസ്താവിച്ചു:- "എന്റെ വിശ്വാസമെന്തെന്നാൽ, അററ്ലാൻറിക് പാക്ററിലുള്ള സകല രാജ്യങ്ങളും നമ്മുടെ പ്രവർത്തനങ്ങളോടു സൗഹാർദ്ദതയുള്ള രാഷ്ട്രങ്ങളും പരസ്പരം ബന്ധിക്കുകയും സംഘടിക്കുകയും ചെയ്യുന്നെങ്കിൽ, ഏതു് ആക്രമണകാരനും രണ്ടു പ്രാവശ്യം ആലോചിച്ചിട്ടേ ശല്യങ്ങളുണ്ടാക്കാൻ തുടങ്ങുകയുള്ളൂ." നടക്കാൻ പോകുന്ന വിദേശമന്ത്രിമാരുടെ സമ്മേളനത്തെ സംബന്ധിച്ചു് അദ്ദേഹം പറഞ്ഞതിങ്ങനെയാണ്: "ഇതു യഥാർത്ഥത്തിൽ ഗൗരവാവഹമായ സമ്മേളനമാകുന്നു; മനുഷ്യവർഗ്ഗത്തിന്റെ ഭാവിക്കു് ഏററവും പ്രാധാന്യമുള്ളതുമാണ്. വളരെ കുഴഞ്ഞുമറിഞ്ഞതും മാർദ്ദവവുമായ ജോലികളാണ് നമുക്കു നിർവ്വഹിക്കുവാനുള്ളതു്..........നാം ചെയ്യുന്നതെന്തെന്നു് നാം വളരെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. നാളെയോ അടുത്തകൊല്ലമോ സംഭവിക്കുവാൻ പോകുന്നതെന്തെന്നുമാത്രമല്ല നമുക്കു തീരുമാനിക്കാനുള്ളതു്. മനുഷ്യവർഗ്ഗം പ്രയാണംചെയ്യേണ്ട മാർഗ്ഗം തെളിച്ചിടുകയാണ് നമ്മുടെ ജോലി. 20 വർഷങ്ങൾ കഴിയുമ്പോൾ നാം കൊയ്തെടുക്കുന്നതു് ചുഴലിക്കാററാണെന്നുവരാം. തന്മൂലം നമ്മുടെ നിർണ്ണയങ്ങൾ ഭാവിയെ ലക്ഷ്യം വച്ചുള്ളതായിരിക്കണം. നമ്മുടെ വിധി അവധാനസഹിതമായിരിക്കണം."

ഭാവിയിൽ യുദ്ധങ്ങളുണ്ടാകാതിരിക്കുവാനും ലോകസമാധാനം എന്നും നിലനിർത്തുവാനും പര്യാപ്തമായ ഉപകരണമായിട്ടാണ് യു. എൻ. ഒ. ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നു്, ഒന്നിച്ചുകൂടി അതു സ്ഥാപിച്ച രാഷ്ട്രങ്ങളുടെ വാക്കുകളിൽനിന്നുതന്നെ തെളിയുന്നുണ്ടല്ലോ. മൗലികങ്ങളായ മനുഷ്യാവകാശങ്ങൾ വ്യക്തികൾക്കും സമുദായങ്ങൾക്കും രാഷ്ട്രങ്ങൾക്കും ഭദ്രമായിരിക്കണമെന്നുള്ള ആദർശമാണ് യു. എൻ. ഒ. സ്വീകരിച്ചിട്ടുള്ളതെന്നു് അതിന്റെ ചാർട്ടറിലെ വാക്കുകൾ സ്പഷ്ടമാക്കുന്നുമുണ്ട്. അന്നിമിത്തം യു. എൻ. ഒ. ലോകസമാധാനം സംരക്ഷിക്കുവാൻ തികച്ചും കഴിവുള്ളതായിരിക്കുമെന്നാണ് ഊഹിക്കാൻ ന്യായമുള്ളതു്. എന്നാൽ നിർഭാഗ്യവശാൽ യു. എൻ. ഒ. യിലെ അംഗങ്ങളായ രാഷ്ട്രങ്ങളെല്ലാം ഈ ആദർശം തത്വത്തിലും പ്രയോഗത്തിലും സ്വീകരിക്കുന്നവയല്ല. യു. എൻ. ഒ. അംഗരാഷ്ട്രങ്ങളെ പ്രജായത്തപരങ്ങളായി നിർദ്ധാരണം ചെയ്യുന്നു. സോവ്യററ്റഷ്യയും അതിന്റെ പിടിയിലമർന്നിരിക്കുന്ന മററുരാഷ്ട്രങ്ങളും, നേരെമറിച്ച്, സർവ്വാധിപത്യപരമായ ആദർശങ്ങൾ സ്വീകരിക്കുന്നവയാണ്. ഇങ്ങനെ പരസ്പരവിരുദ്ധങ്ങളായ ജീവിതാദർശങ്ങൾ സ്വീകരിച്ചിട്ടുള്ള രാഷ്ട്രങ്ങളുടെ സംഘടയമായ യു. എൻ. ഒ. യിൽ അഭിപ്രായൈക്യം ഉണ്ടാവുക സാദ്ധ്യമാണോ? സാദ്ധ്യമല്ലെന്നുള്ളതിനു തെളിവാണ് സോവ്യററ്റഷ്യ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നിസ്സഹകരണവും വിഘ്നകരങ്ങളായ നടപടികളും. ഈ കുഴപ്പങ്ങൾ അവയുടെ മൂർദ്ധന്യത്തോളം ഇപ്പോൾ എത്തിയിരിക്കുകയാണ്. ആകയാൽ യു. എൻ. ഒ. യുടെ പ്രധാനസമിതിയായ ജനറൽ അസംബ്ലിയുടെ ഇത്തവണത്തെ സമ്മേളനം മനുഷ്യവർഗ്ഗത്തിന്റെ ഭാവിയെ നിർണ്ണയിക്കുന്നതാണെന്നും, അതിലെ ചർച്ചകളും തീരുമാനങ്ങളും വളരെ ശ്രദ്ധയോടും വിവേകത്തോടുംകൂടി നടത്തേണ്ടതാണെന്നും മിസ്റ്റർ ബെവിൻ പ്രസ്താവിച്ചതു് എത്ര വാസ്തവം!

## ബെഞ്ചമിൻ ഫ്രാങ്ക്ലിന്റെ മാതൃക

എന്നാൽ മനുഷ്യവർഗ്ഗത്തിന്റെ ഭാവി നിശ്ചയിക്കേണ്ട ആലോചനകളിൽ മനുഷ്യർ മാത്രം പങ്കെടുത്താൽ മതിയോ, മനുഷ്യബുദ്ധിയും മനുഷ്യമനസ്സും മാത്രം പ്രവർത്തിച്ചാൽ മതിയോ, മനുഷ്യവ്യക്തികളുടേയും മനുഷ്യവർഗ്ഗത്തിന്റേയും സ്രഷ്ടാവും നിയന്താവുമായ ദൈവത്തിന്റെ സഹായം ഈ ദുർഘടഘട്ടത്തിൽ പ്രത്യേകിച്ചും അത്യാവശ്യമല്ലയോ? തലയെണ്ണി അഭിപ്രായരൂപീകരണം ചെയ്യുന്ന ആധുനികകാലത്തിലെ സമ്പ്രദായമനുസരിച്ചുതന്നെ നോക്കുന്നപക്ഷം, ഇന്നോളം ജീവിച്ചിട്ടുള്ളവരും ഇന്നു ജീവിക്കുന്നവരുമായ മനുഷ്യർക്കുള്ളിൽ പണ്ഡിതപാമരവ്യത്യാസം കൂടാതെ മഹാഭൂരിപക്ഷവും പറയും, ദൈവസഹായം അത്യാവശ്യകമാണെന്നു്. ഇതുകൊണ്ടാണ് നമ്മുടെ പരിശുദ്ധ പിതാവു് ദൈവസഹായത്തിനായി പ്രാർത്ഥിക്കുവാൻ സകല മനുഷ്യരോടും, രാഷ്ട്രീയനേതാക്കന്മാരോടു പ്രത്യേകിച്ചും, ഇടവിടാതെ ഉപദേശിച്ചുകൊണ്ടിരിക്കുന്നതു്. "കർമ്മപരിപാടികളും തീരുമാനങ്ങളും കൂടിയാലോചനകളും കൊണ്ടുമാത്രം" ലോകത്തിൽ സമാധാനം സ്ഥാപിക്കുവാൻ സാദ്ധ്യമല്ലെന്നു് ജർമ്മൻ കത്തോലിക്കരുടെ 74-ാമത്തെ കോൺഗ്രസ്സ് സമ്മേളനത്തിനയച്ച സന്ദേശത്തിൽ സെപ്ററംബർ 3-ാംനു- തിരുമേനി ഉദ്ബോധിപ്പിക്കുകയുണ്ടായി.

അമേരിക്കയ്ക്കു സ്വാതന്ത്ര്യം ലഭിച്ചശേഷം ഭരണഘടന രൂപീകരിക്കുവാൻ നേതാക്കന്മാർ സമ്മേളിച്ചു. നാല

വിമർശനവീഥി

# ദേഹദണ്ഡനപ്രയോഗം

# ഇല്ലാകഥകൾ സമ്മതിപ്പിക്കാൻ

[വിക്ടർ ക്രൗച്ചൻകോ എന്ന സോവ്യറ്റ് റഷ്യയിലെ ഫാക്ടറി നേതാവിനെ സോവ്യറ്റ് ഉദ്യോഗസ്ഥന്മാരുടേയും സോവ്യറ്റ് രഹസ്യപ്പോലീസിന്റേയും റിപ്പോർട്ടുകളുമാധാരമാക്കി, യാതൊരു നീതിബോധവുമില്ലാതെ തുടരെത്തുടരെ വിസ്തരിച്ച കഥ അദ്ദേഹത്തിന്റെ വാക്കുകളിൽ കഴിഞ്ഞ പ്രാവശ്യം വിവരിച്ചിരുന്നല്ലോ. ആ വിസ്താരം തുടർന്നതെങ്ങനെയെന്ന് അദ്ദേഹം തന്നെ വിവരിച്ചിട്ടുള്ളതാണ് താഴെ ചേർക്കുന്നത്.]

ഞ്ചു വർഷങ്ങൾ തുടരെ ആലോചന നടത്തിയിട്ടും ഉദ്ദിഷ്ടം സാധിച്ചില്ല. അതിന്റെ കാരണം വിവരിച്ചും ഉദ്ദിഷ്ടസിദ്ധിക്കുള്ള മാർഗ്ഗം ചൂണ്ടിക്കാണിച്ചും മഹാനായ ബെഞ്ചമിൻ ഫ്രാങ്ക്ളിൻ ആ മഹാസമ്മേളനത്തിൽ 1887 ജൂൺ 16-ാം നു ഒരു പ്രസംഗം ചെയ്തു. സ്വന്തം ബുദ്ധിയുടെ വെളിച്ചത്തെമാത്രം ആശ്രയിച്ചതുകൊണ്ടാണ് തൃപ്തികരമായ ഭരണഘടന രൂപീകരിക്കുവാൻ അവർക്ക് സാധിക്കാഞ്ഞതെന്ന് അദ്ദേഹം വിശദീകരിച്ചു. "എന്റെ ജീവിതം ദീർഘിക്കുംതോറും എനിക്ക് കൂടുതൽ കൂടുതൽ ബോദ്ധ്യപ്പെടുന്നതു്, മനുഷ്യരുടെ കാര്യങ്ങളിൽ ദൈവത്തിന്റെ ഭരണം ഉണ്ടെന്നുള്ള സത്യമാണ്. ദൈവത്തിന്റെ അറിവുകൂടാതെ ഒരു കുരുവി നിലംപതിക്കുക സാദ്ധ്യമല്ലെങ്കിൽ, അവിടുത്തെ സഹായം കൂടാതെ ഒരു സാമ്രാജ്യത്തിനു് ഉയരുക സാദ്ധ്യമാണോ?" എന്നദ്ദേഹം ചോദിച്ചു. ആകയാൽ ഓരോ ദിവസവും സമ്മേളനത്തിൽ ആലോചന തുടങ്ങുന്നതിനുമുമ്പ് ഒരേകാഗ്രതയോടെ തന്നെ ദൈവസഹായം അഭ്യർത്ഥിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. നിർദ്ദേശം സ്വീകരിക്കപ്പെട്ടു. "മനുഷ്യന്റെ തലച്ചോറു നിർമ്മിച്ചിട്ടുള്ളതിൽ ഏററവും മഹത്തായതു്" എന്നു സുപ്രസിദ്ധ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ഗ്ലാഡ്സ്റ്റൺ പ്രശംസിച്ചിട്ടുള്ള, നമ്മുടെ പണ്ഡിതജി അമേരിക്കൻസന്ദർശനത്തിനിടയിൽ വാനോളം പുകഴ്ത്തിയ, ഭരണഘടന രൂപീകരിക്കപ്പെടുകയും ചെയ്തു.

ലോകസമാധാനത്തിനുവേണ്ടി നാം പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഫാത്തിമായിലെ സന്ദേശത്തിന്റെ വെളിച്ചത്തിൽ പ്രാർത്ഥനയും പ്രായശ്ചിത്തവും അനുഷ്ഠിക്കുവാൻ നാം യത്നം ചെയ്തിട്ടുമുണ്ടു്. ലോകത്തിന്റെ ഭാവി ഭയങ്കരമായ ഭീഷണത്തിനു വിധേയമായിരിക്കുന്ന ഈ ഘട്ടത്തിൽ, അതിനു പരിഹാരം കാണുവാൻ സർവ്വരാഷ്ട്രസംഘടന കൂലംകഷമായ ആലോചന നടത്തുന്ന സന്ദർഭത്തിൽ, അതിലേർപ്പെട്ടിരിക്കുന്ന നേതാക്കന്മാരുടെ ബുദ്ധിക്കു പ്രകാശവും മനസ്സിനു പ്രചോദനവും നല്കുവാൻ ദൈവത്തോടു്, ഇൻഡ്യായൂണിയൻ പ്രസിഡൻറായ രാജൻബാബുവിന്റെ വാക്കുകളിൽ, "രാഷ്ട്രങ്ങളുടെ ഭാഗധേയങ്ങളെ നിയന്ത്രിക്കുന്ന സർവ്വശക്തനായ ദൈവത്തോടു്," ഏററവും തീക്ഷ്ണമായും ഇടവിടാതെയും നമുക്ക് പ്രാർത്ഥിക്കാം.

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

## അടുത്തയാഴ്ചയിൽ

സെപ്റ്റംബർ

24 ഞാ: പന്തക്കുസ്താ 17-ാം ഞായർ പീററർ നൊളാസ്കോ
25 തി: ഹിർമ്മീനും ഫിൻബാർ
26 ചൊ: സിപ്രിയാൻ, കുസ്തീനാ
27 ബു: കോസ്മോസും ദമിയാനും
28 വ്യാ: വെഞ്ചെസ്ലാവൂസ്
29 വെ: മിഖായേൽ
30 ശ: ജെറോം

അടുത്തകാലം രാത്രികൾ തുടരെ പല മാസങ്ങളായി എന്നെ തലസ്ഥാനത്തേക്കു വിളിച്ചു ചോദിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു. തന്മൂലമുണ്ടായ ഉറക്കമില്ലായ്മയാൽ ഞാൻ ശക്തിയററവനാകണമെന്നായിരുന്നു അവരുടെ ഉദ്ദേശം. പകൽ മുഴുവനും ഞാൻ ജോലി ചെയ്തു. എന്റെ പുതിയ ഉദ്യോഗത്തിൽ അലസത കാണിക്കുവാൻ എനിക്കു നിവൃത്തിയില്ലായിരുന്നു. വല്ല പിശകോ കുറവോ ഉണ്ടായാൽ അതു നശീകരണപ്രവൃത്തിയുടെ വിശേഷാൽ തെളിവായി കണക്കാക്കുമായിരുന്നു. ആകയാൽ രാത്രികളിലധികവും മനസ്സു പുണ്ണാക്കിയാണ് ഞാൻ കഴിച്ചുകൂട്ടിയതു്.

ഒരു രാത്രി, വരാന്തയിൽ ചുമരിനു് അഭിമുഖമായി നാലഞ്ചു മണിക്കൂർ നിന്നനിലയിൽ നിർത്തിയശേഷം യാതൊന്നും ചോദിക്കാതെ എന്നെ ഗർഷ്ഗോൺ (രഹസ്യപ്പോലീസിന്റെ തലവൻ) പറഞ്ഞയച്ചു. ക്ഷമിക്കണമെന്നും കൂടുതൽ സംഭാഷിക്കുവാൻ തനിക്കു സമയമില്ലെന്നും അദ്ദേഹം പറഞ്ഞു. എങ്കിലും പിറേറ രാത്രി ഒരു പുതിയ കുററാരോപണം അദ്ദേഹം എന്റെമേലെറിഞ്ഞു.

"ക്രൗച്ചൻകോ, രണ്ടു അമേരിക്കാക്കാർ തന്റെകൂടെ വസിച്ചിരുന്നു, ഇല്ലേ?"

"ഉവ്വ്", ചില അമേരിക്കൻ യന്ത്രങ്ങൾ ശരിപ്പെടുത്തുവാൻ അവർ ഞങ്ങളെ സഹായിക്കുകയായിരുന്നു."

"ആ രാജ്യദ്രോഹിയായ ബ്രാക്കോ (ക്രൗച്ചൻകോയുടെ ഒരു മിത്രം) അവരെ, മററാരുടെയും കൂടെയല്ലാതെ, തന്റെകൂടെത്തന്നെ ആക്കിയതെന്തുകൊണ്ടു്?"

"ഞാൻ അവിവാഹിതനായതുകൊണ്ടായിരിക്കാം. ഒരു മുഴുത്ത വസതിയിൽ ഞാൻ ഏകനായി പാർത്തിരുന്നു."

"ഒന്നു ചോദിക്കട്ടെ, ആ വിദേശികളോടു സോവ്യററുഭരണത്തെപ്പററി താനൊരിക്കലെങ്കിലും ആവലാതി പറഞ്ഞിട്ടുണ്ടോ?"

"ഇല്ല, ഒരിക്കലുമില്ല. അവരിപ്പോഴും യു. എസ്സ്. എസ്സ്. ആറിൽ ഉണ്ടല്ലോ. അവരോടു ചോദിച്ചുകൊള്ളുക."

"ഞാൻ ചെയ്യേണ്ടതെന്താണെന്നു് എന്നെ ഉപദേശിക്കണ്ട, തന്റെ അധികപ്രസംഗം എന്നെ മുഷിപ്പിക്കുന്നു. ഈ അമേരിക്കാക്കാരുമായി തനിക്കുണ്ടായിരുന്ന രാഷ്ട്രീയബന്ധങ്ങൾ എന്തെല്ലാം?"

"ഒന്നുമില്ല. ഞാൻ അവരോടു മര്യാദയായി പെരുമാറിയെന്നുമാത്രം. അതെന്റെ കർത്തവ്യമായിരുന്നു."

"എന്നാൽ ഇവാൻ ചെങ്കോ അല്ലേ ആ യന്ത്രങ്ങൾ യുണൈററഡ് സ്റ്റേയ്ററ്സിൽനിന്നു വരുത്തിയതു്?"

"അതെ."

"ഇവാൻചെങ്കോയും ആ അമേരിക്കൻ കച്ചവടസ്ഥാപനവും തമ്മിൽ നശീകരണപ്ലാൻ നടത്തിയിരിക്കുക സാദ്ധ്യമായിരുന്നില്ലേ?"

"അതെനിക്കറിഞ്ഞുകൂടാ."

അമേരിക്കാക്കാരെപ്പററിയുള്ള ഈ ചോദ്യങ്ങൾ അനേകം മണിക്കൂർ നീണ്ടുനിന്നു. പൊടുന്നനവേ വാതിൽ തുറന്നു. ഇദ്ദേഹത്തിന്റെ മേലാവായ ഡൊറോഗൺ ക്രോധാകുലനായി മതിമറന്നു ചാടിക്കയറി. ഗർഷ്ഗോൺ ആചാരപൂർവ്വം എഴുന്നേററു നിന്നു.

"എടോ ഗർഷ്ഗോൺ, ഈ നശീകരണക്കാരൻ അവന്റെ ചെറുവിരലുകൊണ്ടു തന്നെ ചുററിച്ചുകൊണ്ടിരിക്കാൻ താനെത്രനാളനുവദിക്കും? താൻ ഒരു ചെക്കിസ്റ്റോ (രഹസ്യപ്പോലീസുകാരൻ) വൃത്തികെട്ട പഴന്തുണിയോ? ഇവനെ സിററിക്കമ്മിററി ഉഴപ്പിച്ചുകൊണ്ടു നടക്കാൻ സമ്മതിക്കുന്നതിനു പകരം ഒരുകൊല്ലം മുമ്പു് നമ്മൾ അറസ്റ്റു ചെയ്തെങ്കിൽ വളരെ മോശമായിപ്പോയി."

ഗർഷ്ഗോൺ നടുവരന്നപോലെ തോന്നി. തന്റെ മേലാവിന്റെ മുമ്പിൽ അദ്ദേഹം വിറച്ചുനിന്നു.

"മേലാവായ സഖാവേ, ഞാൻ എന്നാൽ കഴിവുള്ളതെല്ലാം ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു മാസമായി കാരാത്രിയും ഞാൻ അവനോടു മല്ലിട്ടുകൊണ്ടിരിക്കുകയാണ്. അങ്ങേക്കിഷ്ടമാണെങ്കിൽ കൂടുതൽ കഠിനമായ പ്രയോഗങ്ങൾ ഞാൻ സ്വീകരിച്ചുകൊള്ളാം."

ഇപ്പറഞ്ഞതൊന്നും ഡൊറോഗൺ വകവച്ചില്ല. അദ്ദേഹത്തിന്റെ കോപം എന്റെമേൽ ഉയർന്നു.

"സൂക്ഷിച്ചുകൊള്ളൂ, ക്രൗച്ചൻകോ, അല്ലെങ്കിൽ താൻ വല്ലാതെ ചീത്തയാകും."

വാതിൽ തള്ളിയടച്ചുകൊണ്ടു് അദ്ദേഹമിറങ്ങിപ്പോയി. ഗർഷ്ഗോൺ എന്നെ പിടിച്ചയച്ചു ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ ഡൊറോഗനുമായി സംസാരിക്കാൻ ഞാൻ തീർച്ചയാക്കി. ഈ മരണം ഏതെങ്കിലുമൊരുവിധത്തിൽ അവസാനിപ്പിക്കണമെന്നു കരുതി. അദ്ദേഹത്തിന്റെ ആഫീസിനു പുറത്തു നിന്നിരുന്ന ഗാർഡിന്റെ കൈയിൽ എന്റെ സന്ദർശനക്കാർഡു കൊടുത്തയച്ചു. കടന്നുചെല്ലാൻ അനുവാദം കിട്ടി.

"നശിച്ചവനേ, നിനക്കെന്തുവേണം?" ഡൊറോഗൺ അലറി.

"എന്നിൽനിന്നു് അങ്ങാവശ്യപ്പെടുന്നതു് എന്താണെന്നു ചോദിക്കാനാണ് ഞാൻ വന്നിരിക്കുന്നതു്. എത്രയോ നാളായി ഈ ദേഹോപദ്രവങ്ങളെല്ലാം ഞാനനുഭവിക്കുന്നു. ഓരോ രാത്രിയും പുതിയ കുററാരോപണങ്ങൾ കണ്ടുപിടിക്കുകയാണ്. ഡൊറോഗൻ സഖാവേ, സിററിക്കമ്മിററിയുടെ ബ്യൂറോയിലെ അംഗമാണല്ലോ അങ്ങു്. ഞാൻ നിരപരാധിയെന്നു് രണ്ടുപ്രാവശ്യം അവർ വിധി പ്രസ്താവിച്ചിട്ടുള്ളതു് അങ്ങേക്കറിയാമല്ലോ. ഞാനങ്ങയോടപേക്ഷിക്കുന്നു ഒരു കമ്മ്യൂണിസ്റ്റെന്ന നിലയിൽ......"

"കമ്മ്യൂണിസ്റ്റെന്ന നിലയിലോ!" അദ്ദേഹം ആക്രോശിച്ചുകൊണ്ടു് വെകിളിപിടിച്ച കാളയെപ്പോലെ എന്റെനേരെ പാഞ്ഞു് ഉള്ളംകൈകൊണ്ടു്, ആദ്യം ഒരു ചെകിട്ടത്തും, തുടർന്നു മറേറതിലും അദ്ദേഹം എന്നെ അടിച്ചു. എന്റെ തൊണ്ടയ്ക്കുപിടിച്ചു് എന്നെ ശ്വാസം മുട്ടിക്കാൻ തുടങ്ങി; അതിനുംപുറമെ എന്നെ പിടിച്ചു് ഓരോ വശത്തേക്കും ശക്തിയായി ഉലച്ചു. അദ്ദേഹമെന്തൊരു ശക്തൻ! അദ്ദേഹത്തിന്റെ കരങ്ങൾകൊണ്ടുള്ള പിടുത്തം പിരി മുറുക്കിമുറുക്കിക്കൊണ്ടിരിക്കുന്ന ഇരുമ്പുകൈയാമത്തിന്റേതിനെക്കാൾ കഠിനം. സമസ്തവും ഇരുളടഞ്ഞതുപോലെ തോന്നി.

"പോ പുറത്തു്, ഞാൻ നിന്നെ കൊല്ലുന്നതിനുമുമ്പു്." എന്നാക്രോശിച്ചുകൊണ്ടു് അദ്ദേഹമെന്നെ വാതിലിൽക്കൂടി തള്ളിപ്പുറത്താക്കി.

ഞാൻ വേച്ചുവേച്ചു ചുമരിൽചെന്നു ചാരി, കുറേ നേരത്തേക്കു അവിടെനിന്നു. അപ്പോഴേക്കും എന്റെ കഴുത്തിനു ചുററും വന്നുവീണ ഇരുമ്പുവളയത്തിന്റെ പിടി അയഞ്ഞു. എന്റെ വസതിയിലേക്കു് ഞാൻ മടങ്ങിയെത്തിയതു് എങ്ങനെയെന്നു് എനിക്കൊരു ബോധവുമില്ല. വലിഞ്ഞു വലിഞ്ഞു ഞാൻ ഗോവണികയറി, കട്ടിലിൽ ചെന്നുവീണു് ഗാഢനിദ്രയിൽ ലയിക്കുകയുംചെയ്തു.

* * *

ജനുവരി ആദ്യവാരത്തിൽ ഗർഷ്ഗോൺ ഒരു പുതിയ രേഖ എന്റെ മുമ്പിൽവച്ചു. അതുപാഠത്തിൽ എന്റെ കുററസമ്മതമായിരുന്നു. എന്റെ മിത്രങ്ങളുടേയും മേലുദ്യോഗസ്ഥന്മാരുടേയും കീഴുദ്യോഗസ്ഥന്മാരുടേയും പാതകങ്ങളെല്ലാം അതിൽ തെളിവായി വിവരിച്ചിരുന്നു. അവയിൽ എനിക്കുള്ള പങ്കു് ചെറുതായും യാദൃച്ഛികമായുമാണ് ഉൾപ്പെടുത്തിയിരുന്നതു്. ഈ വിദ്യ എന്റെ കീഴടക്കം കൂടുതൽ എളുപ്പവും ആകർഷകവുമാക്കാൻവേണ്ടി കരുതിക്കൂട്ടി പ്രയോഗിച്ചതാണ്.

"മര്യാദയായി ഒന്നു മനസ്സിലാക്കണം." ഗർഷ്ഗോൺ പറഞ്ഞു. ഈ കെട്ടുകഥയുടെ പേജുകൾ ഓരോന്നായി ഞാൻ വായിച്ചുകണ്ടശേഷം; "എൻ. കെ. വി. ഡി. നിങ്ങളിൽനിന്നു പ്രതീക്ഷിക്കുന്നതിൽ ഏററവും കുറഞ്ഞതാണിതു്. ഇനി വിലപേശാൻ വകയില്ല. ഇതിനൊപ്പു വയ്ക്കാൻ വിസമ്മതിക്കുന്നപക്ഷം, താൻ എൻ. കെ. വി. ഡി. ക്കെതിരായി സമരപ്രഖ്യാപനം ചെയ്യുകയാണ്. അതു ചെയ്തിട്ടു ജീവനോടെ പോകാൻ തനിക്കു സാദ്ധ്യമല്ല. തന്നെപ്പോലെതന്നെ ഞാനും ഈ നീണ്ട നീണ്ട പരിശോധനകൊണ്ടു മുഷിഞ്ഞിരിക്കുകയാണ്. അതിനാൽ ബുദ്ധിയോടുകൂടി പ്രവർത്തിക്കുക. ഒരു പേനകൊണ്ടോ പെൻസിൽകൊണ്ടോ ഇതിനു താൻ ഒപ്പുവയ്ക്കുമോ?"

"ഒന്നുകൊണ്ടും വയ്ക്കില്ല. ഇതിലെ പ്രസ്താവങ്ങളിൽ എനിക്കറിയാവുന്ന യഥാർത്ഥങ്ങളല്ല. ബാക്കിയുള്ളവയെപ്പററി എനിക്കറിഞ്ഞുകൂടാ. ഇതിൽ എന്റെ വായിൽനിന്നു പുറപ്പെട്ടതായി കാണിച്ചിരിക്കുന്ന കുററസമ്മതങ്ങളൊന്നും ഞാൻ ചെയ്തിട്ടുള്ളതല്ല."

"നശീകരണക്കാരാ, ഞാൻ പറയുന്നു നീ ഒപ്പുവയ്ക്കുമെന്നു്. ബിടുക്കാവു് ഒപ്പുവച്ചുവഴിക്കു്, ഇവൻ ചെങ്കോ ഒപ്പുവച്ചുവഴിക്കു് നീയും ഒപ്പുവയ്ക്കും."

"അങ്ങയുടെ ഇഷ്ടംപോലെ ചെയ്തോളൂ. ഞാൻ ചെയ്യാത്ത കുററം ചെയ്തെന്നു ഞാനേററുപറയുകയില്ല."

ഗർഷ്ഗോൺ കോപമേറി പൂണ്ടു ചാടി എഴുന്നേററു് എന്റെ നേരെ പാഞ്ഞു് "നശീകരണക്കാരാ, കള്ളത്തെമ്മാടി" എന്നാക്രോശിച്ചു. "ഇതു നിനക്കിരിക്കട്ടെ—ഇതും" എന്നു പറഞ്ഞു; അദ്ദേഹത്തിന്റെ ഭയങ്കരമായ മുഷ്ടി എന്റെ മുഖത്തു ഒന്നിനുപിറകെ പിസ്റ്റൺപോലെ വന്നുവീണു. എന്റെ മൂക്കിൽനിന്നു രക്തം ചാടി. എന്റെ വായിൽ രക്തം നിറഞ്ഞു. എന്തെന്നില്ലാത്ത ഒരു ചെകിടിപ്പും തോന്നി. "നിന്നെപ്പിടിച്ചോ?" എന്ന ചോദ്യത്തോടുകൂടി ഇടിയും ചവിട്ടും എന്റെ ദേഹമാസകലം പ്രയോഗിച്ചു. തലയിലെ ഒരു മുറിവിൽനിന്നു രക്തം കണ്ണിലേക്കൊഴുകി എന്നെ അന്ധനാക്കി.

"ഡൊറോഗൺ മുറിയിലേക്കു് ഓടിക്കയറുന്നതു് ഞാൻ കേട്ടു, കാണുകയല്ല ചെയ്തതു്. അദ്ദേഹത്തിന്റെ കനത്ത കാലടികൾ തിരിച്ചറിയാൻ എന്റെ ഞരമ്പുകൾ ശീലിച്ചിരുന്നു. അദ്ദേഹം മുഷ്ടികൾകൊണ്ടു് എന്നെ ഇടിച്ചുപൊടിക്കുവാൻ തുടങ്ങി. ഞാൻ നിലത്തു വീണു്, ഒരു പന്തുപോലെ ഉരുണ്ടു. എന്റെ തൊലിക്കുള്ളിലേക്കു ഞാൻ കൂടുതൽ കൂടുതൽ വലിഞ്ഞു കയറുന്നതുപോലെ തോന്നി. അപ്പോൾ കനത്തതും കാലുറകൾധരിച്ചതുമായ നാലു ക്രൂരപാദങ്ങൾ എന്നെ ചവിട്ടുകയും തൊഴിക്കുകയും ചെയ്തു.

ഞാൻ വേദനകൊണ്ടു വിലപിച്ചു. ഗർഷ്ഗോൺ ഗാർഡുമാരെ വിളിച്ചു, എന്നെ പൊക്കിയെടുക്കാൻ.

"ഈ കള്ളത്തെമ്മാടിയെ കൊണ്ടുപോ. അവനെ പുറത്തേക്കെറിയൂ." ഡൊറോഗൺ ആക്രോശിച്ചു.

എന്നെ തെരുവിൽ കൊണ്ടിട്ടു. മഞ്ഞുമഴയുടെയിടയ്ക്കു്, ശീതക്കാററിന്റെ അടി എന്റെ മുറിവുകൾകൊണ്ടു നിറഞ്ഞ മുഖത്തു പതിക്കുന്നതിനിടയിൽ, ഞാൻ എന്റെ വസതിയിലേക്കു ഇഴഞ്ഞിഴഞ്ഞുപോയി. അടുത്തുകഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിനുവേണ്ടി പതിച്ചിരുന്ന ഒരു വലിയ പ്ലക്കാർഡിൽ "സമത്വാത്മകമായ സോഷ്യലിസ്റ്റ് ജീവിതത്തിനായി സ്റ്റാലിന്റെ ചുററും അണിനിരക്കുവിൻ!" എന്നെഴുതിയിരുന്ന വാക്കുകൾ എന്റെ ഓർമ്മയിൽ വന്നു. വസ്ത്രങ്ങളുരിയാതെ ഞാൻ കട്ടിലിൽ കയറിക്കിടന്നു. ഞാനേതു വശത്തേക്കു തിരിഞ്ഞാലും ചുമരിൽ പതിച്ചിരുന്നതും കിറിപ്പോയതുമായ കടലാസിലുള്ള സ്റ്റാലിന്റെ പ്രതിച്ഛായ ഞാൻ കണ്ടു. ശരീരത്തിന്റെ വേദനയെപ്പററിയല്ല, മനസ്സിന്റെ അവമാനത്തെപ്പററിയാണ് ഞാൻ ചിന്തിച്ചതു്. ആ പ്രതിച്ഛായയെ നോക്കി ഞാൻ പറഞ്ഞു, "സ്റ്റാലിൻ സഖാവേ, നാം തമ്മിലുള്ള പരിചയം പൂർണ്ണതയിലെത്തി. സമസ്തവും സ്പഷ്ടമായി. വന്ദനം, സ്റ്റാലിൻ സഖാവേ."

അഗാധമായ സന്താപത്തിൽ ഞാൻ മുങ്ങി. അതു വ്യക്തിപരമായ സന്താപമല്ലായിരുന്നു. മനുഷ്യവർഗ്ഗത്തിനു മുഴുവനുംവേണ്ടി ഞാൻ സഹിക്കുകയായിരുന്നു. സകല മനുഷ്യർക്കുംവേണ്ടി ഞാൻ അവമാനിക്കപ്പെട്ടു. എന്റെ മാതൃരാജ്യത്തിനും എന്റെ ജനങ്ങൾക്കുംവേണ്ടി, എന്റെ പാവപ്പെട്ട "സോഷ്യ

ലിസ്റ്റ് റഷ്യക്കുവേണ്ടി," "ഞാൻ സഹിക്കുകയാണ്."

* * *

ഞാൻ ഫാക്ടറിയിലേക്കു മടങ്ങിച്ചെന്നപ്പോൾ കൺട്രോൾ കമ്മീഷന്റെ ഒരു നോട്ടിഫിക്കേഷൻ എന്നെ കാത്തിരിക്കുന്നുണ്ടായിരുന്നു. അവർ എന്റെ കേസ് രണ്ടുദിവസം കഴിഞ്ഞെടുക്കുമെന്നും, അന്നു ഞാൻ അവരുടെ മുമ്പിൽ ഹാജരാകണമെന്നുമായിരുന്നു അറിയിപ്പ്. അതനുസരിച്ച് ഞാൻ ഹാജരായി. വിശാലവും ദീപാവലിയാൽ പ്രശോഭിതവുമായ മുറിയിലാണ് ഞാൻ ഹാജരായത്. ചുവന്ന തുണി വിരിച്ചിരുന്ന നീണ്ടമേശക്കു പിന്നിൽ 5 ആളുകൾ ഇരുന്നിരുന്നു. ഒരു നോട്ടത്തിനു അവിടത്തെ രംഗം മുഴുവൻ കാണാൻ തൽക്കാലത്തെ അമ്പരപ്പുകൊണ്ട് എനിക്കു സാധിച്ചില്ല. എന്റെ ഇരിപ്പിടം സ്വീകരിച്ചതോടുകൂടി ആ അംഗങ്ങളിലേക്കു ഞാൻ സൂക്ഷിച്ചുനോക്കി. പെട്ടന്നു ഞാൻ കണ്ടു, അവരിലൊരാൾ പുഞ്ചിരിയിടുന്നതും എന്നെ അറിയുമെന്നു കാണിച്ചു തലയല്പം കുലുക്കുന്നതു. ഇതു ഗ്രിഗോറിവ് ആണല്ലോ എന്നോർത്തു ഞാൻ ദൈവത്തെ സ്തുതിച്ചു. ഗ്രിഗോറിവ് ഒരു പഴയ, കമ്മ്യൂണിസ്റ്റ് വിപ്ലവത്തിനു മുമ്പുള്ള, ബോൾഷെവിക്കുകാരനായിരുന്നു. എന്നെ ചെറുപ്പം മുതൽ അദ്ദേഹത്തിനു പരിചയമുണ്ട്. എന്റെ പിതാവൊരുമിച്ച് അദ്ദേഹം ഒരു ഫാക്ടറിയിൽ ജോലി ചെയ്തിട്ടുണ്ട്. ഈ വസ്തുതകൾ എന്റെ മനസ്സിനു ഏതാണ്ടൊരാശ്വാസം നല്കി.

ഒരു മണിക്കൂറിലധികം ഞാൻ ചോദ്യങ്ങൾക്കു മറുപടി പറഞ്ഞു. ചോദ്യകർത്താക്കന്മാരിലൊരാൾ, ഇരുണ്ട നിറവും മ്ലാനമുഖവും പാറിയ സ്വരവുമുള്ള ജോർജിയാക്കാരൻ, എനിക്കെതിരാണെന്നു തോന്നി. ചെയർമനും ഗ്രിഗോറിവും അനുഭാവികളായി കാണപ്പെട്ടു. എന്റെ പിതാവിനെയും, "പൂഴ്ത്തിവച്ചിരുന്ന" യന്ത്രോപകരണങ്ങളെയും, "ജനശത്രുക്കളുടെ" നീണ്ടപട്ടികയിലെ ആളുകളുമായുള്ള എന്റെ ബന്ധങ്ങളെയും കുറിച്ചുള്ള ചോദ്യങ്ങൾക്കു ഞാൻ മറുപടി പറഞ്ഞു. ഒന്നും ഒളിക്കേണ്ടതായില്ലാഞ്ഞതിനാൽ സംശയം കൂടാതെയും പേടിയില്ലാതെയുമാണ് ഞാൻ മറുപടി പറഞ്ഞതു.

ചോദ്യോത്തരങ്ങൾ കഴിഞ്ഞ് ഞാൻ വെയിറ്റിങ്ങ്റൂമിൽ ചെന്നിരുന്നു പുകവലിച്ചു. പുറത്തേക്കുള്ള കതകു തുറക്കുന്ന ഓരോ സമയവും രഹസ്യപ്പോലീസുകാർ എന്നെ പിടിക്കുവാൻ വരികയാണെന്നുള്ള ബോധം എനിക്കുണ്ടായി. ഇങ്ങനെ ഉത്കണ്ഠാകുലമായ 15 മിനിട്ടുകളോളം കഴിഞ്ഞപ്പോൾ കമ്മീഷന്റെ മുന്നിലേക്ക് എന്നെ വീണ്ടും വിളിച്ചു.

"ക്രാവ്ചെങ്കോ സഖാവേ," ചെയർമൻ അറിയിച്ചു. ഇപ്പോൾ തുറന്ന പുഞ്ചിരിയോടുകൂടി, "നിക്കോപ്പോളിലെ സിറാമിക്കമ്പിനിയുടെ തീരുമാനം സ്ഥിരീകരിക്കുവാനും, അതിനുപുറമെ കുററാരോപണം നീക്കുവാനും ഈ കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നു. നിങ്ങൾ തിരിയെപ്പോയി ജോലി ചെയ്തുകൊൾക. നിങ്ങളെ ഇനി ആരും ശല്യപ്പെടുത്തുകയില്ല. എന്നാൽ നിങ്ങളുടെ [illegible] മാററിയാൽക്കൊള്ളാമെന്നു എനിക്കഭിപ്രായമുണ്ട്. മറെറവിടെയെങ്കിലും പുതിയ പ്രവർത്തനം നല്ലതായിരിക്കുമെന്നു താല്പര്യം. നമ്മുടെ പാർട്ടിയിലും നമ്മുടെ നേതാവിലും വിശ്വാസമുള്ളവനായിരിക്കുക. സഖാവേ, വന്ദനം. നിങ്ങൾക്കു നല്ലതുവരട്ടെ."

ഈ തീരുമാനം ചെയ്തപ്പോൾ ഈ ചെയർമനു അറിയാൻ കഴിഞ്ഞിരുന്നില്ല, രണ്ടുമാസം കഴിയുമ്പോൾ അദ്ദേഹവും ഗ്രിഗോറിവും "ജനശത്രുക്കളാ"യി അറസ്റ്റു ചെയ്യപ്പെടുമെന്ന വസ്തുത.

ഞാൻ നിക്കോപ്പോളിൽ 1935 ആരംഭത്തിൽ വന്നതാണ്. സ്വരാജ്യത്തിനും സ്വജനങ്ങൾക്കുംവേണ്ടി എൻജിനിയറുടെയും വ്യവസായോദ്യോഗസ്ഥന്റെയും നിലകളിൽ വിജയിക്കാമെന്നുള്ള പ്രതീക്ഷയും ആഗ്രഹവും എനിക്കുണ്ടായിരുന്നു. 3 കൊല്ലത്തിനുശേഷമാകട്ടെ, ആശകളെല്ലാം അററവനായി, ഉൽക്കർഷേച്ഛ നശിച്ചവനായി, അന്തരംഗത്തിൽ അവമാനിക്കപ്പെട്ടവനായി, ഞാൻ അവിടം വിട്ടുപോകയായിരുന്നു. എന്റെ ഉയർന്ന ശമ്പളവും, പ്രത്യേകാനുകൂല്യങ്ങളെന്നു വിളിക്കപ്പെടുന്ന സൗകര്യങ്ങളും വേണ്ടെന്നുവച്ചു, പകരം മറ്റുള്ളവരെപ്പോലെ കഷ്ടപ്പെട്ടു ജീവിക്കുന്ന സാമാന്യജനങ്ങളുടെയിടയിൽ അജ്ഞാതജീവിതം ഞാൻ സന്തോഷപൂർവ്വം സ്വീകരിക്കുമായിരുന്നു.

കണക്കെല്ലാം കൂട്ടിക്കഴിയുമ്പോൾ ഈ മൂന്നു കൊല്ലങ്ങളിൽ എന്റെ പ്രധാനനേട്ടം എന്താണ്? ഇതു മാത്രം: എന്നെപ്പോലെ നിരപരാധികളായ മററു കോടി കോടി ആളുകൾ വധിക്കപ്പെടുകയോ, നിർദ്ദയമായ രാഷ്ട്രത്തിനുവേണ്ടി നിർബന്ധവേല ചെയ്യാൻ നിയമിക്കപ്പെടുകയോ, സ്വന്തം ജീവിതനിലകളിൽനിന്നു ബഹിഷ്കരിക്കപ്പെടുകയോ ചെയ്തിരിക്കെ, ഞാൻ സ്വാതന്ത്ര്യത്തോടും ജീവനോടുംകൂടിയും കഴിഞ്ഞുകൂടി.

[സോവ്യററ് റഷ്യയിൽ സ്വരാജ്യസ്നേഹത്തോടും സത്യസന്ധതയോടും കർത്തവ്യബോധത്തോടും സാമർത്ഥ്യത്തോടുംകൂടി ജോലികൾ ചെയ്യുന്ന പണ്ഡിതന്മാരും പ്രാപ്തന്മാരുമായ ആളുകൾക്കുപോലും, അവർ കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ശിക്ഷണബോധമുള്ള അംഗങ്ങളായിരുന്നാലും, അനുഭവപ്പെടുന്ന അസ്വാതന്ത്ര്യവും അനീതിയും മനശ്ശല്യവും ദേഹോപദ്രവവും എത്രമാത്രമാണെന്നു വിക്ടർ ക്രാവ്ചെങ്കോയുടെ ഈ അനുഭവസാക്ഷ്യം തെളിയിക്കുന്നില്ലയോ?]

—

ചങ്ങനാശേരി പാലാ നിയുക്തമെത്രാന്മാർ എറണാകുളം മെത്രാപ്പോലീത്തൻ അരമനയിൽ



(ഇരിക്കുന്നവർ: എറണാകുളം വികാരിജനറാൾ മൊററ് റവ. മോൺ: മാത്യു മേപ്പാത്തനാംകുഴി, ചങ്ങനാശേരി മെത്രാൻ മൊററ് റവ. മോൺ: മാത്യു കാവുകാട്ട് ബി. എ, എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ അഗസ്റ്റീനോസ് തിരുമനസ്സുകൊണ്ട്, പാലാ മെത്രാൻ മൊററ് റവ. മോൺ: എമ്മാനുവൽ വയലിൽ കളപ്പുര ബി. എ. എൽ. റ്റി, മെത്രാപ്പോലീത്താ തിരുമനസ്സിലെ സിക്രട്ടറി റവ ഫാദർ വർഗീസ് പുളുശേരി എം. എ. (നില്ക്കുന്നവർ: റവ ഫാദർ ആൻറണി പാറയ്ക്കൽ (അസി. പ്രൊക്യുറേറർ), റവ ഫാദർ പൗലോസ് വട്ടോലി (സെൻറ് അഗസ്റ്റിൻസ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ), റവ. ഫാദർ തോമസ് [illegible] (ലേബർമെയിൽ പത്രാധിപർ), റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ (സത്യദീപം പത്രാധിപർ), റവ. ഫാദർ കുര്യാക്കോസ് ചിറമേൽ (മെത്രാപ്പോലീത്തൻ പള്ളിവികാരി), റവ. ഡോക്ടർ തോമസ് മൂത്തേടൻ (പെററിസെമ്മിനാരി റെക്ടർ), റവ. ഫാദർ ജോർജ് കൊച്ചുപറമ്പിൽ (വേദപ്രചാരഡയറക്ടർ)

## പുതിയ മെത്രാന്മാരുടെ സന്ദർശനങ്ങൾ

ചങ്ങനാശേരി പാലാ രൂപതകളുടെ നിയുക്തമെത്രാന്മാരായ മൊററ് റവ. മോൺ മാത്യു കാവുകാട്ട്, മൊററ് റവ. മോൺ. എമ്മാനുവൽ വയലിൽകളപ്പുര എന്നീ തിരുമേനിമാർ റവ ഫാ. ടി. സി. ജോസഫൊന്നിച്ചു സെപ്റ്റംബർ 15-ാംനു ചങ്ങനാശേരിയിൽനിന്നു പുറപ്പെട്ട് എറണാകുളം വരാപ്പുഴ മെത്രാപ്പോലീത്തമാർ, തൃശൂർ മെത്രാൻ എന്നീ തിരുമേനിമാരെയും, തേവര കോളേജ്, മംഗലപ്പുഴ സെമ്മിനാരി എന്നീ സ്ഥാപനങ്ങളും സന്ദർശിച്ചശേഷം സെപ്റ്റംബർ 17-ാംനു ചങ്ങനാശേരിയിൽ തിരിച്ചെത്തിയിരിക്കുന്നു.

## നിയുക്തമെത്രാന്മാരുടെ പട്ടാഭിഷേകം

ചങ്ങനാശേരി പാലാ രൂപതകളിലേക്ക് നിയുക്തരായിരിക്കുന്ന മെത്രാൻതിരുമേനിമാരുടെ പട്ടാഭിഷേകം സംബന്ധിച്ചുകാര്യങ്ങളെപ്പററി ചർച്ച ചെയ്യുവാൻ അടുത്ത തിങ്കളാഴ്ച രൂപതയിലെ എല്ലാ ഫൊറോനാ വികാരിമാരും ഓരോ ഫൊറോനായിൽനിന്നു മൂന്നു അൽമായപ്രതിനിധികൾ വീതവും ഉൾപ്പെട്ട ഒരു യോഗം കൂടുവാൻ സെപ്റ്റംബർ 18-ാംനു കൂടിയ ചങ്ങനാശേരി രൂപതാകൗൺസിൽയോഗം തീരുമാനിച്ചിരിക്കുന്നു.

## കൊല്ലം

കൊല്ലം കത്തോലിക്കാ വനിതാസമാജങ്ങളുടെ വകയായി 1963 ക. വിലവരുന്ന ഒരു സ്വർണ്ണക്കുരിശും 400 കയോളം വിലവരുന്ന ഒരു സ്വർണ്ണജപമാലയും സ്ഥലം കപ്പൂച്ചിയിലെ ഫാത്തിമാമാതാവിന്റെ സ്വരൂപത്തിനു കാഴ്ച സമർപ്പിച്ചിരിക്കുന്നു. കിരീടധാരണകർമ്മം വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് കൊല്ലം മെത്രാൻ തിരുമനസ്സിലേയും നിരവധി വൈദികരുടേയും ഒരു വമ്പിച്ച ജനാവലിയുടേയും സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചിരിക്കുന്നു.

## ഉത്തരീയഭക്തിപ്രചരണം

ഉത്തരീയഭക്തിപ്രചരണാർത്ഥം കേരളത്തിലെ [illegible] കർമ്മലീത്താ മൂന്നാംസഭയിലെ അംഗങ്ങൾ കഴിഞ്ഞ ഒരുമാസത്തിനുള്ളിൽ 45 സ്ഥലങ്ങളിൽ പ്രസംഗങ്ങളും മററും നടത്തുകയും 20 പള്ളികളിൽ നവമായി ഉത്തരീയസഖ്യം സ്ഥാപിക്കുവാൻ ഏർപ്പാടു ചെയ്യുകയും 10,50 അംഗങ്ങളെ ഉത്തരീയസഖ്യത്തിൽ ചേർക്കുകയും 20,000-ത്തിൽപ്പരം ഉത്തരീയവും 10,000-ൽപ്പരം കാശുരൂപവും വിതരണം ചെയ്യുകയും ചെയ്തിട്ടുള്ളതായറിയുന്നു.

## നിങ്ങൾക്കറിയാമോ?

ഉത്തരം

(5-ാം പേജ് തുടർച്ച)

ലീഗ് ഓഫ് നേഷൻസിന്റെ മാൻഡേററ് (ആജ്ഞ) പ്രകാരം ഭരിച്ചിരുന്നതോ, രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ശത്രുരാജ്യങ്ങളിൽനിന്നു സ്വാധീനമാക്കിയതോ കൗൺസിലിന്റെ കീഴിലിരിക്കാൻ സ്വമേധയാ ആവശ്യപ്പെടുന്നതോ ആയ സ്വയംഭരണമില്ലാത്ത രാജ്യങ്ങളുടെ ഭരണത്തിനുള്ളതാണ് ഈ കൗൺസിൽ. ട്രസ്റ്റ് പ്രദേശങ്ങൾ ഭരിക്കുന്ന രാഷ്ട്രങ്ങളും സെക്യൂരിററി കൗൺസിലിലെ സ്ഥിരാംഗങ്ങളും ജനറൽ അസംബ്ലി 3 കൊല്ലത്തേക്കു തിരഞ്ഞെടുക്കുന്ന ട്രസ്റ്റ് പ്രദേശഭരണമില്ലാത്ത രാഷ്ട്രങ്ങളും ഇതിൽ അംഗങ്ങളാണ്. ഇപ്പോൾ ട്രസ്റ്റ് പ്രദേശങ്ങൾ ഭരിക്കുന്ന രാജ്യങ്ങൾ ആസ്ത്രേലിയ, ബൽജിയം, ഫ്രാൻസ്, ന്യൂസിലാന്റു, ബ്രിട്ടൻ എന്നിവയാണ്. ട്രസ്റ്റ് പ്രദേശങ്ങൾ ഭരിക്കാത്തവ ചൈന, ഇറാക്ക്, മെക്സിക്കോ, കൊസ്റ്ററിക്കാ, ഫിലിപ്പൈൻസ് ഇവയത്രെ. ട്രസ്റ്റിഷിപ്പ് രാജ്യങ്ങൾ താഴെ പറയുന്നവയാണ്. ന്യൂഗിനി (ആസ്ത്രേലിയ), റുവാണ്ട ഉറൂണ്ടി (ബൽജിയം) ഫ്രഞ്ചുകാമറൂൺ, ഫ്രഞ്ചു ടോഗോലണ്ട് (ഫ്രാൻസ്), പടിഞ്ഞാറൻ സാമോവ, (ന്യൂസിലണ്ട്), ബ്രിട്ടീഷ് കാമറൂൺസ്, ബ്രിട്ടീഷ് ടോഗോലണ്ട്, തങ്കനീക്ക (ബ്രിട്ടൻ), നാരു (ആസ്ത്രേലിയ).

## കൊച്ചി വാർത്തകൾ

—ഷാപ്പുകൾ കാലത്തു 6 മണിമുതൽ രാത്രി 10 മണിവരെയും മററു വ്യവസായസ്ഥാപനങ്ങൾ കാലത്തു 7 മണിമുതൽ രാത്രി 8 മണിവരെയും ഹോട്ടലുകളും റെസ്റ്റോറണ്ടുകളും കാലത്തു 5 മണിമുതൽ രാത്രി 10 മണിവരെയും മാത്രമേ തുറന്നുവച്ചിരിക്കാവൂ എന്നു തിരു-കൊച്ചി ഗവണ്മെന്റിൽനിന്നും സെപ്റ്റംബർ 13-ാംനു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു നോട്ടിഫിക്കേഷനിൽ പറഞ്ഞിരിക്കുന്നു.

—തിരു-കൊച്ചി നിയമസഭയിലെ ഒരംഗമായ ശ്രീ പി. എസ്. മുഹമ്മദ് സെപ്റ്റംബർ 13-ാംനു നിര്യാതനായിരിക്കുന്നു.

—1950-ലെ മിഡിൽസ്കൂൾ സർട്ടിഫിക്കററ് പരീക്ഷ ഒക്ടോബർ 16, 17, 23 എന്നീ തീയതികളിൽ നടത്തപ്പെടുന്നതാണ്.

—സ്റ്റേററ് ട്രാൻസ്പോർട്ടുവകുപ്പിലേക്കു 150 ഡ്രൈവർമാരെ റിക്രൂട്ടുചെയ്യുവാൻ ഗവണ്മെന്റു തീരുമാനിച്ചിരിക്കുന്നു. പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖാന്തരമായിരിക്കും റിക്രൂട്ട്മെന്റു നടത്തുന്നതെന്നറിയുന്നു

# അനുഭവസാക്ഷ്യം No. 63.

കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ അവർകൾക്കു്,

കാളൻ ആയുർവ്വേദിക ഫാർമ്മസി, നെല്ലായി P. O.

പ്രിയപ്പെട്ട വൈദ്യൻ,

ഉദ്ദേശം 25 കൊല്ലം മുമ്പായി എൻെറ കാലുകളുടെ കടിയിൽ കട്ടിയും, കറുപ്പ നിറവും, കടിയും ഉള്ളതായ ചൊറി ആരംഭിച്ചിരുന്നു. അതിനുശേഷം അത്രപാലെയുള്ള ചൊറി അരക്കു് കീഴ്പോട്ടു് പ്രധാനമായും, ദേഹത്തിൽ ആകെയും അല്പം നിറവ്യത്യാസത്തോടുകൂടി വ്യാപിക്കയാണു് ഉണ്ടായതു്. ഈ രോഗത്തിൻെറ ആരംഭം മുതൽ പ്രസിദ്ധവൈദ്യന്മാരുടെ വിധിപ്രകാരം ആയുർവ്വേദൌഷധങ്ങൾ വളരെക്കാലം ഉപയോഗിച്ചു. അതുകൊണ്ടൊന്നും സുഖം കിട്ടാതെ ഞാൻ നിരാശപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണു് കഴിഞ്ഞ മകരമാസത്തിൽ നെല്ലായി കുന്നത്തു മനക്കൽവെച്ചു് നിങ്ങളെ കാണുവാൻ ഇടയായതു്. അന്നു് എന്നോടു് നിർദ്ദേശിച്ചിരുന്നതുപോലെ നിങ്ങളുടെ നിംബാസവം, ഗുൽക്കഘൃതം, ശാരിബാദ്യതൈലം എന്നീ ഔഷധങ്ങൾ മൂന്നു് മാസക്കാലം ഉപയോഗിച്ചപ്പോൾ രോഗത്തിനു് വളരെ ശമനം സിദ്ധിച്ചു പിന്നേയും തുടർന്നുള്ള ഉപയോഗത്താൽ ദേഹത്തിലെ ചൊറി മാത്രമല്ല നിറവ്യത്യാസത്തിനും വളരെ സുഖം കിട്ടിയിരിക്കുന്നു. മാത്രമല്ല ക്രമമായ ശോധന, ദേഹപുഷ്ടി, ഓജസ്സു തുടങ്ങിയ ആരോഗ്യലക്ഷണങ്ങൾ അനുഭവപ്പെടുകയും ചെയ്യുന്നുണ്ടു്.

രക്തശുദ്ധിക്കും, രക്തവർദ്ധനക്കും നിങ്ങളുടെ ത്രിവിധൌഷധങ്ങൾ വളരെ അധികം ഫലപ്രദങ്ങളാണെന്നു് 25 വർഷത്തോളം പഴക്കമുള്ള എൻെറ രോഗം ശമിച്ചിരിക്കുന്ന അനുഭവംകൊണ്ടു് എനിക്കു പൂർണ്ണമായി ബോദ്ധ്യംവന്നിരിക്കുന്നു. ആരോഗ്യസംരക്ഷണാർത്ഥം ഞാൻ ഈ ഔഷധങ്ങൾ ഇപ്പോഴും ഉപയോഗിക്കുന്നുണ്ടു്.

ഈ വാസ്തവങ്ങൾ നിങ്ങളെയും പൊതുജനങ്ങളെയും അറിയിക്കുന്നതിൽ എനിക്കു് വളരെ സന്തോഷമുണ്ടു്.

ഇരിമ്പിളിയം 30—8—1950. } പൊന്നാനിതാലൂക്ക് ഇരിമ്പിളിയം അംശംദേശത്തു പട്ടാഴി നാരായണൻ നമ്പൂരി (ഒപ്പ്.) ഇരിമ്പിളിയം P. O.

മാന്യവായനക്കാരിൽ പലരും 63-ാമത്തെ അനുഭവസാക്ഷ്യം വായിച്ചു കഴിയുമ്പോൾ ക്ഷയം, ഏങ്ങൽ, മൂലക്കുരു, നീരിറക്കം, തുടങ്ങിയ രോഗങ്ങൾ മാത്രമല്ല രക്തദൂഷ്യത്താൽ ഉണ്ടായിട്ടുള്ള പഴക്കമേറിയ വ്യാധികൾകൂടി ഈ ത്രിവിധൌഷധങ്ങൾകൊണ്ടു സുഖപ്പെടുന്നതു് എങ്ങിനെ എന്നു് ചിന്തിച്ചേക്കാം.

ദേഹത്തിലെ ചൂടു് ക്രമത്തിലധികം വർദ്ധിച്ചതിനാൽ കഫവും ധാതുക്കളും ഉഷ്ണിച്ചു് നാശപ്പെടുന്നതുകൊണ്ടുണ്ടാവുന്ന ത്വഗ്രോഗങ്ങൾക്കും (ചൊറി, വരട്ടുചൊറി, തുടങ്ങിയവകൾക്കും) ഉഷ്ണവീര്യങ്ങളും രൂക്ഷഗുണങ്ങളും ദേഹത്തെ മെലിയിപ്പിക്കുന്നവയുമായ ഔഷധങ്ങളും ആഹാരങ്ങളും, അല്ല വേണ്ടതെന്നും, വർദ്ധിച്ചിട്ടുള്ള ചൂടിനെ കുറക്കുവാനും ദേഹത്തിൽനിന്നു് ക്ഷയിച്ചുപോയ ശ്രീജലാംശങ്ങളെ— കഫത്തെ— ധാതുക്കളെ വർദ്ധിപ്പിക്കുവാനുമുള്ള ഔഷധങ്ങൾക്കു് മാത്രമേ രക്തധാതുവിനെ ശുദ്ധീകരിക്കുവാനും, വർദ്ധിപ്പിക്കുവാനും ദേഹത്തിൻെറ സ്വാഭാവികനിറത്തെ പ്രദാനം ചെയ്യുവാനും സാദ്ധ്യമാകയുള്ളു എന്നും ഉള്ള തത്വങ്ങളെ അടിസ്ഥാനമാക്കിയാണു് പഴക്കമേറിയ ചൊറികൾക്കു് കൂടി ഈ ഔഷധങ്ങൾ ഫലിച്ചു് കാണുന്നതു്.

നിംബാസവം, ഗുൽക്കഘൃതം, ശാരിബാദ്യതൈലം എന്നിവകളുടെ വില തുടങ്ങിയ കൂടുതൽ വിവരങ്ങൾക്കു് കഴിഞ്ഞ ആഗസ്റ്റു് 30-ാംനു-യിലെ സത്യദീപം നോക്കുക.

N. B. ഞങ്ങളുടെ പരസ്യങ്ങൾ അതുപോലെതന്നെയോ, വ്യത്യാസപ്പെടുത്തിയോ മററാരും പകർത്തുവാൻ പാടുള്ളതല്ല.

**PROP: കാളത്ത് പാവുണ്ണി ഔസേപ്പ് വൈദ്യൻ,**

**കാളൻ ആയുർവ്വേദിക്ക് ഫാർമസി, (റെയിൽവെ സ്റ്റേഷനു സമീപം) നെല്ലായി.**

TELE: 'KALAN'. TRICHUR.


## കത്തോലിക്കരുടെ ഏദയവിശാലത

അകത്തോലിക്കാസ്കൂളുകളെ അന്യായമായി ശാസിക്കണമെന്ന മനോഭാവം കത്തോലിക്കർക്കില്ല. കത്തോലിക്കാ ഭൂരിപക്ഷമുള്ള അമേരിക്കൻ രാജ്യങ്ങളിലെ പ്രോട്ടസ്റ്റൻറു വിദ്യാലയങ്ങൾക്കു വമ്പിച്ച തുകകൾ ഗ്രാൻറായി നല്കിവരുന്നുവെന്നതു് ഈ മതിനു മതിയായ തെളിവാണു്.

ക്യാനഡായിലെ ക്യൂബെക് എന്ന പ്രവിശ്യയിലെ ജനസംഖ്യയിൽ 88 ശതമാനം കത്തോലിക്കരാണു്. എന്നിട്ടും അവിടത്തെ ഗവമ്മെൻറു് അനേക ലക്ഷം ഡോളർ പ്രൊട്ടസ്റ്റൻറു വിദ്യാലയങ്ങളുടെ സ്ഥാപനത്തിനു നടത്തിപ്പിനുമായി ചെലവുചെയ്യുവരുന്നു. 1948 സെപ്റ്റംബർ മുതൽ 1949 ജൂൺവരെയുള്ള ഒരു സ്കൂൾവർഷത്തിൽ പ്രൊട്ടസ്റ്റൻറു വിദ്യാലയങ്ങൾക്കു പൊതുഖജനാവിൽനിന്നും 50 കോടി ഡോളർ പണമായിത്തന്നെ നല്കപ്പെട്ടു. മററു വിധത്തിൽ നല്കപ്പെട്ട ഗ്രാൻറിൻെറ തുക 14 കോടി ഡോളറാണു്.

മോൺട്രിയലിലെ "സ്കൂൾബോർഡിലെ" അംഗങ്ങളിൽ 75 ശതമാനം കത്തോലിക്കരാണു്. പുതിയ പ്രൊട്ടസ്റ്റൻറു് സ്കൂളുകൾ സ്ഥാപിക്കുന്നതിനുവേണ്ടി അടുത്ത കാലങ്ങളിൽ പ്രസ്തുത ഭരണസമിതി അനുവദിച്ചുകൊടുത്ത തുക 34 കോടി ഡോളറത്രെ. ഇപ്പോഴാകട്ടെ, 42 കോടി ഡോളർകൂടി ആ ഇനത്തിൽ ചെലവുചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. എന്നുതന്നെയല്ല 40 കോടി ചെലവുവരുന്ന വേറൊരു പദ്ധതികൂടി ആലോചനയിൽ ഇരിക്കുകയാണു്.

പ്രൊട്ടസ്റ്റൻറു സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരുടെനേർക്കു് അനുവർത്തിക്കുന്ന നയവും ഏററവും ശ്ലാഘനീയമായിരിക്കുന്നു. ക്യൂബെക്കിലെ പ്രൊട്ടസ്റ്റൻറു് വിദ്യാലയങ്ങളുടെ ഡിറക്ടറായ ഡോക്ടർ ഡബ്ലിയു. പി. പെർസവൽ പ്രസ്താവിച്ചിരിക്കുന്നതനുസരിച്ചു്, അവിടത്തെ അദ്ധ്യാപകന്മാരുടെ "പെൻഷൻ ഫണ്ടു" ഗവമ്മെൻറിൻെറ ഉദാരമനസ്സിനെ ഉദ്ഘോഷിക്കുന്നതാണു്. 35 കൊല്ലം സേവനം അനുഷ്ഠിച്ചിരിക്കുകയും പ്രതിവർഷശമ്പളം 3 ലക്ഷം ഡോളർവരെ എത്തുകയും ചെയ്തിട്ടുള്ള ഒരദ്ധ്യാപകനു ജീവപര്യന്തം രണ്ടു ലക്ഷത്തി പതിനായിരം ഡോളർ പ്രതിവർഷം പെൻഷൻ ആയി ലഭിക്കുന്നതാണു്.

മേൽപ്പറഞ്ഞതുപോലെ പ്രൊട്ടസ്റ്റൻറു ഭൂരിപക്ഷമുള്ള രാജ്യങ്ങളിൽ കത്തോലിക്കാവിദ്യാലയങ്ങൾക്കു യാതൊരു ഗ്രാൻറും ലഭിക്കുന്നില്ലെന്നുമാത്രമല്ല, മററനവധി അവശതകൾക്കു് അവർ അധീനരായിരിക്കയും ചെയ്യുന്നു. ഉദാഹരണമായി, സ്വീഡനിൽ കത്തോലിക്കരെ അദ്ധ്യാപകന്മാരായി നിയമിക്കുകപോലുമില്ല. കത്തോലിക്കർ തമ്മിലുള്ള വിവാഹവും പ്രൊട്ടസ്റ്റൻറു ദേവാലയങ്ങളിൽ പ്രസിദ്ധം ചെയ്യണമെന്നും അവിടത്തെ നിയമം അനുശാസിക്കുന്നു.

(Sunday Visitor, June 1950)

———

## വൈദികവിദ്യാലയം

### ഗവമ്മെൻറധീനതയിൽ

ചെക്കോസ്ലോവാക്യയിലെ സെമ്മിനാരികളെല്ലാം ഗവമ്മെൻറധീനതയിലാക്കാൻ തീരുമാനിച്ചിരിക്കുന്നതായി അവിടത്തെ "ഗവമ്മെൻറു് ഗസററി"ൽ പ്രഖ്യാപനം ചെയ്തിരിക്കുന്നു. ഹംഗറിയും ഏതാണ്ടിതുപോലുള്ള ഒരു നയം തന്നെ സ്വീകരിക്കയുണ്ടായി. കത്തോലിക്കാസഭയ്ക്കുതിരായുള്ള മറെറാരു മർദ്ദനപരിപാടിയായി മാത്രം ഇതിനെ കരുതിയാൽ മതി. പക്ഷേ ഗവമ്മെൻറു പക്ഷപാതികളായ അദ്ധ്യാപകന്മാർ ദേശശ്രേഷ്ഠരായ വൈദികവര്യന്മാർ അലങ്കരിച്ചിരുന്ന സ്ഥാനങ്ങളിൽ കയറിയിരുന്നു പഠിപ്പിക്കാൻ പോകുന്ന കാര്യങ്ങൾ വിചിത്രതമങ്ങളായിരിക്കുമെന്നതിനു സംശയമില്ല.

---

ചെറുപുഷ്പമിഷ്യൻ ലീഗിൻെറ ആഭിമുഖ്യത്തിൽ ചുങ്കപ്പാറചന്തയിൽ ഒരു സത്യദീപം ഏജൻസി ആഫീസ് തുറന്നിരിക്കുന്നു. ചുങ്കപ്പാറ, കോട്ടാങ്ങൽ, എന്നീ സ്ഥലങ്ങളിൽ ഇനിയും സത്യദീപം ആവശ്യമുള്ളവർക്കു് ഈ ആഫീസിൽനിന്നു് മുടക്കംകൂടാതെ കിട്ടുന്നതാണു്. ഈ ആഫീസിൽനിന്നു് സത്യദീപം വാങ്ങിക്കുന്നവർ വായിച്ചശേഷം അകത്തോലിക്കർക്കു കൊടുക്കുവാൻ സന്നദ്ധരായുള്ളവരാണെങ്കിൽ ആവശ്യപ്പെട്ടാൽ അഞ്ചൽ ചിലവുകൂടാതെ സത്യാന്വേഷികളായ അകത്തോലിക്കർക്കു കിട്ടത്തക്കവിധം ഏർപ്പാടുചെയ്യുന്നതാണു്. എന്നു് സെക്രട്ടറി

---

## യോർദ്ദാനിലെ രാജാവു് അംഗീകരിച്ചു

യരുസലത്തു നമ്മുടെ കർത്താവിൻെറ കഴിമാടത്തിങ്കൽ പണിയാൻ നിശ്ചയിച്ചിരിക്കുന്ന പുതിയ ബസ്ലിക്കായുടെ പ്ലാൻ യോർദ്ദാനിലെ അബ്ദുള്ള രാജാവു് അംഗീകരിക്കുകയും സഹായം വാഗ്ദാനം ചെയ്കയും ചെയ്തിരിക്കുന്നു.

## സൂതികർമ്മിണികളുടെ പരിശീലനകേന്ദ്രം

ഹൈഡരബാഡിൽ (സിൻഡ്) സൂതികർമ്മിണികൾക്കു പരിശീലനം നല്കുവാനുള്ള ഒരു നഴ്സിംഗ് വിദ്യാലയം ഉണ്ടായിരുന്നു. അദ്ധ്യാപികമാരുടെ കുറവുനിമിത്തം കഴിഞ്ഞ വർഷത്തിൽ ഗവമ്മെൻറതു അവിടത്തെ മെത്രാപ്പോലീത്തായായ ആൽക്കയിൻ തിരുമേനിയെ ഏല്പിച്ചു. തിരുമനസ്സുകൊണ്ടു് പ്രസ്തുത വിദ്യാലയം നടത്തുന്നതിനുവേണ്ടി കറാച്ചിയിൽനിന്നും മിസ്സിസ് വിക്കി ഫെർനാണ്ടസ് എന്ന മഹതിയെ ക്ഷണിച്ചുവരുത്തുകയും അവരുടെ സാന്നിദ്ധ്യത്തിൽ വിദ്യാലയത്തിനൊരു പുനർജീവൻ ലഭിക്കുകയും ചെയ്തു. ഇപ്പോൾ അവിടെ 10 യുവതികൾ പരിശീലനം നടത്തിവരുന്നുണ്ടു്. അവരോരോരുത്തർക്കും ഗവമ്മെൻറിൽനിന്നും മാസംതോറും 40 രൂപ സ്റ്റൈപ്പെൻഡു് കിട്ടിവരുന്നു. ഇപ്പോൾ മെത്രാപ്പോലീത്താ തിരുമേനി പ്രസ്തുത സ്ഥാപനം "കുരിശിൻെറ പുത്രിമാർ" എന്ന സന്യാസിനീസമൂഹത്തെ ഭരമേല്പിക്കാൻ തീരുമാനിച്ചിരിക്കയാണു്. അതനുസരിച്ചു് അടുത്ത ജനുവരിമാസത്തിൽ അവർ ചാർജ്ജെടുക്കുന്നതായിരിക്കും.

---

Tom: "I gave my wife a birthday present yesterday and she put it on the fire."

Jack: "What a shame!"

Tom: "Oh, no, it was a kettle."

* * *

"Give a pig and a boy everything they want. You'll get a good pig and a bad boy."

## ആരുടെ കുററം?

(4-ാം പേജ് തുടർച്ച)

കിടപ്പാണു്. ഒരു നുറുങ്ങു വാങ്ങിക്കാനാണെങ്കിൽ കാശില്ല. അതുപോകട്ടെ. കഞ്ഞികുടിയും മുട്ടിപ്പോയി. എങ്ങനെയെങ്കിലും നാലഞ്ചുരൂപാ തരണേ ഒക്കൂ. കുറച്ചു ചക്രം തരാനുള്ളപ്പോൾ പിന്നെയും ചോദിക്കാനൊരു വിഷമം. ഈ വെയിലും വെട്ടവും കണ്ടാൽ ഞാൻ എല്ലാം ശരിയാക്കാം." അയാൾ കാര്യമെല്ലാം ഒന്നാകെ പറഞ്ഞു നിറുത്തി. ഉടനെ പാപ്പച്ചൻെറ ഒട്ടേറെ ചോദ്യങ്ങൾക്കു മറുപടി പറയേണ്ടതായും വന്നുകൂടി. എങ്കിലും മത്തൻചേട്ടനു് അന്നു വെറുംകൈയായി മടങ്ങാനിടയായില്ല.

"പണക്കാരുടെ കൂട്ടത്തിലേതാണ്ടൊരു ചെറിയ ചെമ്മാന്തൃയുമുള്ളതു പാപ്പച്ചനേയുള്ളു." അയാൾ തന്നെത്താൻ മന്ത്രിച്ചു.

നേരം മയങ്ങിത്തുടങ്ങി, വെളിച്ചത്തിൻെറ മുഖത്തു കരിതേക്കാൻ ഇരുൾക്കൂട്ടങ്ങൾ കിഴക്കുനിന്നോടിയടുത്തു. വീടുകളിലൊക്കെ ഈശ്വരസ്തോത്രങ്ങൾ മുഴങ്ങി. അപ്പോഴും കാര്യവ്യഗ്രതയാൽ വെമ്പൽകൊള്ളുന്ന ഒരു കൂട്ടം ജനങ്ങളെ അവിടെ കാണാം—ആ നമ്പർ 4445-ൽ!

"ഇവിഴങ്ങളിലുള്ള മെയലാളിമാരെയൊക്കെ നമ്മളുഴിയാത്തതാണോഴം. എവനൊക്കെ നാലുകാശിനു വേണ്ടി വേണമെങ്കിച്ചുതുകളേം." ആ മുതലാളിത്തവിമർശനത്തിനു് ആവേശംകൊണ്ടതു മത്തൻചേട്ടനാണു്. ഒന്നരണ്ടു ദിവസത്തെ "കുടിശ്ശിഖയും" "ചിലവും" വകയിരുത്തു കഴിഞ്ഞപ്പോൾ അയാളുടെ സ്വരം നല്ലതുപോലെ ഉയന്നു. എങ്കിലും ഉച്ചാരണവൈകല്യവും അവ്യക്തതയും അതിനെ വല്ലാതെ ബാധിച്ചിരുന്നു.

"ആഴംഴം! അളിയാ! ഇതിലെ വന്നേഴം. ......" അയാൾ വഴിയെ പോയ ഒരു സ്നേഹിതനെ വിളിച്ചു.

"നേരമില്ല; പോകേണ്ട അത്യാവശ്യമുണ്ടു്." ആ കൃത്യപരന്മാർ പ്രതിവചിച്ചു.

"എഴാ! ഇങ്ങോട്ടു വഴാൻ പറ്റഞ്ഞാൽ നിനക്കെന്നാ ഇത്തഴ അന്തസ്സ്?" മത്തൻചേട്ടൻ റോഡിൽ ചാടിച്ചെന്നു അയാളെ പിടിച്ചുവലിച്ചുകൊണ്ടുപോയി.

"കുഴിയെഴാ അളിയാ, കുഴി; നിൻെറ ആവിച്ചുംപോലെ കുഴി, ചക്കഴം കൊഴക്കാനിന്നെന്നെക്കൊണ്ടു കൊളാമേഴാ......" മത്തൻ സാടോപം പറഞ്ഞു.

റോഡിൽക്കൂടെ കടന്നുപോയ പാപ്പച്ചൻെറ ചെവിയിലും ആ വാക്കുകൾ മുഴങ്ങി. അദ്ദേഹം അറിയാതെതന്നെ അവിടെ അല്പസമയം നിന്നുപോയി. അപരിത്യാജ്യങ്ങളായ വിട്ടുകാഴ്ചകളിൽനിന്നു, മത്തൻചേട്ടൻ കടം വാങ്ങിയ പണവുമായി ഓടിയകന്നു് അഭയം തേടിയിരിക്കുന്ന രംഗം!—മനുഷ്യൻെറ സാമൂഹ്യസംസ്കാരത്തെയും കർത്തവ്യബോധത്തെയും കരണ്ടുതിന്നുന്ന ആ സ്ഥാപനത്തിൻെറ മുമ്പിൽനിന്നു് അദ്ദേഹം നടന്നകന്നു.

"അതാ ആ മത്തൻചേട്ടൻെറ മകൾ മേരി വന്നിരിക്കുന്നു, അത്താഴത്തിനരിയില്ലെന്നും പറഞ്ഞു്. തിരികെക്കിട്ടുമെന്നു വിചാരിക്കണ്ട. പലപ്പോഴായി വാങ്ങിച്ചു നാലഞ്ചിടങ്ങഴി അരി തരാനുണ്ടു്. എന്താണു ചെയ്യുക." പാപ്പച്ചൻ വീട്ടിൽ ചെന്നുകയറിയപ്പോൾ ഭാര്യ പറഞ്ഞു.

"ഏതായാലും കൊടുക്കൂ. അന്തിമുട്ടു വായ്യല്ലേ? പാവങ്ങൾ പട്ടിണി കിടക്കാതിരിക്കട്ടെ."

അന്നും ആ പട്ടിണിഗൃഹത്തിൽ തീ പുകഞ്ഞു. ഗൃഹനാഥനു് അത്താഴം തയാറാക്കിവച്ചുകൊണ്ടു് ആ അമ്മയും മകളും ഇരുളിൻെറ ഏകാന്തതയിൽ കാത്തിരിക്കുകയാണു്. പക്ഷേ അവരുടെ ജീവിതം ഇരുളിൽനിന്നു പിന്നെയും ഇരുളിലേക്കു് ഇങ്ങനെ എത്രനാൾ നീണ്ടുപോകും! അതിനാരെയാണു കുററം പറയേണ്ടതു?

# തീർത്ഥകസ്മരണകൾ

## VI

ഏപ്രീൽ 19-ാംനു- കാലത്തു 8 മണിക്കു വെന്നീസിൽനിന്നു തീർത്ഥകവിമാനം യാത്ര തുടങ്ങി. ഒരു ബ്രിട്ടീഷ് കോളനിയായ സൈപ്രസ് ദ്വീപിന്റെ തലസ്ഥാനമായ നിക്കോഷ്യായിലും, ഗ്രീസിലെ പുരാതനവും പ്രസിദ്ധവുമായ ഏതൻസിലും ഇടയ്ക്കു് ഇറങ്ങി വിശ്രമിച്ചശേഷം, വൈകുന്നേരം അഞ്ചു മണിയോടെ റോമാപുരിക്കടുത്തുള്ള വിമാനസങ്കേതത്തിൽ ഞങ്ങൾ സസുഖം ചെന്നിറങ്ങി. ഇന്ത്യൻ സമയം അപ്പോൾ രാത്രി ഒൻപതര മണിയോടടുത്തിരിക്കും. അപകടമൊന്നും പററാതെയും, പറയത്തക്ക അസൌഖ്യമൊന്നും അനുഭവപ്പെടാതെയും ലക്ഷ്യത്തിലെത്തിച്ചേരുവാൻ ഇടവന്നതിൽ സകല നന്മകളുടെയും ദാതാവായ ജഗദീശ്വരനെ ഞങ്ങൾ സർവ്വാത്മനാ വാഴ്ത്തുകയും, അവിടുത്തോടു ഹൃദയപൂർവ്വം നന്ദി പറയുകയും ചെയ്തു. സമാനന്യാധികമായ ചുമതലാബോധത്തോടും നിഷ്കർഷയോടുംകൂടി തങ്ങളുടെ ജോലി നിർവ്വഹിച്ചതിൽ വൈമാനികരേയും ഞങ്ങൾ ഹാർദ്ദമായി അഭിനന്ദിച്ചു.

യൂറോപ്പിലെ ഞങ്ങളുടെ യാത്രാസൗകര്യസജ്ജീകരണങ്ങളെല്ലാം ഇററലിയിലെ പ്രസിദ്ധ ടൂർഏജൻറുമാരായ സിററ് കമ്പനിക്കാരെയാണു ഭരമേല്പിച്ചിരുന്നതു്. അതിന്റെ മേധാവിത്വം വഹിക്കുന്നതു ഒരു ഇററാലിയൻ പ്രഭുവും അദ്ദേഹത്തിന്റെ അതിപ്രാപ്തയായ പത്നിയുമാണു്. ഞങ്ങളുടെ വിമാനം പ്രതീക്ഷിച്ചുകൊണ്ടു അവരുടെ പ്രതിനിധി വിമാനസങ്കേതത്തിൽ കാത്തു നില്ക്കുന്നുണ്ടായിരുന്നു. ഇംഗ്ലീഷ്ഭാഷ ഒരുവിധം സ്വാധീനമുണ്ടായിരുന്നതിനാൽ അദ്ദേഹത്തെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുവാൻ യാതൊരു വൈഷമ്യവും നേരിട്ടില്ല.

വിമാനത്താവളത്തിലെ ഉദ്യോഗസ്ഥന്മാർ ഞങ്ങളുടെ പാസ്പോർട്ട്, വിസ, ആരോഗ്യസാക്ഷിപത്രം ആദിയായവയെല്ലാം പരിശോധിച്ചു കഴിഞ്ഞയുടൻ, സിററ്കാരുടെവക ഒരു മോട്ടോർകോച്ചിൽ ഞങ്ങൾ റോമാനഗരത്തിലേക്കു തിരിച്ചു. വിദൂരസ്ഥമായ ഭാരതത്തിൽനിന്നുള്ള തീർത്ഥകസംഘം സൗഖ്യപൂർവ്വം നിത്യനഗരത്തിൽ വന്നെത്തിയതിൽ പ്രകൃതി ആനന്ദബാഷ്പം പൊഴിഞ്ഞതായിരിക്കാം, പട്ടണാതിർത്തിയോടടുത്തപ്പോൾ ഒരു ചാററൽമഴ ഞങ്ങൾക്കു സ്വാഗതമരുളി. റോമയിലെ ഞങ്ങളുടെ താമസത്തിനിടയ്ക്കു ഞങ്ങൾക്കു കണക്കിലേറെ അസൗകര്യമുളവാക്കിയ രണ്ടു ദിവസത്തെ തോരാമാരിയുടെ മുന്നോടിയായിരുന്നു അതു് എന്നു അപ്പോൾ ഞങ്ങൾ ഊഹിച്ചില്ല. വസന്തകാലമായതുകൊണ്ടു് ഇങ്ങനെയൊരു വർഷപാതം പതിവില്ലാത്തതാണു്. എങ്കിലും വിശുദ്ധവത്സരമായതുകൊണ്ടു് ദൈവം അവിടത്തെ പ്രത്യേകാനുഗ്രഹം ഇവ്വിധം പ്രദർശിപ്പിക്കുന്നതായിരിക്കാം എന്നു നാട്ടുകാർ വ്യാഖ്യാനിക്കുന്നതായി കേട്ടു. ഏതായാലും വസന്തം നെടുനീളം പച്ചപ്പരവതാനി വിരിച്ചും, സർവ്വത്ര വിവിധവർണ്ണപ്രശോഭിതമായ കുസുമാവലികളാൽ അലങ്കരിച്ചും, ഞങ്ങളെ സ്വീകരിക്കുവാൻ അണിഞ്ഞൊരുങ്ങി നിന്നിരുന്ന കാഴ്ച കണ്ണിനാനന്ദവും കരളിനൊരു കുളിർമയും പ്രദാനം ചെയ്തു. പാശ്ചാത്യപ്രദേശങ്ങളിലെ പര്യടനവേളയിൽ ഇന്നാട്ടുകാരെ ആനന്ദതുന്ദിലരും അത്ഭുതസ്തബ്ധരുമാക്കുന്ന വിവിധകാഴ്ചകളിൽ അതിമനോഹരമായ ഒന്നു സുരഭിലമായ പൂങ്കാവനങ്ങളും ഫലസമൃദ്ധമായ ഉദ്യാനങ്ങളുമാണു്. റോസ് മുതലായ പൂച്ചെടികൾ തിങ്ങും പൂക്കുകയാണു്; ധ്രുവനാരകംപോലെയുള്ള ഫലവൃക്ഷങ്ങൾ മതിച്ചു കായ്ക്കുകയാണു്. ഇലകളെക്കാളധികം പൂക്കളും കനികളും എവിടെയും കാണാം. അവിടങ്ങളിലെ പൂക്കളുടെയും ഫലങ്ങളുടെയും സമൃദ്ധി കേരളീയർക്കു ഊഹിച്ചറിയുവാൻപോലും സാദ്ധ്യമല്ല. മധുരവും മനോഹരവുമായ ഈ കാഴ്ചയൊന്നുമതിയെന്നു തോന്നും ഞങ്ങളുടെ യാത്രാക്ലേശവും പണച്ചെലവും പാടേ പരിഹരിക്കുവാൻ.

ഒരു ബോർഡിംഗ് സ്കൂൾ നടത്തിയിരുന്ന സ്ഥലമാണു ഞങ്ങൾക്കു റോമയിൽ താമസത്തിനു ഏർപ്പാടുചെയ്തിരുന്നതു്. ആവിലായിലെ ത്രേസ്യാകന്യകമാരുടെ നിർദ്ദേശമനുസരിച്ചു് അതൊരു താല്ക്കാലിക ഹോട്ടലായി സജ്ജീകരിച്ചിരിക്കയായിരുന്നു. ഏഴു നിലകളുള്ള ഒരു ബ്രഹ്മാണ്ഡമണിമേടയുടെ നാലാംനിലയിലെ ഏതാനും ഭാഗമാണു് അതിനായി വിനിയോഗിച്ചിരുന്നതു്. ശീമരാജ്യത്തുനിന്നുള്ള വിദ്യാർത്ഥിനികളുടെ ഒരു തീർത്ഥകസംഘത്തിനും വേറെ പല യൂറോപ്യൻ സ്ത്രീപുരുഷന്മാരായ തീർത്ഥകർക്കും അവിടെത്തന്നെയായിരുന്നു താമസസൗകര്യം. മുകൾത്തട്ടുകളിലേക്കു കയറിയിറങ്ങുവാൻ ലിഫ്ററ് ഘടിപ്പിച്ചിട്ടുണ്ടു്. താഴത്തെ തട്ടിലാരംഗം അമലോത്ഭവസഹോദരികളുടെ ഒരു കന്യകാമഠമാണു്. ആ മഠം കപ്പേളയിലാണു വൈദികന്മാരായ ഞങ്ങൾ ദിവ്യബലി അർപ്പിച്ചിരുന്നതു്. കറുത്തവരായിരുന്നു ഞങ്ങളെങ്കിലും വെള്ളക്കാരികളായ പ്രസ്തുത കന്യകകൾ ഞങ്ങൾക്കു സകല സൗകര്യങ്ങളും സസന്തോഷം ചെയ്തുതന്നു. അവരുടെ കൂട്ടത്തിന്റെ കുർബാന ഞങ്ങളിലൊരാൾ നിത്യവും ചൊല്ലണമെന്നായിരുന്നു അവരുടെ താല്പര്യം. മാത്രമല്ല, കുർബാനയ്ക്കൊരുങ്ങി സങ്കീർത്തിയിലെത്തുമ്പോഴും, കുർബാനകഴിഞ്ഞു മടങ്ങുമ്പോഴും ഞങ്ങളുടെ കരം ചുംബിക്കുന്നതിൽ മഠാധിപയ്ക്കു വലിയ നിർബന്ധമായിരുന്നു. കൈമുത്തുവാൻ ആരെയും അനുവദിക്ക പതിവില്ലാത്ത ഈയുള്ളവൻകൂടി ഭക്തയായ ആ കന്യകാമണിയുടെ പുരോഹിതബഹുമാനത്തിനു തലകുനിക്കേണ്ടതായി വന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. കർമ്മലസല്ലക്ഷണായ ത്രേസ്യാപുണ്യവതി വൈദികന്മാരുടെ കാലടിപ്പാടുകൾ ഭക്ത്യാദരപുരസ്സരം ചുംബിച്ചിരുന്നു. വൈദികഭക്തി അത്രടാളമെ എത്തിയില്ലെങ്കിലും, തദ്ദേശാനുകരണമാവും പ്രതിബിംബിക്കുന്ന പ്രസ്തുത കന്യാസ്ത്രീയമ്മയുടെ ആദരപ്രകടനം ഞങ്ങളെ അത്ഭുതാധീനരും, അഭിമാനസമ്പൂർണ്ണരുമാക്കിത്തീർത്തു. പുണ്യശ്ലോകയായ ആ സന്ന്യാസിനിയുടെ പുരോഹിതഭക്തിയെ നിത്യപുരോഹിതനായ ക്രിസ്തുനാഥൻ സമൃദ്ധം സമ്മാനിക്കട്ടെ എന്നു സർവ്വാത്മനാ ഞങ്ങൾ പ്രാർത്ഥിക്കയും ചെയ്തു.

(പി. കാക്കശ്ശേരി)

——

# സമാധാനമാർഗ്ഗം

(3-ാം പേജ് തുടർച്ച)

സഭ മുഴുവനിലും തനിക്കു പരമാധികാരം സിദ്ധിച്ചിട്ടുണ്ടെന്നു് അവകാശപ്പെടുന്നില്ല. റോമ്മാപാത്രിയർക്കീസിന്റെ ഈ അവകാശവാദം പുരാതനകാലംമുതൽ സാർവ്വത്രികസഭയിൽ സ്വീകരിക്കപ്പെട്ടുപോന്നു. ഇതു സംബന്ധിച്ചുള്ള രേഖകൾ യാക്കോബായക്കാരും മററു അകത്തോലിക്കരും ഇപ്പോഴും ഉപയോഗിച്ചുവരുന്ന ഔദ്യോഗിക ഗ്രന്ഥങ്ങളിൽപ്പോലും സുവ്യക്തമായി കാണാവുന്നതാണു്. യാക്കോബായസഭ ഔദ്യോഗികമായി അംഗീകരിച്ചിട്ടുള്ള ബർ എബ്രായയുടെ "ഹൂദായാകാനോൻ" എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിന്റെ ഏഴാം അദ്ധ്യായം ("കപ്പാലയൂൻ) ഒന്നാം വിഭാഗത്തിൽ (പോസൂക്കാ) പറയുന്നു:- "ലോകത്തിന്റെ നാലുഭാഗങ്ങളുടെ എണ്ണത്തിനൊത്തപോലെ നാലു പാത്രിയർക്കീസുമാരുണ്ടാകണം. അവരുടെ എല്ലാവരുടെയും വലിയ തലവൻ (റീശാറാബോ ഒ്കുലഹൻ) റോമ്മായിലെ (പാത്രിയർക്കീസാകുന്നു); അദ്ദേഹത്തിന്റെകൂടെ അലക്സാന്ത്രിയായിലെ (പാത്രിയർക്കീസും); അദ്ദേഹത്തിന്റെ കൂടെ കുസ്തന്തിനോപ്പോലീസിലെ (പാത്രിയർക്കീസും); അദ്ദേഹത്തിന്റെ കൂടെ .....അന്താക്യായിലെ (പാത്രിയർക്കീസും)." നിക്യാസൂനഹദോസിന്റെ കാനോൻ അഥവാ നിശ്ചയമായിട്ടാണു് യാക്കോബായക്കാർ ഈ കാനോനായെ പരിഗണിച്ചുവരുന്നതു്. ചില യാക്കോബായക്കാർ ഈ കാനോൻ ഭാഗത്തെ ദുർവ്യാഖ്യാനം ചെയ്തു റോമ്മാ പാത്രിയർക്കീസിനു മററു പാത്രിയർക്കീസുമാരുടെ ഇടയിൽ സമന്മാരിൽ മുമ്പൻ എന്ന സ്ഥാനമേയുള്ളു എന്നും, എല്ലാം പാത്രിയർക്കീസുമാരും "വലിയ തലവ"ന്മാരാണെന്നു് ഈ കാനോനിൽനിന്നു് അർത്ഥം ധ്വനിക്കുന്നുണ്ടെന്നും വാദിച്ചുവരുന്നു. എന്നാൽ ഇവയെല്ലാം ദുർവ്യാഖ്യാനങ്ങളും ബാലിശമായ വാദങ്ങളുമാണെന്നു് റോമ്മാ പാത്രിയർക്കീസിനു മററു പാത്രിയർക്കീസുമാരുടെ മേലുള്ള അധികാരത്തെപ്പററി പ്രസ്താവിക്കുന്നവയു, യാക്കോബായ, ഗ്രീക്കു്, ഈജിപ്തായ, അർമ്മനിയാ ആദിയായ പൗരസ്ത്യസഭകളെല്ലാം ഒന്നുപോലെ സ്വീകരിക്കുന്നവയും, "അറബി കാനോനാകൾ" എന്നപേരിൽ അറിയപ്പെടുന്നവയുമായ 84 കാനോനാകളിൽ ഉൾപ്പെട്ട പല കാനോനാകളും സ്പഷ്ടമായി ചൂണ്ടിക്കാണിക്കുന്നു. ഉദാഹരണമായി അറബി കാനോനാകളിൽ 8-ാം കാനോനാ ഇപ്രകാരം പറയുന്നു:- "ഒരു പാത്രിയർക്കീസിനു് തന്റെ അധികാരത്തിനു് കീഴുള്ളവരുടെമേൽ ന്യായപ്രകാരം ഇഷ്ടമുള്ളവയെല്ലാം പ്രവർത്തിക്കുവാൻ അധികാരമുള്ളതുപോലെ എല്ലാം പാത്രിയർക്കീസുമാരുടെമേലും റോമ്മായിലെ പാത്രിയർക്കീസിനു് അധികാരമുണ്ടു്. ഭാഗ്യവാനായ പത്രോസിനു് പൊതുവിൽ എന്നപോലെതന്നെ—." ഒരു പാത്രിയർക്കീസിനു് തന്റെ കീഴിലുള്ള മെത്രാന്മാരെ വേണ്ടിവന്നാൽ ശിക്ഷിക്കുന്നതിനും സ്ഥാനഭ്രംശം ചെയ്യുന്നതിനും അധികാരമുണ്ടെന്നു് യാക്കോബായക്കാരും സമ്മതിക്കുന്നു. ഇതുപോലെ സഭ മുഴുവനിലും പരമാധികാരം പ്രാപിച്ച വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമി എന്ന നിലയിൽ റോമ്മാ പാത്രിയർക്കീസിനു് കുററം ചെയ്യുന്ന മററു പാത്രിയർക്കീസുമാരെ നിയമാനുസരണം ശിക്ഷിക്കുന്നതിനും സ്ഥാനഭ്രംശം ചെയ്യുന്നതിനും അധികാരമുണ്ടെന്നു് ഈ കാനോനായിൽനിന്നും തെളിയുന്നുണ്ടല്ലോ. ശിക്ഷിക്കുന്നവനു് ശിക്ഷിക്കപ്പെടുന്നവനെക്കാൾ അധികാരമുണ്ടെന്നു് ആരും സമ്മതിക്കും. ആകയാൽ റോമ്മാപാത്രിയർക്കീസിനു മററു പാത്രിയർക്കീസുമാരുടെ ഇടയിൽ സമന്മാരിൽ മുമ്പൻ എന്ന സ്ഥാനമേയുള്ളുവെന്നും, എല്ലാം പാത്രിയർക്കീസുമാരുടെയും അധികാരം ഒരുപോലെയാണെന്നും, എല്ലാവരും വലിയ തലവന്മാരാണെന്നും മററുമുള്ള യാക്കോബായവാദങ്ങൾ എത്ര നിരർത്ഥകങ്ങൾ! എത്ര ബാലിശങ്ങൾ!

37-ാം അറബികാനോനാ പറയുന്നു:—"നാലു സുവിശേഷകന്മാർ ഉള്ളതുപോലെ ലോകത്തിലാകെ നാലു പാത്രിയർക്കീസുമാർ മാത്രം ഉണ്ടായിരിക്കട്ടെ. അപ്പൊസ്തോലന്മാർ കല്പിച്ചിട്ടുള്ളതുപോലെ റോമ്മായിൽ വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിന്റെ നാഥൻ ഇവരുടെമേൽ അധിപതിയും തലവനുമായിരിക്കട്ടെ." റോമ്മാസിംഹാസനത്തിലെ പാത്രിയർക്കീസ് മററെല്ലാം പാത്രിയർക്കീസുമാരുടെയും അധിപതിയും തലവനുമായിരിക്കണമെന്നു് അപ്പൊസ്തോലന്മാർ കല്പിച്ചിട്ടുള്ളതായി ഈ കാനോനാ പറയുന്നതിനാൽ റോമ്മാസിംഹാസനത്തിന്റെ പരമാധികാരം ഇടക്കാലത്തു് ഉണ്ടായതല്ല, പ്രത്യുത പൂർവ്വികകാലം തുടങ്ങി, അപ്പൊസ്തോലികകാലം തുടങ്ങിയുള്ളതാണെന്നു തെളിയുന്നു. ക്രിസ്തു വി. പത്രോസിനു സഭ മുഴുവനിലും പരമാധികാരം നൽകിയതുകൊണ്ടും, റോമ്മാസിംഹാസനത്തിലെ പാത്രിയർക്കീസിനുമാത്രം വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയെന്ന നിലയിൽ ഈ പരമാധികാരം ലഭിച്ചിട്ടുള്ളതായി ചരിത്രരേഖകൾ ചൂണ്ടിക്കാണിക്കുന്നതുകൊണ്ടും എല്ലാം മെത്രാന്മാരും വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയുടെ— റോമ്മാസിംഹാസനത്തിൽ വാഴുന്ന സമാദ്ധ്യക്ഷന്റെ— അധികാരത്തിനു വിധേയരായി അദ്ദേഹത്തിന്റെ ഐക്യത്തിൽനിന്നുകൊണ്ടു തങ്ങളെ ഭരമേല്പിച്ചിട്ടുള്ള രൂപതകളുടെ ഭരണം നിർവ്വഹിക്കണമെന്നുള്ളതു് സഭാസ്ഥാപകനായ ക്രിസ്തുതന്നെ ഉദ്ദേശിച്ചിട്ടുള്ള ഭരണക്രമവും വ്യവസ്ഥയുമാണെന്നു് സ്പഷ്ടമത്രെ. റോമ്മായിലെ പാത്രിയർക്കീസിന്റെ ഈ അധികാരത്തെ നിഷേധിച്ചു് കത്തോലിക്കാസഭയിൽനിന്നും വേർപ്പെട്ടുനില്ക്കുന്ന യാക്കോബായസഭ കത്തോലിക്കാസഭയോടു യോജിക്കാത്ത കാലത്തോളം ക്രിസ്തുവിന്റെ ഈ ഉദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും അഭീഷ്ടങ്ങൾക്കും വിപരീതമായി പ്രവർത്തിക്കയത്രെ ചെയ്യുന്നതു്. യാക്കോബായസഭയിൽ ചിന്താശീലന്മാരായി ആരെങ്കിലുമുണ്ടെങ്കിൽ അവരുടെ മനസ്സാക്ഷിയെ ഭേദിക്കയും അസ്വസ്ഥമാക്കുകയും ചെയ്യുന്ന ഒരു സംഗതിയല്ലേ ഇതു? വി. പത്രോസിന്റെ യഥാർത്ഥ പിൻഗാമിയുടെ—റീശ്ശാപാത്രിയർക്കീസിന്റെ—അധികാരത്തിനു വിധേയരായും അദ്ദേഹത്തോടു യോജിച്ചും എല്ലാമെത്രാന്മാരും അവരവരുടെ രൂപതകളിൽ ഭരണം നടത്തണമെന്നുള്ളതാണു് സഭാഘടനാപ്രകാരമുള്ള വ്യവസ്ഥയെങ്കിൽ— യാക്കോബായസഭ ഔദ്യോഗികമായി അംഗീകരിക്കുന്ന ഹൂദായകാനോനന്റെയും അറബികാനോനാകളുടെയും നിർദ്ദേശമെങ്കിൽ — മലങ്കരസിംഹാസനം സ്വാതന്ത്ര്യമാണെന്നും, ആ സിംഹാസനം വിദേശീയമായ യാതൊരു അധികാരത്തിനും വിധേയമായിരിക്കേണ്ട ആവശ്യമില്ലെന്നും ഇക്കാലത്തു അഭിപ്രായപ്പെടുന്ന ഓർത്തഡോക്സ് സഭാനേതാക്കന്മാർ ക്രിസ്തു സ്ഥാപിച്ച സഭയുടെ ഭരണഘടനയെ തകിടംമറിച്ചു താറുമാറാക്കുകയല്ലേ ചെയ്യുന്നതു? പുരാതനകാലംതുടങ്ങി തങ്ങൾ സ്വീകരിക്കുന്ന കാനോനാകളുടെ പരിപാവനമായ വ്യവസ്ഥകളെ അവഗണിക്കയല്ലേ ചെയ്യുന്നതു്?

ഇങ്ങനെ ഇഷ്ടംപോലെ എന്തും ചെയ്യുന്നതിലാണോ യഥാർത്ഥസ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നതു്? ദൈവനിശ്ചയങ്ങൾക്കും സഭയുടെ കാനോനാകൾക്കും ലംഘനം വരുത്തുന്നതിനുള്ള സ്വാതന്ത്ര്യം സാക്ഷാൽ സ്വാതന്ത്ര്യമല്ല. അതു സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗമാണു്, മഹാപാപമാണു്. ദൈവസ്ഥാപിതവും ന്യായവുമായ അധികാരത്തിനു വിധേയമാകാതെ സ്വതന്ത്രകക്ഷിയായി നില്ക്കുവാൻ അഭിലഷിക്കുന്ന ഓർത്തഡോക്സ് കക്ഷിക്കാർ ഇങ്ങനെയുള്ള മഹാപാപത്തിലും അത്യാപത്തിലുമാണു് കുടുങ്ങിയിരിക്കുന്നതെന്നുള്ള വാസ്തവം മനസ്സിലാക്കിയിരുന്നെങ്കിൽ!

—— (തുടരും)

# വിനോദവീഥി

ജോൺസാറ് മേശമേൽ തലവച്ചു നിദ്രയിൽ ലയിച്ചിട്ടു കുറേനേരമായി. അപ്പോൾ ഹെഡ്മാസ്റ്റർ ക്ലാസുപരിശോധനയ്ക്കായിവന്നു. തത്സമയം അദ്ധ്യാപകന്റെ പേരിൽ അനുകമ്പതോന്നിയ കുട്ടികൾ അദ്ദേഹത്തെ ഉണർത്തുന്നതിനായി സാർ, സാർ എന്നു വിളിച്ചു. സ്വരം കേട്ടുണർന്ന അദ്ധ്യാപകൻ ഉറക്കപ്പിച്ചോടെ, ബഹളം നിർത്തുന്നതിനായി "ക്ലാസിൽപോയി ഇരിക്കു" എന്നു പറഞ്ഞു സമീപം നിന്നിരുന്ന "കുട്ടി"ക്കു് ഒരടികൊടുത്തു. പക്ഷെ പാവം, ഹെഡ്മാസ്റ്റർക്കായിരുന്നു അടികൊണ്ടതു്.

* * *

കുറെ സ്ത്രീകൾ അവരുടെ ഭർത്താക്കന്മാരുടെ ഗുണഗണങ്ങൾ വർണ്ണിക്കയായിരുന്നു.

ഒരുത്തി: "എന്റെ ഭർത്താവു് എഴുതുന്നതു രജിസ്ത്രാഫീസിലെ ചില എഴുത്തുകാരെപ്പോലെയാണു്. അദ്ദേഹത്തിന്റെ രായസം വായിക്കാൻ വേറെ ആർക്കും സാധിക്കയില്ല."

വേറൊരുത്തി: "അത്രയല്ലേയുള്ളു. എന്റെ ഭർത്താവിന്റെ എഴുത്തു വായിക്കാൻ അദ്ദേഹത്തിനുകൂടി സാധിക്കയില്ലല്ലോ."

* * *

കള്ളൻ വക്കീലിനോടു്: "എന്റെ സാമർത്ഥ്യംകൊണ്ടാണു് എന്റെ കേസ് തള്ളിപ്പോയതു്. വീട്ടിൽവന്നു കണ്ടുകൊള്ളാം."

വക്കീൽ: "വരുന്നതു് പാതിരാത്രിയിലാകരുതെന്നു് ഒരപേക്ഷയുണ്ടു്."

* * *

വക്കീൽ: "നിങ്ങളൊന്നും പഠിച്ചിട്ടില്ലെന്നാണല്ലോ പറഞ്ഞതു്. പക്ഷേ നിങ്ങളുടെ മറുപടികൾ കേട്ടിട്ടു് നിങ്ങൾ നല്ല വിദ്യാഭ്യാസം ഉള്ള ആളാണെന്നു തോന്നുന്നല്ലോ."

"സാക്ഷി: "ഇത്തരം കുശപിശ ചോദ്യങ്ങൾക്കു മറുപടി പറയാൻ സ്കൂളിലും മററുംപോയി പഠിക്കണോ എമാനേ?"




## ലജ്ജിക്കേണ്ടതല്ലേ?

**"അവരിൽ ഒരു നീയമജ്ഞൻ അവിടുത്തെ പരീക്ഷിച്ചുകൊണ്ട് ചോദിച്ചു: ഗുരോ, പ്രമാണങ്ങളിൽ ഏററവും വലുത് ഏതാണ്? ഈശോ അവനോടു പറഞ്ഞു: നിന്റെ കർത്താവായ ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടുംകൂടെ സ്നേഹിക്കുക—ഇതാണ് എല്ലാ പ്രമാണങ്ങളിലും വലുതും ഒന്നാമത്തേതും. അതിനു സമമായ രണ്ടാമത്തേത് ഇതാണ്: നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക. ഈ രണ്ടുകല്പനകളിൽ സകല നീയമവും പ്രവാചകന്മാരും ആശ്രയിച്ചിരിക്കുന്നു. ഫ്രീശന്മാർ ഈശോയുടെ ചുറ്റും കൂടിയിരുന്ന ആ സന്ദർഭത്തിൽത്തന്നെ അവിടുന്ന് അവരോടു ചോദിച്ചു: ക്രീസ്തുവിനെസംബന്ധിച്ച് നിങ്ങളുടെ അഭിപ്രായമെന്ത്? അവൻ ആരുടെ പുത്രനായിരിക്കണം? ദാവീദിന്റെ എന്ന് അപ്പോൾ അവർ പറഞ്ഞു. ഉടനെ അവിടുന്ന് ചോദിച്ചു: അങ്ങനെയെങ്കിൽ (പരിശുദ്ധ) ആത്മാവിനാൽ പ്രേരിതനായി ദാവീദ് അവനെ കർത്താവെന്നു വിളിക്കുന്നതെങ്ങനെ? എന്തുകൊണ്ടെന്നാൽ അവൻ പറയുന്നു: നിന്റെ ശത്രുക്കളെ നിന്റെ കാലുകൾക്കു കീഴ് പാദപീഠമാക്കുവോളം നീ എന്റെ വലത്തുഭാഗത്തിരിക്കുക എന്ന് കർത്താവ് എന്റെ കർത്താവിനോടു പറഞ്ഞു. ദാവീദ് ക്രീസ്തുവിനെ കർത്താവെന്നു വിളിക്കുന്നു. പിന്നെ എങ്ങനെയാണ് അവിടുന്ന് അവന്റെ പുത്രനായിരിക്കുക? അവിടുത്തോട് മറുപടി പറയുവാൻ ഒരു വാക്കും ആർക്കും കിട്ടിയില്ല. അന്നുമുതൽ ചോദ്യംകൊണ്ട് അവിടുത്തെ പരീക്ഷിക്കുവാൻ ആരും തുനിഞ്ഞില്ല."** (പന്തക്കുസ്താ 17-ാം ഞായർ; സുവിശേഷം: മത്താ. XXII 35—46)

കിരാതവർഗ്ഗക്കാരുടെ രാജാവായിരുന്ന ഹൂണറിക്ക് (Hunneric) ആര്യൻ പാഷണ്ഡമതം ആശ്ലേഷിക്കയും തൽഫലമായി ക്രീസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കയും ചെയ്തു. അയാൾ ക്രീസ്തുവർഷം 484-ൽ ആഫ്രിക്കൻ നഗരമായ "ടിപ്പാസ"യിൽവെച്ച്, ക്രീസ്തുവിന്റെ ദൈവത്വം ഏററുപറയുന്ന സകലരുടേയും നാവുകൾ കടയോടെ ഛേദിച്ചുകളയുന്നതാണെന്ന് ഒരു വിളംബരംമൂലം പ്രഖ്യാപിച്ചു. ഇപ്രകാരം ആയിരക്കണക്കിനു സത്യക്രീസ്ത്യാനികൾ ജിഹ്വാവിച്ഛേദമാകുന്ന ഈ ഭയങ്കരശിക്ഷയ്ക്കു പാത്രമായി. എന്നാൽ, അത്ഭുതമേ! നാവുകൾ സമൂലം വിച്ഛേദിക്കപ്പെട്ട എല്ലാവർക്കുംതന്നെ അതിനുശേഷവും, തങ്ങളുടെ ജീവിതാന്ത്യംവരേയും, സ്പഷ്ടമായും, അനർഗ്ഗളമായും സംസാരിക്കുന്നതിനുള്ള ശക്തി സംസിദ്ധമായി. അങ്ങനെ ക്രീസ്തുവിന്റെ ദൈവത്വത്തിനുള്ള സജീവസാക്ഷികളായി അവർ പലവർഷങ്ങൾ വിവിധരാജ്യങ്ങളിലായി അധിവസിച്ചുകൊണ്ട് ആ മഹനീയതത്വത്തെ ലോകസമക്ഷം ഉച്ചൈസ്തരം ഉൽഘോഷിച്ചു. അതെ, യഥാർത്ഥമായ ക്രീസ്തുമതം കെട്ടിപ്പടുക്കപ്പെട്ടിരിക്കുന്നത് ക്രീസ്തുവിന്റെ ദൈവത്വമാകുന്ന ബലിഷ്ഠഭിത്തിയിന്മേലാണ്. ഈ തത്വം നിഷേധിച്ചാൽ നമ്മുടെ വിശ്വാസസൗധം തകർന്നുവീഴുന്നു; മനുഷ്യകുലത്തിന്റെ പരിത്രാണം അത്ഥശൂന്യമായിത്തീരുന്നു; ക്രീസ്തു ഒരു പരമവഞ്ചകനുമായിത്തീരും.

ഇന്നത്തെ സുവിശേഷത്തിൽ, ക്രീസ്തു ദാവീദിന്റെ പുത്രനായിരിക്കുമെന്നു ഫ്രീശന്മാർ പറഞ്ഞപ്പോൾ ഈശോ വളരെ വിഷമകരമായ ഒരു പ്രശ്നമാണ് അവരുടെ മുമ്പിൽ ഉന്നയിക്കുന്നത്. അതിന്റെ രത്നച്ചുരുക്കം ഏതാണ്ടിപ്രകാരമാണ്: ദാവീദ് പരിശുദ്ധാരൂപിയാൽ പ്രേരിതനായി ക്രീസ്തുവിനെ തന്റെ കർത്താവ്—അതായത്, തന്റെ ദൈവം—എന്ന് അഭിസംബോധനം ചെയ്യുന്നതായി നിങ്ങൾ സങ്കീർത്തനങ്ങളിൽ വായിക്കുന്നുണ്ടല്ലോ. എന്നാൽ ക്രീസ്തു ദൈവമാണെങ്കിൽ, എങ്ങനെ അവിടുന്ന് ദാവീദിന്റെ പുത്രനാകുവാൻ സാദ്ധ്യമാകും? ഈ ചോദ്യത്തിന്റെ മുമ്പിൽ ഫ്രീശന്മാരെല്ലാം മൂകരായി ഭവിച്ചു. എന്നാൽ കത്തോലിക്കരായ നമ്മെ ഈ ചോദ്യം ഒട്ടുംതന്നെ അന്ധാളിപ്പിക്കുന്നില്ല. ക്രീസ്തുനാഥൻ ഒരേസമയംതന്നെ ദൈവവുമാണ്, ദാവീദിന്റെ പുത്രനുമാണ്, എന്നുള്ള പ്രസ്താവം പ്രത്യക്ഷത്തിൽ ഒരു വിരോധോക്തിയായി തോന്നാമെങ്കിലും ആ ദൈവത്വത്തെ അനുഭാവിപ്പിക്കുവാൻ സത്യവിശ്വാസം നമ്മെ സഹായിക്കുന്നു. കാരണം, ക്രീസ്തു ദൈവവുമാണ്, മനുഷ്യനുമാണ് എന്നു നാം ദൃഢമായി വിശ്വസിക്കുന്നു; ദൈവമെന്നുള്ള നിലയിൽ അങ്ങുന്ന് ത്രീത്വത്തിന്റെ രണ്ടാമാളായ പുത്രൻതമ്പുരാനാണ്; മനുഷ്യൻ എന്നുള്ള നിലയിൽ അങ്ങുന്ന് ദാവീദിന്റെ സന്താനപരമ്പരയിൽ പെട്ടവനുമാണ്. ഒരേസമയത്തു അദ്ദേഹം ദൈവവും മനുഷ്യനും ആകുന്നെങ്കിലും അദ്ദേഹത്തിൽ ആളുകൾ രണ്ടില്ല; ക്രീസ്തുവായ ഒരാൾമാത്രമേയുള്ളു. ദൈവത്വം മാംസമായ്ക്കീത്തിർത്തുകൊണ്ടല്ല, പിന്നെയോ മനുഷ്യത്വത്തെ ദൈവത്വത്തിലേക്കു സ്വീകരിച്ചുകൊണ്ടാണ് അദ്ദേഹം ഏകനായിരിക്കുന്നത്.

ക്രീസ്തുമതത്തിന്റെ ആരംഭംമുതൽക്കുതന്നെ ക്രീസ്തുവിന്റെ ദൈവത്വം നിഷേധിച്ചിരുന്ന ചില വിരോധികൾ രംഗപ്രവേശം ചെയ്തുണ്ടായി. സെറിന്തിയൻസ്, ആര്യൻസ്, എന്നീ പാഷണ്ഡികൾ ക്രീസ്തുവിന്റെ ദൈവത്വത്തെ പാടേ നിഷേധിച്ചു. ഒരോസേത്ത, നെസ്തോറിയൻസ്, എവുത്തിക്കിയൻസ് എന്നിവർ ക്രീസ്തുവിന്റെ ദൈവത്വത്തേയും മനുഷ്യത്വത്തേയും സംബന്ധിച്ച് അബദ്ധജടിലങ്ങളായ സിദ്ധാന്തങ്ങൾ പ്രചരിപ്പിച്ചു. എന്നാൽ, അങ്ങേ ദൈവത്വത്തെ നിഷേധിക്കുവാനുള്ള ഒരു പ്രധാന സംരംഭത്തിനു അടിസ്ഥാനമിട്ടതു പ്രോട്ടസ്റ്റന്റ് മതവിപ്ലവമാണ്. ക്രീസ്തു ദൈവമാണെന്നും വേദപുസ്തകം ദൈവനിവേശിതമാണെന്നുമുള്ള വിശ്വാസം ഇവരുടെ ശൈഥില്യകൃതമായി. ഹേതുവാദികളായി ചിലർ രംഗപ്രവേശംചെയ്ത് ക്രീസ്തുവിന്റെ ദൈവത്വം കേവലം മായയാണെന്നും, ചരിത്രത്തിലെ ക്രീസ്തുവും വിശ്വാസത്തിലെ ക്രീസ്തുവും വിഭിന്നരാണെന്നും മററു ഉൽഘോഷിക്കയും ചെയ്തു. ഒന്നുരണ്ടു നൂററാണ്ടുകൾ കൂടി കഴിഞ്ഞപ്പോൾ കാര്യങ്ങൾ കുറെക്കൂടെ വഷളായി. നമ്മുടെ കർത്താവ് കേവലം ഒരു മനുഷ്യനായി പരിഗണിക്കപ്പെട്ടു; അവിടുത്തെ പരിത്രാണകർമ്മം നിഷേധിക്കപ്പെട്ടു; അവിടുന്ന് ബുദ്ധൻ, കൺഫ്യൂഷ്യസ്, കൃഷ്ണൻ, മുഹമ്മദ്, പ്ലേറേറാ തുടങ്ങിയവരെപ്പോലെ വെറുമൊരു ധാർമ്മികപരിഷ്കർത്താവായി പരിഗണിക്കപ്പെട്ടു. അവർ ക്രീസ്തുവിന്റെ ആദർശങ്ങളെ നവീകരിക്കുകയും അവയ്ക്കു കാലത്തിനൊത്ത രൂപം കൊടുക്കുകയും ചെയ്തു. കത്തോലിക്കാസഭയൊഴിച്ചുള്ള സഭകളിൽ പലതും ക്രീസ്തുവിന്റെ ദൈവത്വത്തെ പരസ്യമായി പ്രഖ്യാപിക്കുന്നില്ല എന്നുള്ളത് ഒരു പരമാർത്ഥം മാത്രമാണ്. ഇന്നത്തെ പല പ്രോട്ടസ്റ്റന്റ് പത്രങ്ങളിലും സാമുദായികനിരതി പ്രസംഗിച്ചു ഒരു കേവല മനുഷ്യനായിട്ടാണ് ക്രീസ്തുനാഥൻ ചിത്രീകരിക്കപ്പെടുന്നത്. ഈ ഒരു ചിന്താഗതി കേരളത്തിലെന്നല്ല നമ്മുടെ കേരളക്കരയിലും പടന്നുപിടിച്ചിട്ടുണ്ട്. ഗാന്ധി തുടങ്ങിയ രാഷ്ട്രീയ നേതാക്കന്മാരും പാശ്ചാത്യവിദ്യാഭ്യാസം സിദ്ധിച്ച ചില അഭ്യസ്തവിദ്യരുമാണ് ഈ പ്രചരണത്തിന്റെ കർത്താക്കൾ. ഇവർ പഠിച്ചറിഞ്ഞതും കണ്ടറിഞ്ഞതുമായ ക്രീസ്തുമതം നിർഭാഗ്യവശാൽ പ്രോട്ടസ്റ്റന്റുമതവുമായിരുന്നു. "എല്ലാ മതവും ശരിയാണ്, നല്ലതുമാണ്, ദൈവത്തെ പ്രാപിക്കുന്നതിനുള്ള വിവിധമാർഗ്ഗങ്ങൾ മാത്രമാണ്", എന്നിങ്ങനെയുള്ള മതനിഷ്പക്ഷതയ്ക്കു ഗാന്ധിജി സുപ്രസിദ്ധനാണല്ലോ. ഗാന്ധിയും മററു പലരും നടത്തിയിരുന്ന പ്രാർത്ഥനായോഗങ്ങളിലും മററും ഈ തത്വമനുസരിച്ചുകൊണ്ട് ബൈബിളും കൊറാനും ഗീതയും മററും വായിക്കുക പതിവായിരുന്നുവല്ലോ. ഇന്നും നടന്നുവരുന്ന ചില "സർവ്വമതസമ്മേളനങ്ങ"ളിലും ഇതുതന്നെയാണ് അനുവർത്തിക്കുന്നത്. തൽഫലമായി കൃഷ്ണന്റെയും മുഹമ്മദിന്റെയും തോതിലുള്ള ഒരു സ്ഥാനമാണ് ക്രീസ്തുവിനും നൽകപ്പെട്ടിരിക്കുന്നത്. "ക്രീസ്തുവും കൃഷ്ണന്റെ ധർമ്മോപദേശങ്ങൾ" എന്നിങ്ങനെ നമ്മുടെ ആസ്ഥാനമഹാകവി പാടിയതും ഈ അഭിപ്രായഗതിയുടെ ഒരു പ്രതിധ്വനിമാത്രമാണ്.

എന്നാൽ ഈ ഒരു ചിന്താഗതി നമ്മുടെ കത്തോലിക്കരിൽ ചിലരേയും ബാധിച്ചിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഹിന്ദുക്കളുടേയും, "ഇസ്ലാംകാരുടേയും ഇടയിൽ ജീവിക്കുന്നതുകൊണ്ടും സ്വന്തം മതവിശ്വാസത്തിൽ വേണ്ട ദാർഢ്യമില്ലാത്തതുകൊണ്ടുമാണ് ഇങ്ങനെയുള്ള അബദ്ധങ്ങളിൽ ചെന്നു ചാടുന്നത്. ഗാന്ധി മരിച്ചപ്പോൾ, അദ്ദേഹത്തെ ക്രീസ്തുവിനു തുല്യനാക്കി പ്രദർശിപ്പിച്ച് പ്രസംഗവേദികളിൽ പ്രാമാണ്യം നേടിയ കത്തോലിക്കർ ഇല്ലേ? കോൺഗ്രസ് വൃത്തങ്ങളിലെ, മററു സംഘടനകളിലെ, ഇതരമതാനുയായികൾക്കിടയിലെ സ്വാധീനവും പ്രാമാണ്യവും ലഭിക്കുന്നതിനുവേണ്ടി ക്രീസ്തുവിന്റെ ദൈവത്വത്തെ അവഗണിച്ചുകൊണ്ടു അങ്ങയെ കൃഷ്ണനേയും മുഹമ്മദിനേയും ഗാന്ധിയേയും പോലെ വെറും ഒരു ധാർമ്മികപരിഷ്കർത്താവായി ചിത്രീകരിക്കുന്ന കത്തോലിക്കർ ലജ്ജിക്കേണ്ടതല്ലേ? ഇതരമതസ്ഥാപകർ തങ്ങൾ ദൈവമാണെന്നു ഒരിക്കലും അവകാശപ്പെട്ടിട്ടില്ല. എന്നാൽ ക്രീസ്തുവാകട്ടെ താൻ ദൈവമാണെന്നു പരസ്യമായി പ്രഖ്യാപിക്കയും ഈ പ്രഖ്യാപനത്തെ സ്ഥിരീകരിക്കുന്നതിനായി നിരവധി അത്ഭുതങ്ങൾ സ്വശക്തികൊണ്ടുതന്നെ ചെയ്കയും ചെയ്തിട്ടുണ്ട്. അങ്ങുന്ന് അരുളിച്ചെയ്ത പ്രവചനങ്ങളും ഇതിനു തെളിവാണ്. താൻ സ്വയം ദൈവമാണെന്നു പ്രഖ്യാപിച്ചതുകൊണ്ടാണ് യൂദന്മാരുടെ അമർഷം ആളിക്കത്തുവാനും ആ വിദ്വേഷാഗ്നിയിൽനിന്നു ഉടലെടുത്ത കുരിശിൽ അങ്ങ് ബലിയർപ്പിക്കപ്പെടുവാനും ഇടയായത്. ഇതെല്ലാം വേദപുസ്തകത്തിൽ പ്രസ്പഷ്ടമാകയാൽ ഇവിടെ ഉദ്ധരിക്കേണ്ട ആവശ്യമില്ല. യുക്തിവാദികൾപോലും ക്രീസ്തുവിന്റെ ദൈവത്വം ഏററുപറയുവാൻ നിർബന്ധിതരാകുന്നുണ്ട്. "സോക്രട്ടീസിന്റെ ജീവിതവും മരണവും ഒരു സന്യാസിവര്യന്റേതാണെങ്കിൽ, ക്രീസ്തുവിന്റെ ജീവിതവും മരണവും ഒരു ദൈവത്തിന്റേതാകുന്നു." (റൂസ്സോ). "അവിടുത്തെ ദൈവത്വം സംസ്ഥാപിതവുമായി... അങ്ങ് ദൈവത്തിൽനിന്നു വ്യത്യസ്തനാണെന്നും ആരും കരുതുകയില്ല..." (റെനാൻ). നെപ്പോളിയൻ സെന്റ് ഹെലേന ദ്വീപിൽവെച്ച് ചെയ്ത സുപ്രസിദ്ധമായ പ്രസ്താവനയിലും ക്രീസ്തുവിന്റെ ദൈവത്വം സ്പഷ്ടമായി ഏററുപറയുന്നുണ്ട്.

ക്രീസ്തു ദൈവമാണെന്ന് നാം നമ്മുടെ ഓരോ വാക്കിലും പ്രവൃത്തിയിലും പ്രസ്പഷ്ടമാക്കണം. മനുഷ്യവർഗ്ഗമനത്തെ പ്രതി ഇക്കാര്യത്തിൽ യാതൊരു തെറ്റിദ്ധാരണ വിട്ടുവീഴ്ചകളോ അനുവദിക്കപ്പെട്ടിട്ടില്ല. പരിശുദ്ധ കുർബാനയിൽ ക്രീസ്തുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം നമുക്കുണ്ടല്ലോ. ക്രീസ്തു ദൈവമാണെന്നു വിശ്വസിക്കുന്ന നാം പരിശുദ്ധ കുർബാനയുടെ മുൻപിൽ എങ്ങനെ പെരുമാറുന്നു? ദൈവത്തിന്റെ യഥാർത്ഥസന്നിധിയിലാണ് നാം വർത്തിക്കുന്നതെന്നുള്ള സുദൃഢമായ വിശ്വാസത്തോടുകൂടെയാണോ നാം പെരുമാറുന്നത്? ദിവ്യകാരുണ്യം സ്വീകരിക്കുമ്പോഴും ദിവ്യബലിയിൽ സംബന്ധിക്കുമ്പോഴും ഈ വിശ്വാസം നമ്മെ ഉത്തേജിപ്പിക്കട്ടെ. ദൈവം ഉണ്ണിയായിപ്പിറന്നു, ദൈവം ആശാരിപ്പണിയെടുത്തു, ദൈവം ചന്തയിൽപോയി, ദൈവത്തിനു വിശന്നു, ദൈവം ഭക്ഷിച്ചു, ദൈവം വിയർത്തു, ദൈവം രക്തംചിന്തി, ദൈവം ക്ലേശങ്ങൾ അനുഭവിച്ചു എന്നെല്ലാം പറയുന്നതു വാസ്തവങ്ങളായിത്തീരുന്നു; കാരണം, ക്രീസ്തു ദൈവമാണല്ലോ. ഇങ്ങനെ നോക്കുമ്പോൾ നാം ഭക്ഷിക്കയോ പാനംചെയ്കയോ മറേറതെങ്കിലും കൃത്യങ്ങൾ അനുഷ്ഠിക്കയോ ക്ലേശങ്ങൾ അനുഭവിക്കുകയോ ചെയ്യുമ്പോഴെല്ലാം—പാപമൊഴിച്ച് മറെറല്ലാ മനുഷ്യീകകൃത്യവും ചെയ്യുമ്പോഴെല്ലാം—ഈ കൃത്യങ്ങൾ ദൈവം ഒരിക്കൽ അനുഷ്ഠിച്ചിട്ടുണ്ടെന്നുള്ള വിശ്വാസം നമ്മെ സമാശ്വസിപ്പിക്കയും, നമ്മെ ഉത്തേജിപ്പിക്കയും, നമ്മുടെ കൃത്യങ്ങളെ പവിത്രീകരിക്കുകയും ചെയ്യും. ക്രീസ്തു ദൈവമാണെന്നുള്ള വിശ്വാസം നമ്മുടെ മതസിദ്ധാന്തങ്ങൾക്ക് ഉറപ്പും അപ്രമാദിത്വവും നൽകുന്നു; നമ്മുടെ പരിത്രാണകർമ്മം അർഹമായ വിധത്തിൽതന്നെ നിർവ്വഹിക്കപ്പെട്ടിട്ടുണ്ടെന്നുള്ള സമാശ്വാസവും നമുക്കു ലഭിക്കുന്നു. (ജെ ചെമ്മണ്ണൂർ)

---

(2-ാം പേജ് തുടർച്ച)

കറിതത്തിൽ (Gregory Nareg) മറിയം ശരീരത്തോടുകൂടി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നു സ്പഷ്ടമായി പ്രസ്താവിച്ചിരിക്കുന്നു. 12-ാം ശതാബ്ദംമുതൽ ഓഗസ്റ്റ് 15-ാംനു കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണ് അവർ സ്വർഗ്ഗാരോപണത്തിരുനാൾ ആഘോഷിക്കുന്നത്. തിരുനാളിനുമുമ്പ് ഒരാഴ്ച ഉപവാസമുണ്ട്. തിരുനാളിന്റെ എട്ടാംദിവസവും പ്രത്യേകാഘോഷങ്ങൾനടത്തിവരുന്നു.

"ദൈവത്തിന്റെ മാതാവ് ദൈവത്തിന്റെ ശക്തിയാൽ ശരീരത്തോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു" എന്നത്രെ 1342-ൽ സിസ്സിൽ നടന്ന അർമ്മേനിയൻ സൂനഹദോസിന്റെസാക്ഷ്യം.

### 5. സുറിയാനിക്കാർ

വിവിധവകുപ്പുകാരായ സുറിയാനിക്കാരുടെ വിശ്വാസാചാരങ്ങൾ സംബന്ധിച്ച് ഓഗസ്റ്റ് 16-ാംനു-യിലെ സത്യദീപത്തിൽ പ്രതിപാദിച്ചിട്ടുള്ളതിനാൽ കൂടുതലായി യാതൊന്നും ഇവിടെ പ്രതിപാദിക്കേണ്ട ആവശ്യമില്ല. സുറിയാനിക്കാരിൽ (അല്ലാ പൗരസ്ത്യറീത്തുകാരായ അകത്തോലിക്കരിൽ) മാർത്തോമ്മാക്കാർ മാത്രമേ സ്വർഗ്ഗാരോപണത്തെ അവഗണിക്കുന്നുള്ളു.

അകത്തോലിക്കരിൽ താരതമ്യേന കൂടുതൽ പുരാതനത്വമുള്ള വിഭാഗക്കാരുടെ വിശ്വാസാചാരങ്ങളെപ്പററിയാണല്ലോ ഇതുവരെ പ്രസ്താവിച്ചത്. വിശ്വാസവിഷയകമായി അന്യോന്യം കലഹിച്ചിരുന്ന ഈ വിഭാഗങ്ങൾ മാതാവിന്റെ സ്വർഗ്ഗാരോപണത്തിൽ കത്തോലിക്കർ വിശ്വസിക്കുന്നതുപോലെതന്നെ വിശ്വസിച്ചുവരുന്നു. കത്തോലിക്കാസഭയിൽനിന്നു പിരിഞ്ഞുപോയപ്പോൾ ഇവ ഓരോന്നും സ്വർഗ്ഗാരോപണത്തിലുള്ള വിശ്വാസം നഷ്ടപ്പെടുത്താതെ കൈവശം വച്ചുകൊണ്ടിരുന്നു എന്ന് ഈ വസ്തുത വെളിപ്പെടുത്തുന്നുണ്ട്. കത്തോലിക്കാസഭ ഇടക്കാലത്തു സൃഷ്ടിച്ച ഒന്നായിരുന്നു സ്വർഗ്ഗാരോപണമെങ്കിൽ, പുരാതനങ്ങളെന്നും ശ്ലൈഹികങ്ങളെന്നും സ്വയം അഭിമാനിക്കുന്ന ഈ വിഭാഗങ്ങൾ പിരിവിന്റെ സമയത്തോ അതിനുശേഷമോ കത്തോലിക്കാസഭയെ ഇതുസംബന്ധിച്ച കഠിനമായി അധിക്ഷേപിക്കുമായിരുന്നു എന്നതിൽ യാതൊരു സംശയവുമില്ല.

വേദപുസ്തകമാണ് ഏക പ്രമാണം, വേദപുസ്തകത്തിൽ സ്പഷ്ടമായി കാണുന്നതേ സ്വീകരിക്കേണ്ടതുള്ളൂ, വേദപുസ്തകം ആർക്കും യഥേഷ്ടം വ്യാഖ്യാനിക്കാം, വിശ്വാസതത്വങ്ങൾ അത്ര കാര്യമായി കരുതേണ്ടതില്ല എന്നിങ്ങനെ ശഠിക്കയോ, ധരിച്ചുവച്ചിരിക്കുകയോ ചെയ്യുന്ന പ്രോട്ടസ്റ്റന്റുകാരും അവരെ അനുകരിക്കുന്ന അകത്തോലിക്കരും മാത്രമേ "സ്വർഗ്ഗാരോപണപ്രഖ്യാപന"ത്തിൽ അമർഷം പ്രകടിപ്പിക്കുകയുള്ളൂ. എന്നാൽ, വേദപുസ്തകമാണ് ഏക പ്രമാണം എന്നും മററുമുള്ള പ്രസ്തുതസിദ്ധാന്തങ്ങൾ അനിഷേദ്ധ്യമായി സ്ഥാപിക്കാതെ "സ്വർഗ്ഗാരോപണപ്രഖ്യാപന"ത്തെപ്പററി ചർച്ച ചെയ്യുവാനോ അമർഷം പ്രകടിപ്പിക്കുവാനോ അവർക്ക് അവകാശമില്ല.

# Sathya Deepam

Vol. 24 Ernakulam September 20 1950 No. 6


## കുർബാനവീഞ്ഞ്

കുർബാനവീഞ്ഞ് ഉണ്ടാക്കുക, വിതരണം ചെയ്യുക, ട്രാൻസ്പോർട്ടു ചെയ്യുക എന്നിവയെ ക്രമീകരിക്കുന്നതിനായി 1950 ലെ മദ്യനിരോധനനിയമം 22-ാം വകുപ്പനുസരിച്ച് താഴെപറയുന്ന ഏതാനും ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 1950-ലെ "തിരു-കൊച്ചി കുർബാനവീഞ്ഞ് ചട്ടങ്ങൾ" എന്നാണ് ഈ ഉത്തരവിന്റെ പേര്. ഇതു ഉടനടി പ്രയോഗത്തിൽ വരുന്നതാണ്. ഈ ചട്ടങ്ങളിൽ "ബിഷപ്പ്" എന്ന സംജ്ഞയിൽ കത്തോലിക്കാസഭയിലെയും, പൂജയ്ക്ക് വീഞ്ഞു ഉപയോഗിക്കുന്ന മററു സഭകളിലേയും മെത്രാന്മാരും, മെത്രാപ്പോലീത്താമാരും, കർമ്മലീത്താസഭയുടെ പ്രിയോർ ജനറൽ, കപ്പൂച്ചിൻ സഭയുടെ മേജർ സുപ്പീരിയർ റെക്ടർ അതുപോലെയുള്ള മററു വൈദികസമൂഹങ്ങളുടേയും മിഷനുകളുടേയും അംഗീകൃതമേലധ്യക്ഷന്മാർ എന്നിവരും ഉൾപ്പെടുന്നതാണ്. ദിവ്യബലിക്കു വീഞ്ഞു അനുപേക്ഷണീയമായിട്ടുള്ള കത്തോലിക്കാസഭയിലെയോ മററു സഭകളിലെയോ ഉപയോഗത്തിനു മുന്തിരിങ്ങാച്ചാറിൽനിന്നു ഉണ്ടാക്കുന്ന വീഞ്ഞിനാണ് "കുർബാനവീഞ്ഞ്" എന്നു വിവക്ഷിച്ചിരിക്കുന്നത്. മദ്യനിരോധനനിയമം 22-ാം വകുപ്പനുസരിച്ചുള്ള ലൈസൻസോടുകൂടി മാത്രമേ കുർബാനവീഞ്ഞു ഉണ്ടാക്കുവാൻ പാടുള്ളു. മദ്യനിരോധനമേഖലയിൽ കുർബാനവീഞ്ഞു ഉണ്ടാക്കുവാൻ വേണ്ടി ലൈസൻസ് ആവശ്യമുള്ള "ബിഷപ്പ്" പ്രൊഹിബിഷൻ കമ്മീഷണർക്ക് അപേക്ഷ അയക്കണം. വീഞ്ഞു നിർമ്മാണം നടത്തുന്ന സ്ഥലത്തിന്റെ അല്ലെങ്കിൽ കെട്ടിടത്തിന്റെ വിവരണവും പ്ലാനും കാണിക്കുന്ന മൂന്നു പ്രതികളും നിർമ്മാണത്തിനായുള്ള ഉപകരണങ്ങൾ, പാത്രങ്ങൾ ആദിയായവയുടെ വലിപ്പം, എണ്ണം എന്നിവയുടെ വിവരങ്ങളും (മൂന്നു പ്രതികൾ) ഒരു കൊല്ലം ഉണ്ടാക്കുന്ന മൊത്തം വീഞ്ഞിന്റെ അളവും അതു വിതരണം ചെയ്യാനുള്ള പള്ളികളുടേയും രൂപതകളുടേയും എണ്ണവും കാണിക്കുന്ന സ്റ്റേറ്റുമെന്റും അപേക്ഷയോടൊന്നിച്ചയച്ചിരിക്കണം.

ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ബിഷപ്പിന്റെ പേരിലായിരിക്കും പ്രൊഹിബിഷൻ കമ്മീഷണർ ലൈസൻസ് നല്കുക. അതു് ഒരു കൊല്ലത്തേക്കു സാധുവായിരിക്കും. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ കാലാവധി അവസാനിക്കുന്നതിനു ഒരുമാസംമുമ്പെങ്കിലും കമ്മീഷണർക്ക് അയച്ചിരിക്കണം. അപ്പോഴപ്പോൾ നിശ്ചയിക്കുന്ന ലൈസൻസ് ഫീസും അപേക്ഷയോടൊന്നിച്ച് അടച്ചിരിക്കണം. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയിൽ കോർട്ടുഫീസ് സ്റ്റാമ്പു് ഒട്ടിക്കണം. വീഞ്ഞുനിർമ്മാണശാലയുടെ പ്ലാനും വിവരണവും അടങ്ങിയ രേഖകളുടെ അസ്സൽപ്രതി പ്രൊഹിബിഷൻ കമ്മീഷണറും, ഡ്യൂപ്ലിക്കേററ് അസിസ്റ്റൻറു കമ്മീഷണറും സൂക്ഷിക്കുന്നതും മൂന്നാമത്തെ പ്രതിയും ലൈസൻസും അപേക്ഷകനു അയച്ചുകൊടുക്കുന്നതുമായിരിക്കും. വീഞ്ഞുനിർമ്മാണത്തിനുള്ള ആവശ്യം നേരിടുമ്പോൾ ആ വിവരം (S W I) ഫാറത്തിൽ സ്ഥലത്തെ അസിസ്റ്റൻറു കമ്മീഷണറെയും എക്സൈസ് ഇൻസ്പെക്ടരേയും അറിയിക്കണം. വീഞ്ഞു ഉണ്ടാക്കിക്കഴിയുമ്പോൾ, അളവു വിവരവും മററും കാണിക്കുന്ന ഒരു റിട്ടേൺ തയ്യാറാക്കി ഇൻസ്പെക്ടർക്കു് അയക്കേണ്ടതും, അദ്ദേഹം നിർദ്ദേശിക്കുന്ന ഡ്യൂട്ടിയും, വ്യാലനേജ് ഫീസും ട്രഷറിയിൽ അടയ്ക്കേണ്ടതുമാണ്. നിർമ്മാണത്തിനായി ഉപയോഗിച്ച മുന്തിരിങ്ങായുടെ കണക്കും വീഞ്ഞ് വിതരണം ചെയ്യപ്പെട്ട പള്ളികളുടെ പേരുവിവരവും അളവും നിർദ്ദിഷ്ടഫാറങ്ങളിൽ എഴുതിസൂക്ഷിക്കണം. വീഞ്ഞ് ഒരു സ്ഥലത്തുനിന്നും മറെറാരു സ്ഥലത്തേക്കു കൊണ്ടുപോകുന്നതു ഏതെങ്കിലും വൈദികന്റെ പേരിലായിരിക്കണം. അതിനു ബിഷപ്പിന്റെ ഒരു പെർമിററും (S W 6) ഉണ്ടായിരിക്കണം. പെർമിററിന്റെ ഒരു പ്രതി നിർമ്മാണശാലയിൽ സൂക്ഷിക്കണം. രണ്ടു പ്രതികൾ സാധനത്തോടൊന്നിച്ചു ഇടവകവൈദികന്റെ പേർക്കു അയക്കണം. സാധനം കൈപ്പററിയശേഷം അതിൽ ഒന്നു തിരിച്ച് ബിഷപ്പിന്റെ പേർക്ക് അയക്കുകയും വേണം. കുർബാനവീഞ്ഞ് ഒരു ഇമ്പീരിയൽ ഗ്യാലനു് 3 രൂപാ 12 ണ. എക്സൈസ് ഡ്യൂട്ടിയായും, 2 രൂപാ 13 ണ വ്യാലനേജ് ഫീസായും വസൂൽചെയ്യുന്നതാണ്. ഈ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കു ആറു മാസംവരെയുള്ള തടവോ 1000 രൂപാവരെയുള്ള പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയ ശിക്ഷയോ നല്കാവുന്നതാണ്.

വീഞ്ഞുനിർമ്മാണരീതികൾ വിവരിക്കുന്ന ഒരു നോട്ടു, വിവിധ ഫാറങ്ങളുടെ മാതൃകകളും ചട്ടങ്ങളുടെ അനുബന്ധമായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

——

വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം

XXXI

### ദണ്ഡവിമോചനം

പാപസങ്കീർത്തനത്തെക്കുറിച്ചുള്ള പ്രതിപാദനം പൂർണ്ണമാകണമെങ്കിൽ അതോടനുബന്ധമായി ദണ്ഡവിമോചനത്തെക്കുറിച്ചും കുറച്ചൊന്നു പറയേണ്ടതു് അത്യാവശ്യമാണ്. പാപസങ്കീർത്തനംവഴി കൈവരുന്ന പാപപ്പൊറുതി പരിപൂർണ്ണമാകുവാൻ പാപവിമോചനത്തിനു ശേഷവും അവശേഷിച്ചേക്കാവുന്ന താല്ക്കാലികശിക്ഷയും കൂടി പരിഹരിക്കപ്പെടണം. അതിനുള്ള വിശിഷ്ടോപാധികളിൽ അതിപ്രധാനമാണു ദണ്ഡവിമോചനം. സത്യസഭാവിരോധികളുടെ സങ്കേതങ്ങളിൽ മാത്രമല്ല, കത്തോലിക്കരുടെ ഇടയിൽപ്പോലും തത്സംബന്ധമായി ഭീമമായ അജ്ഞതയും അബദ്ധധാരണയും കുടികൊള്ളുന്നുണ്ട്.

പാപത്തിന്റെ കുററവും നിത്യശിക്ഷയും പൊറുക്കപ്പെട്ടതിനുശേഷം നിലനില്ക്കുന്ന കാലത്തിനടുത്ത ശിക്ഷയ്ക്കു സത്യസഭ നിശ്ചിതവ്യവസ്ഥകളനുസരിച്ച് അനുവദിക്കുന്ന ഇളവിനാണു ദണ്ഡവിമോചനം എന്നു പറയുന്നതു്. അതല്ലാതെ പാപവിമോചനം വിലയ്ക്കുവാങ്ങാവുന്ന ഒരു കച്ചവടഏർപ്പാടല്ല അതു്. അതുമല്ലെങ്കിൽ കുറച്ചു പണം വാങ്ങി പാപം ചെയ്തുകൊള്ളുവാൻ പാപ്പാ നല്കുന്ന "പെർമിററു"മല്ല. ഇങ്ങനെയെല്ലാം അപലോലപ്പെടുത്തിക്കൊണ്ടാണു പല അകത്തോലിക്കാ പ്രമാണികളും ആശാസ്യമായ ഈ സിദ്ധാന്തത്തെ ലോകസമക്ഷം അവതരിപ്പിച്ചിട്ടുള്ളതു്. ആകയാൽ ദണ്ഡവിമോചനത്തെ പരാമർശിച്ചുള്ള യഥാർത്ഥമായ കത്തോലിക്കാസിദ്ധാന്തത്തെയല്ല പ്രോട്ടസ്റ്റൻറുകാരും അവരുടെ കൂട്ടാളികളും സാമാന്യേന എതിർക്കുന്നതു്; പ്രത്യുത, സത്യസഭാവൈരികളുടെ ശത്രുതാകലുഷിതമായ മനോധർമ്മത്തിൽ ഉടലെടുത്ത വികൃതകോലങ്ങളോടാണ്. ദണ്ഡവിമോചനം പ്രാപിക്കുവാൻ ഒന്നാമതായിത്തന്നെ ചാവുദോഷങ്ങളെല്ലാം പൊറുക്കപ്പെട്ടിരിക്കണം. പാപത്തോടുള്ള പ്രതിപത്തിപോലും നിർമ്മൂലമായെങ്കിൽ മാത്രമേ ദണ്ഡവിമോചനപ്രാപ്തി പരിപൂർണ്ണമാകയുള്ളു. ഇക്കാരണത്താലാണ് ദണ്ഡവിമോചനസിദ്ധിക്കു പാപസങ്കീർത്തനംകൂടി ഒരു വ്യവസ്ഥയായി സഭ അനുശാസിക്കുന്നതു്.

താല്ക്കാലികശിക്ഷ — അകത്തോലിക്കാ സഹോദരങ്ങൾക്കു മനസ്സിലാക്കുവാൻ എളുപ്പമല്ലാത്ത ഒരു പ്രമേയമാണിതു്. കത്തോലിക്കാ സിദ്ധാന്തമനുസരിച്ച് ഓരോ ഗുരുതരമായ പാപത്തിനും രണ്ടുതരം ശിക്ഷകളുണ്ട്. നിത്യശിക്ഷ—പാതാളത്തിൽ അനുഭവിക്കാനുള്ളതാണതു്. മറെറാന്നു കാലത്തിനടുത്ത ശിക്ഷ—ഭൂമിയിൽവെച്ചോ, ശോധനസ്ഥലത്തുവെച്ചോ, അഥവാ രണ്ടിടത്തുംവെച്ചോ ഇതു സഹിച്ചുതീർക്കണം. നല്ലൊരു കുമ്പസാരം കഴിക്കുമ്പോൾ പാപത്തിന്റെ കുററവും, അതോടൊന്നിച്ച നിത്യകാലശിക്ഷയും പാടേ പരിഹരിക്കപ്പെടും. കാലത്തിനടുത്ത ശിക്ഷയാകട്ടെ പാപസങ്കീർത്തനംമൂലം അനുതാപിയുടെ മനോഭാവമനുസരിച്ച് ഒരുപക്ഷെ പരിപൂർണ്ണമായും റദ്ദാക്കപ്പെട്ടേക്കാം, അല്ലെങ്കിൽ പ്രസ്തുത പരിഹാരകടം തീർക്കുവാൻ രണ്ടുമാർഗ്ഗങ്ങളുണ്ട്. പ്രായശ്ചിത്തപരിപാടികളും, സുകൃതാനുഷ്ഠാനവും, ജീവിതക്ലേശാനുഭവവുമാണ് അവയിലൊന്നു; മറെറാന്ന് ചില പരോപകാരപ്രവൃത്തികൾക്കും, ഭക്തകർമ്മങ്ങൾക്കും തിരുസഭ അനുവദിക്കുന്ന ദണ്ഡവിമോചനപ്രാപ്തിയാണ്.

(പി. കെ.)

——

ആംഗ്ലിക്കൻ കന്യാസ്ത്രീകളുടെ

## മാനസാന്തരം

സൗത്തു് സോളമൻ ദ്വീപുകളിൽ ജോലിചെയ്തിരുന്ന ഒരു സമൂഹം ആംഗ്ലിക്കൻ കന്യാസ്ത്രീകൾ കത്തോലിക്കാസഭയിൽ പ്രവേശിക്കാൻ തീരുമാനിച്ചിരിക്കുന്നു. തത്സമയം ഇപ്പോൾ അവർ മതകാര്യങ്ങൾ പഠിച്ചുവരികയാണ്. അവരിൽ 5 പേർ യൂറോപ്യരും 8 പേർ ഏതദ്ദേശീയരുമാണത്രേ. കത്തോലിക്കാസഭയിൽ പ്രവേശിക്കാനുള്ള അവരുടെ തീരുമാനം അവിടത്തെ വികാരി അപ്പസ്തോലിക്കയായ ബിഷപ്പ് ആവ്ബെയിനെ അറിയിച്ചപ്പോൾ, ആംഗ്ലിക്കന്മാർ വേറെ ആളുകളെ നിയമിക്കുന്നതുവരെ, സ്കൂളിലെ അവരുടെ ജോലി തുടർന്നുകൊണ്ടുപോകാൻ ആവശ്യപ്പെട്ടു. പിന്നീട് ആംഗ്ലിക്കൻ അധികൃതർ സ്ഥലം വിടുന്നതിനു വിരോധമില്ലെന്നു പറഞ്ഞതിനുശേഷമാണ് കന്യാസ്ത്രീകൾ ജോലി ഉപേക്ഷിച്ചുപോയതു്.

"ഒരു ഭക്തസംഘ"മായ പ്രസ്തുത സന്യാസസഭ സ്ഥാപിച്ചതു മദർ മാർഗരററ് എന്ന ഒരു ആംഗ്ലിക്കൻ വനിതയാണ്. ആംഗ്ലിക്കൻ മെത്രാപ്പോലീത്തയായിരുന്ന ഡോക്ടർ ടെമ്പിളിന്റെ പത്നിയുടെ ചാർച്ചയിൽപ്പെട്ട ഒരാളാണ് അവർ. ഇപ്പോഴും മദർ മാർഗരററ് തന്നെയാണ് സന്യാസസഭയുടെ അദ്ധ്യക്ഷ. "വിശുദ്ധ കുരിശിന്റെ സഹോദരികൾ" എന്നത്രെ സഭയുടെ പേർ. സൗത്തു് സോളമൻ ദ്വീപിലുണ്ടായിരുന്ന ഏക സന്യാസിനീസമൂഹമായിരുന്നു അവർ എന്നതും പ്രസ്താവ്യമാണ്.


### തൃശ്ശിവപേരൂർ ലൂർദ്ദ്പള്ളിക്കുറി രഹസ്യം

(ബഹു. തിരു-കൊച്ചി ഗവമ്മേണ്ടിൽനിന്നും സിദ്ധിച്ച L. Dis. 5876/50-R. D. നമ്പ്ര് അനുവാദപ്രകാരം ടി പള്ളി പന്തിയായി തുടങ്ങുന്ന

## പുതിയ മാസക്കുറി

നറുക്ക് 1 ക്ക് 100 ക. 111 നറുക്ക് 11,100 ക. സല.

ആദ്യത്തെ നറുക്കെടുപ്പ് 1950 നവമ്പർ 15-ാംനു / 1126 തുലാം 29-ാംനു

N. B. കുറിയിൽ കുറഞ്ഞതു് 1/32 അംശം (3ക. 2ണ. യുടെ വീതം) വരെ ചേരാവുന്നതാണ്.

കുറിയെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും, അപേക്ഷാഫാറത്തിനും താഴെ കാണുന്ന വിലാസത്തിൽ ആവശ്യപ്പെടുക.

തൃശ്ശിവപേരൂർ, 1—9—1950

ട്രസ്റ്റി, ലൂർദ്ദ്പള്ളി കുറി ആപ്പീസ്



### യാക്കോബായ സഭയും റീത്തു പാത്രിയർക്കീസും

ഗ്രന്ഥകർത്താ: ഫാദർ തോമസ്സ് ഇഞ്ചയ്ക്കലോടി

യാക്കോബായ സഹോദരങ്ങളുടെ കത്തോലിക്കാ പുനരൈക്യത്തിനു് ഏററം പ്രയോജകീഭവിക്കുന്ന ഒരു പുതിയ പുസ്തകം.

വില 8 ണ. 5 കോപ്പിക്കു് 2 ക. മാത്രം. ഉടൻ അപേക്ഷിക്കുക.

മാനേജർ, സെൻറ് ജോസഫ്സ് പ്രസ്സ്, തിരുവല്ലാ or
റവ. ഫാദർ ഇഞ്ചയ്ക്കലോടി, പന്തളം, A. O. & P. O.


## സൗജന്യവിതരണ ഫണ്ട്

ത്യാഗപ്പെട്ടി

| | ക. | ണ. | പ. |
|---|---|---|---|
| Sodalists & Catechism students, Manjapra | 10 | 0 | 0 |
| കോട്ടക്കാവുപള്ളി | 15 | 0 | 0 |
| മേലൂർ വേദോപദേശ കുട്ടികൾ | 4 | 0 | 0 |
| കുര്യനാട്ടു പുത്തമ്പള്ളി സൊഡാലിററി | 3 | 0 | 0 |
| കടവെച്ചൂർ സൊഡാലിററി | 4 | 15 | 6 |
| കാരക്കുന്നം പള്ളി | 3 | 13 | 0 |
| സെൻറ് ജോസഫ്സ് എം. പി. സ്കൂൾ, പൈങ്ങോട്ടൂർ | 4 | 14 | 7 |
| അയ്മുറിപള്ളി മരിയസഖ്യാംഗങ്ങൾ, അദ്ധ്യാപകാദ്ധ്യാപകർ | 4 | 14 | 11 |
| Sodality boys and girls, Thoroor Church | 2 | 6 | 6 |
| ഞാറക്കൽ സൊഡാലിററി & സി. ഇ. സി. | 5 | 8 | 11 |
| മൂക്കന്നൂർ കുട്ടികൾ | 3 | 1 | 6 |
| S. H. Orphanage, primary school, Mookannoor | 8 | 13 | 5 |
| കോതമംഗലം പള്ളി | 5 | 13 | 9 |
| കൊരട്ടി പള്ളി | 15 | 0 | 0 |
| മുതലക്കോടം പള്ളി | 21 | 2 | 0 |
| കൊററമത്തി മഠം | 3 | 0 | 0 |
| തോട്ടക്കര സൊഡാലിററി | 2 | 8 | 0 |


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam